പുതിയ തെറ്റ്

തിക്കോടിയൻ

പുതിയ തെറ്റ്

തിക്കോടിയൻ

Puthiya thettu (പുതിയ തെറ്റ്)
(Malayalam: Play)
Thikkodiyan

Sayahna digital edition published in 2022.

Copyright © 2022, M. Pushpakumari

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Woman Walking in an Exotic Forest*, by Henri Rousseau1844–1910. The image has been taken from Wikimedia Foundation and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

1	പുതിയ തെറ്റ്	1
2	രംഗം 1	2
3	രംഗം 2	10
4	രംഗം 3	20
5	രംഗം 4	29
6	രംഗം 5	39

— 1 —

പുതിയ തെറ്റ്

രണ്ട് കുടുംബങ്ങളിലാണ് കഥ നടക്കുന്നത്.

- ഒന്നാമത്തെ കുടുംബത്തിന്റെ തലവൻ: ശങ്കരക്കുറുപ്പ്
- രഘു: മൂത്തമകൻ
- മധു: ഇളയമകൻ
- രണ്ടാമത്തെ കുടുംബത്തിന്റെ തലവൻ: നാരായണമേനോൻ
- കല്യാണിക്കുട്ടിയമ്മ: ഭാര്യ
- ശാന്ത: മൂത്തമകൾ
- മീനു: ഇളയമകൾ

— 2 —

രംഗം 1

യവനിക നീങ്ങുമ്പോൾ സാമാന്യം ഭേദപ്പെട്ടൊരു വീട്ടിലെ സ്വീകരണമുറിയാണ് പ്രത്യക്ഷപ്പെടുന്നത്. നല്ല വിരിയിട്ടൊരുക്കിയ ഒരു വട്ടമേശ നടുവിൽ; ചുറ്റും സോഫാസെറ്റുകൾ. മേശപ്പുറത്ത് ചില്ലുകളോടുകൂടി പൊട്ടിച്ചെടുത്ത ചുകന്ന പനിനീർപ്പൂക്കൾ കുത്തിനിർത്തിയ ഫ്ളവർവേസിൽ. അതിന് ചുറ്റും എതാനും കളിക്കോപ്പുകൾ.

മധു, സോഫയിൽ ചാരിയിരുന്ന് ഏതോ പുസ്തകം വായിക്കുകയാണ്. അസ്പഷ്ടമായ മൂളൽ മാത്രമേ കേൾക്കാനുള്ളൂ. വായന ഒരു പ്രത്യേക സ്ഥലത്തെത്തിയപ്പോൾ അല്പം ആവേശം കയറുന്നു. പുസ്തകം ഇടതുകൈയിൽ മാറ്റിപ്പിടിച്ച് വിദൂരതയിലേക്കു തുറിച്ചുനോക്കി അല്പസമയം നിശ്ചലനായിരിക്കുന്നു. പാതി പുസ്തകത്തിൽ നോക്കിയും പാതി നോക്കാതെയും ഒരു ശ്ലോകം ചൊല്ലിക്കൊണ്ട് എഴുന്നേല്ക്കുന്നു. ശ്ലോകത്തിന്റെ പൊരുൾ തികച്ചും മനസ്സിലാക്കിക്കൊണ്ട് മുഖത്ത് അനുരൂപമായ ഭാവങ്ങൾ സൃഷ്ടിക്കുകയും, കൈകൊണ്ട് പ്രസക്തമായ ചില അഭിനയങ്ങൾ കാണിക്കുകയും ചെയ്യുന്നു. ശ്ലോകം പിന്നേയും പിന്നേയും ആവർത്തിച്ചുകൊണ്ട് മുൻപോട്ടുവരുന്നു.

അറിയില്ലനുരാഗമേറെയാൾ
അറിവോർ തെറ്റിടു;മൊക്കെയൊക്കുകിൽ
നിറവേറുകയില്ല കാമിതം;
കുറയും; ഹാ സഖി! ഭാഗ്യശാലികൾ...

ഒടുവിലത്തെ പാദം ആവർത്തിച്ച് ചൊല്ലുമ്പോൾ മുഖത്ത് വിഷാദം പരക്കുന്നു... മുഖം താഴ്ത്തി മിണ്ടാതെ നടക്കുന്നു. തെല്ലിട കഴിഞ്ഞ് തന്നത്താൻ ആശ്വസിപ്പിച്ചുകൊണ്ട് പറയുന്നു...

മധു: ഭാഗ്യശാലികൾ കുറയുമെന്നല്ലേ പറയുന്നത്! ആ കുറഞ്ഞവരുടെ പട്ടികയിൽ ഇന്നല്ലെങ്കിൽ നാളെ എന്റെ പേരും ഉൾപ്പെടും... മീനു, നീ പരുറാതെ നിന്നാൽ

മതി... പണ്ട് പൃഥ്വിരാജ് ചെയ്തപോലെ; വേണ്ടിവന്നാൽ കുതിരപ്പുറത്ത് കേറ്റി നിന്നെ ഞാൻ കൊണ്ടുപോരും.

മധു സോഫയിൽനിന്നെഴുന്നേറ്റ് മുൻപോട്ട് നടക്കാൻ തുടങ്ങുമ്പോൾ പിറകിലുള്ള വാതിലിന്നടുത്ത് ശങ്കരക്കുറുപ്പ് വന്നുനില്ക്കുന്നു. മധുവിന്റെ ശ്ലോകവും അതു കഴിഞ്ഞുള്ള സംഭാഷണവും ശ്രദ്ധിച്ചുകൊണ്ട് മുൻപോട്ട് വരുന്നു. മധു ശങ്കരക്കുറുപ്പിനെ കാണുന്നില്ല. ശങ്കരക്കുറുപ്പ് വട്ടമേശയ്ക്കടുത്ത് വന്നുനിന്ന് മേശപ്പുറത്തുള്ള കളിക്കോപ്പുകളിൽനിന്ന് വൈന്റ് ചെയ്ത് ഓടിക്കുന്ന ഒരു മോട്ടോർ കാർ കൈയിലെടുക്കുന്നു. ആവുന്നതും ശബ്ദം ചുരുക്കി അത് വൈന്റ് ചെയ്യുന്നു.

മധു ചിന്താമഗ്നനായി അങ്ങട്ടുമിങ്ങട്ടും നടക്കുകയാണ്. എന്തോ പെട്ടെന്നൊരാശയം കിട്ടിയപോലെ തല നിവർത്തി അകലേക്ക് നോക്കി പിന്നേയും ശ്ലോകംചൊല്ലുന്നു:

മധു: അറിയില്ലനുരാഗമോറെയാൾ... (നിഷേധഭാവത്തിൽ തലയാട്ടിക്കൊണ്ട് നടക്കുന്നു.) അറിവോർ തെറ്റിടും. (കൈകളുയർത്തി അഭിനയിക്കുന്നു.) ഒക്കെയൊക്കുകിൽ നിറവേറുകയില്ല കാമിതം, (ശബ്ദം ഒതുക്കി ശോകരസം സ്ഫുരിപ്പിച്ചുകൊണ്ട് അവസാനം മുഴുമിക്കുന്നു.) കുറയും, ഹാ! സഖി! ഭാഗ്യശാലികൾ!

ശങ്കരക്കുറുപ്പ്: (വൈന്റ് പൂർത്തിയായ മോട്ടോർകാർ നിലത്തുവെച്ച് ഓടിക്കുന്നു.)

മധു: (കാറിന്റെ ശബ്ദം കേട്ട് ഞെട്ടി തിരിഞ്ഞുനോക്കുന്നു.)

ശങ്കരക്കുറുപ്പ്: (മധുവിനെ ശ്രദ്ധിക്കാതെ, ഓടുന്ന മോട്ടോർകാർ നോക്കി കുലുങ്ങിച്ചിരിക്കുന്നു. ഓട്ടം നിലച്ചപ്പോൾ ആ ചിരിയോടുകൂടിത്തന്നെ മധുവിനെ നോക്കുന്നു.)

മധു: (എന്താണ് പറയേണ്ടതെന്നറിയാതെ കുഴങ്ങുന്നു.)

ശങ്കരക്കുപ്പ്: (സാവകാശം സോഫയിൽ ചെന്നിരുന്ന് മകനെ വിളിക്കുന്നു.) മധൂ.

മധു: അച്ഛാ.

ശങ്കരക്കുറുപ്പ്: ആ മോട്ടോർകാർ ഇങ്ങെടുക്കൂ.

മധു: (മോട്ടോർകാർ എടുത്തുകൊണ്ടുവന്ന് അച്ഛന് കൊടുക്കാൻ ഭാവിക്കുന്നു.)

ശങ്കരക്കുറുപ്പ്: വേണ്ട;നീതന്നെ വെച്ചാൽ മതി. അതൊന്നു വൈന്റ് ചെയ്യൂ.

മധു: (വൈന്റ് ചെയ്യുന്നു.)

ശങ്കരക്കുറുപ്പ്: നല്ലപോലെ മുറുകിയോ?

മധു: മുറുകി.

ശങ്കരക്കുറുപ്പ്: ഇനി വയ്യാ?

മധു: വയ്യ! ഇനി മുറുക്കിയാൽ പൊട്ടും.

ശങ്കരക്കുറുപ്പ്: പൊട്ടിക്കരുത്. ഇനിയാ നിലത്തുവെച്ച് അതോടിക്കൂ.

മധു: (നിലത്തുവെക്കാൻ തുടങ്ങുന്നു.)

ശങ്കരക്കുറുപ്പ്: ഉം എണ്ണിക്കോളൂ. എത്ര എണ്ണുന്നതുവരെ അതോടുമോന്ന് നോക്കണം.

മധു: (നിലത്തുവെച്ച് മോട്ടോർകാർ ഓടുമ്പോൾ എണ്ണാൻ തുടങ്ങുന്നു.)

ശങ്കരക്കുറുപ്പ്: (അല്പമൊരു ചിരിയോടെ തന്നത്താൻ പറയുന്നു) തുടക്കം കണ്ടാൽ ഈ ഭൂമി മുഴുവൻ ഒരു നിമിഷംകൊണ്ട് ചുറ്റി വരുമെന്ന് തോന്നും. (ചിരിക്കുന്നു) അതാ, തളർന്ന് വേഗത കുറഞ്ഞു (പൊട്ടിച്ചിരിക്കുന്നു) നില്ക്കാറായി! കഴിഞ്ഞു! കഴിഞ്ഞു… (ചിരിക്കുന്നു) നിന്നുപോയില്ലേ മധു!

മധു: (ഒന്നും മനസ്സിലാവാതെ മൂളുന്നു) ഉം.

ശങ്കരക്കുറുപ്പ്: എത്ര എണ്ണുന്നവരെ ഓടി?

മധു: ഇരുപത്തിയഞ്ച്.

> ഇവിടെ രംഗത്തുപയോഗിക്കുന്ന വസ്തു എത്രനേരം ഓടുന്നുവോ അത്ര കണക്കാക്കിട്ടാണ് എണ്ണം പറയേണ്ടത്.

ശങ്കരക്കുറുപ്പ്: ഇരുപത്തഞ്ചെണ്ണംവരെ, ഇല്ലേ? അതിന്റെ തുടക്കം കണ്ടപ്പോൾ ഈ യുഗത്തിലത് നില്ക്കില്ലെന്ന് ഞാൻ വിചാരിച്ചു. (ചെന്ന് ആ കളിക്കോപ്പെടുത്തുകൊണ്ട് വന്ന് സോഫയിലിരിക്കുന്നു. അത് വീണ്ടും വൈന്റ് ചെയ്യാൻ ഭാവിക്കുന്നു.) (പതുക്കെ പോകാൻ തുടങ്ങുന്നു.)

ശങ്കരക്കുറുപ്പ്: (തിരിഞ്ഞുനോക്കി) നീയെങ്ങട്ടാ പോണത്?

മധു: അകത്തേക്ക്.

ശങ്കരക്കുറുപ്പ്: ഉം? എന്താ?

മധു: എനിക്ക് നല്ല സുഖമില്ലച്ഛാ. ഒരു സ്ഥലത്ത് മിണ്ടാതെ കിടക്കാൻ തോന്നുന്നു.

ശങ്കരക്കുറുപ്പ്: എന്താ സുഖക്കുറവ്?

മധു: തലവേദന!

ശങ്കരക്കുറുപ്പ്: ഓഹൊ സൂക്ഷിക്കണം.

മധു: ഇതത്ര സാരമുണ്ടെന്ന് തോന്നുന്നില്ല. ഇന്നലെ വൈകിട്ടാഹാരം കഴിച്ചതുകൊണ്ടാവും.

ശങ്കരക്കുറുപ്പ്: അതതെ, ദഹനം കുറഞ്ഞാൽ തലവേദനയുണ്ടാവും; ശരിയാണ്! ദഹനക്കുറവ് വയറ്റിൽത്തന്നെ വേണമെന്നില്ല; മനസ്സിലായാലും മതി.

മധു: (പരുങ്ങുന്നു.) എന്തച്ഛാ?

ശങ്കരക്കുറുപ്പ്: ദഹിക്കാതെ വല്ലതും മനസ്സിലുണ്ടെങ്കിൽ അതുകൊണ്ടും തലവേദന വരും… പിന്നെ, മധു!

മധു: എന്താണച്ഛാ.

ശങ്കരക്കുറുപ്പ്: നിനക്കിപ്പഴെത്ര വയസ്സായി?

മധു: ഇരുപത്തിരണ്ട്.

ശങ്കരക്കുറുപ്പ്: (തന്നത്താനെന്നപോലെ) ഇരുപത്തിരണ്ട്! ഇരുപത്തിരണ്ട്... (മുഖത്ത് കൃത്രിമമായ പരിഭ്രമം കാണിച്ചുകൊണ്ട്) അതെ; മധു! ഈ വയസ്സിലാണ് ഇരുത്തിരണ്ടാമത്തെ വയസ്സിലാണ് ഏട്ടനും സുഖക്കേട് തുടങ്ങിയത്.

മധു: (ഒന്നും മനസ്സിലാവാതെ) എന്തു സുഖക്കേടച്ഛാ?

ശങ്കരക്കുറുപ്പ്: തലവേദന! ഇരുപത്തിരണ്ടാമത്തെ വയസ്സിൽ അവനൊരു തലവേദന തുടങ്ങി. എപ്പഴ് നോക്കിയാലും മൗനം, ആരോടും മിണ്ടില്ല. ചിരിക്കില്ല. ആഹാരത്തിന് രുചിയില്ല; തലവേദനയായിരുന്നു അവന്. കലശലായ തലവേദന. എന്നിട്ടെന്താ ചെയ്തതെന്ന് നീ മനസ്സിലാക്കിട്ടുണ്ടോ?

മധു: ഇല്ലച്ഛാ.

ശങ്കരക്കുറുപ്പ്: രക്തം പരിശോധിപ്പിച്ചു.

മധു: എന്നിട്ട്?

ശങ്കരക്കുറുപ്പ്: ഒന്നുമില്ല തലയോട്ടിന്റെ എക്സറെ എടുപ്പിച്ചു ഇ. എൻ. ടി സ്പെഷലിസ്റ്റിനെക്കാട്ടി.

മധു: എന്നിട്ടോ അച്ഛാ.

ശങ്കരക്കുറുപ്പ്: എണ്ണ കാച്ചി തേച്ചു, മൂർധാവിൽ മരുന്നിട്ട് നസ്യംചെയ്തു; അങ്ങനെ പലതും ചെയ്തു... വല്ല സുഖവും കിട്ടിയോ? ഇല്ല. (എഴുന്നേറ്റ് അങ്ങട്ടുമിങ്ങട്ടും നടക്കുന്നു. അപ്പോഴും കൈയിൽ മോട്ടോർകാറുണ്ട്. അത് പതുക്കെ, വൈന്റു ചെയ്യുകയാണ്. വല്ലാത്ത ഒരസുഖം ഭാവിച്ചുകൊണ്ട്) ഹായ്! ഇരുപത്തിരണ്ടാമത്തെ വയസ്സിലെ തലവേദന! ഭയങ്കരം, ഭയങ്കരം! ഡോക്ടർമാർക്ക് മനസ്സിലാവില്ല. വൈദ്യൻമാർക്ക് മനസ്സിലാവില്ല. ചുരുക്കിപ്പറഞ്ഞാൽ എല്ലാ ശാസ്ത്രവും ആ തലവേദനയോടു തോറ്റു... (നിശ്ശബ്ദമായി തെല്ലിട നടക്കുന്നു. തിരിഞ്ഞു നില്ക്കുന്നു) മധു...

മധു: അച്ഛാ.

ശങ്കരക്കുറുപ്പ്: അത്ര ഭയങ്കരമാണ് ഇരുപത്തിരണ്ടാമത്തെ വയസ്സിലെ തലവേദന; മനസ്സിലായോ?

മധു: (മിണ്ടാതെ നില്ക്കുന്നു.)

ശങ്കരക്കുറുപ്പ്: നീയെന്താ മിണ്ടാത്തത്? ഒടുവിൽ ഡോക്ടർമാർ തീർത്തു പറഞ്ഞു, പാരമ്പര്യമായിതിക്കുമെന്ന്; അങ്ങനെവരാൻ ഒരു വഴീം ഉണ്ടായിരുന്നില്ല. അമ്മയ്ക്ക് ഇരുപത്തിരണ്ടാമത്തെ വയസ്സിൽ തലലേദനയുണ്ടായിരുന്നില്ല. എനിക്കും ഉണ്ടായിരുന്നില്ല: പിന്നെ എങ്ങനെ പാരമ്പര്യമാവും?

മധു: ഇതത്രയ്ക്കൊന്നും വലിയ തലേദനയല്ലച്ഛാ (പോകാൻ തുടങ്ങുന്നു.)

ശങ്കരക്കുറുപ്പ്: എവിടേയ്ക്കാ നീ പോണത്? ഇങ്ങട്ട് വരു. നിന്റെ ഏട്ടന്റെ തലവേദന ഞങ്ങളെ വളരെ ബുദ്ധിമുട്ടിച്ചു; ഒടുവിലല്ലേ മനസ്സിലാവുന്നത്, അനുരാഗമാ

ണെന്ന്... (മധുവിനെ സൂക്ഷിച്ചു നോക്കിനില്ക്കുന്നു.)

മധു: (തിരിച്ചുവന്ന് ഒന്നും മനസ്സിലാവാതെ നില്ക്കുന്നു. അനുരാഗമെന്ന വാക്കു കേട്ടപ്പോൾ മുഖത്തുണ്ടായ അമ്പരപ്പ് മറയ്ക്കാൻ തല കുനിക്കുന്നു.)

ശങ്കരക്കുറുപ്പ്: ഹൗ! ഇരുപത്തിരണ്ടാമത്തെ വയസ്സിലെ തലവേദന... നിനക്കും അതാരംഭിച്ചോ മധൂ? തുറന്നു പറഞ്ഞോളൂ. മടിക്കേണ്ട. കൈയിലുള്ള കാശത്രയും ഡോക്ടർമാർക്ക് കൊടുത്തിട്ടുവേണോ അവനവന്റെ മനസ്സിലെ ദഹനക്കേട് മനസ്സിലാക്കാൻ? വേണോ മധൂ? (മോട്ടോർകാർ തിരക്കിൽ വൈന്റുചെയ്ത് നിലത്തുവിടുന്നു.) നോക്കൂ, നോക്കൂ, നിന്റെ ഏട്ടന്റെ അനുരാഗം ഇതായിരുന്നു. ആദ്യത്തെ ആവേശത്തിന് ഒരോട്ടം. അതു തീർന്നു, നിന്നു... (ചിരിക്കുന്നു.) അല്ലെങ്കിൽ എന്തിന് അവനെ മാത്രം പറയുന്നു! എല്ലാ അനുരാഗത്തിന്റെ തുടക്കവും ഇതുപോലെയാണ് ബഹുശക്തിയിൽ... അവസാനമോ? (മധുവിനെ നോക്കി ചിരിക്കുന്നു.) എന്താ നീ മിണ്ടാത്തത്... ഏ? (ഈ ഘട്ടത്തിൽ മധുവിന്റെ ഏട്ടൻ രഘു എന്തോ അന്വേഷിച്ചുകൊണ്ടെന്നപോലെ ആ മുറിയിലേക്കു കടന്നുവരുന്നു. ഒരു കൈയിൽ ചെറിയൊരു സഞ്ചി, മറ്റേ കൈയിൽ കുട്ടികൾക്കുള്ള ചില കളിക്കോപ്പുകൾ എന്നിവയുമുണ്ട്. അശ്രദ്ധമായ വേഷം, അവശമായ നോട്ടം. വേദനയുടെ കരിനിഴൽ തട്ടിയ മുഖം. മുറിയിൽ കടന്നുവന്ന് മേശപ്പുറത്തും മേശയ്ക്കടിയിലും ബദ്ധപ്പെട്ട് തിരയുന്നു. ശങ്കരക്കുറുപ്പ് അല്പനേരം രഘുവിനെ നോക്കിനില്ക്കുന്നു. എന്നിട്ട് വീണ്ടും മോട്ടോർകാർ കൈയിലെടുത്തുപിടിച്ച് സോഫയിൽ ചെന്നിരിക്കുന്നു. മധു അച്ഛന്റെ ശ്രദ്ധയിൽപ്പെടാതെ സൂത്രത്തിൽ അകത്തേക്കു പോകുന്നു.)

ശങ്കരക്കുറുപ്പ്: നീയെന്താ രഘൂ അന്വേഷിക്കുന്നത്?

രഘു: ഒരു കളിമക്കാപ്പുണ്ടായിരുന്നു ഇവിടെ. (അവിടേയും ഇവിടേയും നോക്കുന്നു.) ഒരു ചെറിയ മോട്ടോർകാർ.

ശങ്കരക്കുറുപ്പ്: (കാണിച്ചുകൊണ്ട്) ഇതാണോ?

രഘു: (ബദ്ധപ്പെട്ട് അടുത്തുചെന്ന്) അതേ. (അച്ഛന്റെ കൈയിൽ നിന്ന് വാങ്ങുന്നു. കളിക്കോപ്പുകൾ എല്ലാം മേശപ്പുറത്ത് കൊണ്ടുചെന്നു വെക്കുന്നു. എന്നിട്ട് ഓരോന്നായി സഞ്ചിയിൽ അടക്കംചെയ്യാൻ തുടങ്ങുന്നു.)

ശങ്കരക്കുറുപ്പ്: ഇതുകൊണ്ടെന്താ നീ കാണിക്കാനുദ്ദേശിക്കുന്നത്?

രഘു: ഇതൊക്കെ ഒന്നായി ഈ സഞ്ചിയിൽ ഇട്ടുവെക്കട്ടെ.

ശങ്കരക്കുറുപ്പ്: അത് മനസ്സിലായി. എന്നിട്ടെന്ത് ചെയ്യാനാണ് ഭാവം?

രഘു: ഒന്നും ചെയ്യാൻ ഭാവമില്ല.

ശങ്കരക്കുറുപ്പ്: നിന്നോട് ഞാൻ അതൊക്കെ എടുത്ത് ആ കുട്ടിക്കെത്തിച്ച് കൊടുക്കാൻ പറഞ്ഞില്ലേ?

രഘു: ഞാൻ കൊടുക്കില്ല.

ശങ്കരക്കുറുപ്പ്: എന്ത്?

രഘു: ഞാൻ കൊടുക്കില്ലച്ഛാ.

ശങ്കരക്കുറുപ്പ്: ശരി! സന്തോഷം! നിനക്ക് ബുദ്ധിവെക്കാൻ തുടങ്ങി ഇല്ലേ?

രഘു: (മനസ്സിലാവാതെ മുഖത്ത് സൂക്ഷിച്ചുനോക്കുന്നു.)

ശങ്കരക്കുറുപ്പ്: ഈ കളിക്കോപ്പുകളൊക്കെ നിനക്കാണാവശ്യം അതെ. പ്രായപൂർത്തി വന്നതുകൊണ്ടോ മീശ മുളച്ചതുകൊണ്ടോ കുട്ടിപ്രായം വിടില്ല. നീയിന്നും മുപ്പത് വയസ്സായൊരു പിഞ്ചുകുട്ടിയാണ്. ആ ബൊമ്മയും മോട്ടോർകാറുമൊക്കെ നിനക്കാണ് ചേർന്നത്! ഉം! കൊണ്ടുപോയി കളിച്ചോളൂ.

രഘു: അച്ഛൻ കാര്യം മനസ്സിലാക്കാതെയാണ് സംസാരിക്കുന്നത്.

ശങ്കരക്കുറുപ്പ്: പ്രവർത്തിക്കുന്നതും അങ്ങനെയാണെന്ന് പറയൂ. പക്ഷേ, രഘു, നിങ്ങൾക്കൊക്കെ പിഴച്ചിരിക്കുന്നു. കാര്യം വേണ്ടപോലെ മനസ്സിലാക്കീട്ടാണ് ഞാനിതൊക്കെ ചെയ്തതും ചെയ്യുന്നതും. അതു നീ ധരിച്ചില്ലല്ലോ. ഞാൻ നിങ്ങളുടെയൊക്കെ അച്ഛനാണ്; ജയിൽ വാർഡനല്ല. അങ്ങനെ ആവാൻ എനിക്കറിഞ്ഞുകൂടാ. ഇനി ആയാൽത്തന്നെ ഇതല്ലാതെ മറ്റൊരു പ്രശ്നം ഈ വീട്ടിലുണ്ടാവും. എനിക്കു പറ്റിയ തെറ്റ് അവിടെയൊന്നുമല്ല. പിന്നെയെവിടെയാണ്? (രഘുവിന്റെ മുഖത്ത് സൂക്ഷിച്ചുനോക്കുന്നു.) നീയെന്താ മിണ്ടാത്തത്?

രഘു: എനിക്കൊന്നും അറിയാത്തതുകൊണ്ട്.

ശങ്കരക്കുറുപ്പ്: (വേദന കലർന്ന സ്വരത്തിൽ) ഒരച്ഛനായതാണ് എന്റെ തെറ്റ്. (ഒരല്പം സ്വരമുയർത്തി) മനസ്സിലായോ?

രഘു: (മിണ്ടുന്നില്ല)

ശങ്കരക്കുറുപ്പ്: നീ നിന്റെ ഭാര്യയെ ഉപേക്ഷിച്ചു; കുട്ടിയെ ഉപേക്ഷിച്ചു.

രഘു: ഇല്ല; അവനെ ഞാനുപേക്ഷിക്കില്ല, അവനെന്റെ മകനാണ്.

ശങ്കരക്കുറുപ്പ്: അനുഭവം വെച്ചു പറയൂ. നിന്റെ മകനാണെങ്കിൽ അവൻ നിന്റെ അരികത്തുണ്ടാവേണ്ടതല്ലേ?

രഘു: അതു ഞാൻ കാട്ടിത്തരാം.

ശങ്കരക്കുറുപ്പ്: (പിന്നെയും വേദനിക്കുന്ന സ്വരം) ഈ കളിക്കോപ്പൊക്കെ ആ കുട്ടിയുടേതാണ്. അതെല്ലാം അങ്ങട്ടയച്ചുകൊടുക്കു. അവൻ കളിക്കട്ടെ പാവം! നിങ്ങളുടെ ഈ വഴക്കിലൊന്നും അവനു പങ്കില്ലല്ലോ. (മിണ്ടാതെ അല്പനേരം രഘുവിനെ നോക്കിയിരിക്കുന്നു.) എന്താ, അയച്ചുകൊടുക്കില്ലേ

രഘു: ഇല്ലച്ഛാ.

ശങ്കരക്കുറുപ്പ്: (കലശലായ അസ്വാസ്ഥ്യം) നിനക്ക് ഹൃദയമെന്നൊന്നില്ലേ? ഈ കളിക്കോപ്പൊക്കെ ഇവിടെയിങ്ങനെ കാണുമ്പോൾ എന്തൊരസ്വാസ്ഥ്യമാണ്. പാവം! അവൻ പോയതോടെ ഈ വീട്ടിലെ വിളക്ക് കെട്ടു. എന്തിന് ആ സ്മരണകൊണ്ട് എന്നെ നീ വിഷമിപ്പിക്കുന്നു?

രഘു: (കളിക്കോപ്പുകളൊക്കെ സഞ്ചിയിൽ നിറച്ച് തൂക്കിപ്പിടിച്ച് അകത്തേക്ക് പോകാൻ തുടങ്ങുന്നു.) ആരെന്ത് പറഞ്ഞാലും ഞാനിതയച്ചുകൊടുക്കില്ല...

എന്നല്ല, ഞാനെന്താണ് ചെയ്യാൻ പോകുന്നതെന്ന് നിങ്ങൾക്ക് കാട്ടിത്തരാം. (അകത്തേക്കു ധൃതിയിൽ പോകുന്നു.)

ശങ്കരക്കുറുപ്പ്: (രഘു പോയ വഴിയിലേക്കു നോക്കി) ശരീരത്തിനൊപ്പം മനസ്സും വളരാഞ്ഞാലുള്ള കുഴപ്പം! ഇതൊക്കെ എന്തിനുള്ള കളിയാണെന്നാര് കണ്ടു? (അസ്വസ്ഥതയോടെ അങ്ങുമിങ്ങും നടക്കുന്നു.)

രഘു: (ഒരു കുടയും എടുത്ത് പുറത്തേക്ക് വരുന്നു. വേഷം പഴയതുതന്നെ)

ശങ്കരക്കുറുപ്പ്: നീയെങ്ങട്ടാ പുറപ്പെട്ടത്? നിനക്ക് ഭ്രാന്തുണ്ടോ രഘു?

രഘു: ഉണ്ടച്ഛാ, എനിക്കൊരുതരം ഭ്രാന്തുണ്ട്. അത് മാറ്റാനാണ് ഞാൻ പോകുന്നത്.

ശങ്കരക്കുറുപ്പ്: നീയെങ്ങട്ടാ പുറപ്പെട്ടതെന്ന്?

രഘു: എനിക്കെന്റെ കുട്ടിയെ വേണം.

ശങ്കരക്കുറുപ്പ്: (അമ്പരന്ന്) എന്ത്?

രഘു: കുട്ടിക്കു പകരം കളിക്കോപ്പും താലോലിച്ച് കഴിഞ്ഞുകൂടാൻ ഞാൻ ഒരുക്കമില്ല.

ശങ്കരക്കുറുപ്പ്: നിന്റെ ഉദ്ദേശമെന്തെന്ന് പറയൂ!

രഘു: ഞാൻ ചെന്ന് എന്റെ കുട്ടിയെ എടുത്തുകൊണ്ടുവരും.

ശങ്കരക്കുറുപ്പ്: (ബദ്ധപ്പെട്ട്) എന്ത്?

രഘു: എന്റെ കുട്ടിയെ കൊണ്ടുവരാൻ പുറപ്പെട്ടതെന്താണെന്ന്. (മുൻപോട്ട് നടക്കുന്നു.)

ശങ്കരക്കുറുപ്പ്: നില്ക്കവിടെ (അല്പം ശുണ്ഠി)

രഘു: (നില്ക്കുന്നു)

ശങ്കരക്കുറുപ്പ്: നിനക്ക് ഭ്രാന്താണ്; മുറുകിയ ഭ്രാന്ത്. ഈ കുഴപ്പങ്ങളൊന്നും മതിയായിട്ടില്ലേ നിനക്ക്?

രഘു: അച്ഛാ, അവരെന്നെ അപമാനിച്ചുകഴിഞ്ഞു.

ശങ്കരക്കുറുപ്പ്: നിനക്കതിൽ വേദനയുണ്ടോ? (ദുഃഖം പുരണ്ട ചിരി) ഉണ്ടോ രഘു?

രഘു: ഉണ്ടച്ഛാ.

ശങ്കരക്കുറുപ്പ്: ഉണ്ടെങ്കിൽ നീയിങ്ങനെയല്ല.

രഘു: അച്ഛാ, ഇതിങ്ങനെ വിട്ടാൽ പറ്റില്ല. ഇതിനൊരവസാനം കണ്ടെത്തണം. ആ നാരായണമേനോൻ എന്നെ കോടതി കേറ്റാൻ തീരുമാനിച്ചിരിക്കുന്നു.

ശങ്കരക്കുറുപ്പ്: എന്തിന്?

രഘു: വിവാഹബന്ധം വേർപെടുത്താൻ.

ശങ്കരക്കുറുപ്പ്: നിനക്കു വേണ്ടാത്ത വിവാഹം വേർപെടുത്തിയാലെന്ത്?

രഘു: അല്ലെങ്കിൽത്തന്നെ ജനാപവാദംകൊണ്ട് ഇരിക്കപ്പൊറുതിയില്ല.

ശങ്കരക്കുറുപ്പ്: അതിലൊക്കെ നിനക്കുണ്ടോ ഭയം? ഉണ്ടെങ്കിൽ കാര്യം ഇവിടെയൊന്നും എത്തിച്ചേരില്ലല്ലൊ. ആട്ടെ, നീയെന്താണിപ്പോൾ ചെയ്യാൻ ഭാവിച്ചത്?

രഘു: ഭാര്യയെ വേണ്ടെന്നല്ലാതെ കുട്ടിയെ വേണ്ടെന്ന് ഞാൻ പറഞ്ഞിട്ടില്ല.

ശങ്കരക്കുറുപ്പ്: ഭേഷ്! ബുദ്ധിമാൻ, ഹൃദയാലു...

രഘു: അതുകൊണ്ട് ഞാനവിടെച്ചെന്ന് എന്റെ കുട്ടിയെ എടുത്തുകൊണ്ടുവരും.

ശങ്കരക്കുറുപ്പ്: (ഉള്ളിൽത്തട്ടി) രഘു...

രഘു: ഇല്ല, എന്നെ ആരും ഇതിൽനിന്ന് തടയരുത്.

ശങ്കരക്കുറുപ്പ്: എടാ, നിന്റെ ബുദ്ധിശൂന്യതകൊണ്ട് രണ്ട് കുടുംബം ഒന്നിച്ച് നശിക്കാൻ പോവുകയാണ്. നിർദോഷിയായ ആ ഓമനയെ ഒരു പൂനുള്ളിയെടുക്കുംപോലെ നുള്ളിയെടുത്ത് നീ നശിപ്പിക്കരുത്.

രഘു: അച്ഛനെന്നെ വിലക്കരുതെന്ന് ഞാൻ പറഞ്ഞില്ലേ.

ശങ്കരക്കുറുപ്പ്: നിന്റെ പ്രവൃത്തി മുഴുവനിങ്ങനെയാണ്. അനുരാഗം വന്നു; എന്തൊരാവേശം! പിന്നെ ഇരിക്കപ്പൊറുതിയില്ല ഗുണദോഷം കേൾക്കാനിടയില്ല. ഈ അവിവേകം കാണിക്കാൻ തുടങ്ങുമ്പോഴും അതേ ആവേശമാണ് നിനക്കുള്ളത്. ഇതിന്റെ ഫലമെന്തായിരിക്കുമെന്ന് നീ മനസ്സിലാക്കീട്ടുണ്ടോ?

രഘു: എല്ലാം അറിഞ്ഞുകൊണ്ടാണച്ഛാ ഞാൻ പുറപ്പെടുന്നത്.

ശങ്കരക്കുറുപ്പ്: നീയാ കുട്ടിയെ നശിപ്പിക്കും. നിന്നെ നശിപ്പിക്കും. രണ്ട് കുടുംബത്തെയും നശിപ്പിക്കും.

രഘു: എന്നെ അപമാനിച്ചിട്ട് പിന്നെയും എന്റെ കുട്ടിയെ അവിടെ വെച്ചിരിക്കാൻ ഞാൻ സമ്മതിക്കില്ല.

ശങ്കരക്കുറുപ്പ്: എടാ, എതിർക്കാനും നിഷേധിക്കാനും കഴിയാത്ത ഒരച്ഛനായല്ലേ ഞാൻ. നീ സൂക്ഷിച്ചോളു, ഈ പ്രവൃത്തി നിന്നെ കണ്ണീര് കുടിപ്പിക്കും.

രഘു: ഞാനത് സന്തോഷത്തോടുകൂടി കുടിക്കുമച്ഛാ. എന്റെ കുട്ടിയെ ഞാനാണ് വളർത്തേണ്ടത്. അതിനുള്ള ബുദ്ധിമുട്ടൊക്കെ ഞാൻ സഹിക്കും. (ബദ്ധപ്പെട്ട് പുറത്തേക്കു പോവുന്നു.)

ശങ്കരക്കുറുപ്പ്: (പിടിച്ചുനിർത്താനെന്നപോലെ മുൻപോട്ട് നടന്നു വിളിക്കുന്നു.) രഘു! രഘു... (രഘു അകന്നുപോകുന്നതു നോക്കി ദേഷ്യവും വേദനയും കലർന്ന സ്വരത്തിൽ) എടാ, ഇതിലും നീ ആവേശം കാട്ടുന്നു. ഈ ആവേശം നിന്നെ എവിടെയെത്തിക്കുമെന്ന് നീ മനസ്സിലാക്കുന്നില്ല... (ഉഗ്രസ്വരത്തിൽ പിന്നെയും വിളിക്കുന്നു.) രഘു! രഘു! (രണ്ടടി മുൻപോട്ട് നീങ്ങുന്നു.)

— യവനിക —

— 3 —

രംഗം 2

രഘുവിന്റെ ഭാര്യവീട്.

ഒരു പടിഞ്ഞാറ്റിനിയുടെ ഉമ്മറവും അതിന്റെ വലത്തുഭാഗത്ത് പത്തായപ്പുരയുടെ ഏതാനും ഭാഗവും ഒരു വാതിലും കാണാം. രംഗത്ത് ഒന്നുരണ്ട് കസേര, ഒരു മേശ, ഒരു ബെഞ്ച് ഇത്രയുമുണ്ട്. മീനു-രഘുവിന്റെ ഭാര്യയുടെ ഇളയ സഹോദരി-ഒരു കസേരയിലിരുന്ന് തുവാലയിൽ പൂക്കൾ തുന്നിപ്പിടിപ്പിക്കുകയാണ്. രമണനിലെ ഏതാനും ഈരടികൾ പതുക്കെ മൂളുന്നുണ്ട്. അല്പനേരം കഴിഞ്ഞ് തുന്നിക്കൊണ്ടിരിക്കുന്ന തുവാല മാറിൽ നിവർത്തിവെച്ച് അതിന്റെ ചന്തം നോക്കുന്നു. മതിയാവാഞ്ഞിട്ട് അതിന്റെ പൂക്കളും ലതകളും കാണമാറ് കസേരയുടെ ചാരിൽവെച്ച് കുറെ പിറകോട്ട് മാറിനിന്ന് നോക്കുന്നു. ഒരു വിടർന്ന പനിനീർപ്പൂവിലിരുന്ന് ചിത്രശലഭം തേൻ കുടിക്കുന്ന ചിത്രമാണ് തുന്നിപ്പിടിപ്പിച്ചത്. 'M' എന്ന ഇംഗ്ലീഷ് അക്ഷരത്തിന്റെ മുകളിലത്തെ വിടവിലാണ് പനിനീർപ്പൂവിന്റെ ഞെട്ടി ചേർത്തുവെച്ചത്. മീനു തുവാലയുടെ ചന്തം നോക്കുമ്പോൾ മീനുവിന്റെ അമ്മ-കല്യാണിക്കുട്ടിയമ്മ-അകത്തുനിന്ന് കടന്നുവരുന്നു. അമ്മയുടെ കാൽപ്പെരുമാറ്റം കേട്ടപ്പോൾ മീനു ഓടിച്ചെന്ന് തുവാലയെടുത്ത് പിറകിൽ ഒളിപ്പിച്ചുപിടിച്ച് മാറി നില്ക്കുന്നു. അല്പമൊരു ഈർഷ്യയോടെ കല്യാണിക്കുട്ടിയമ്മ മകളെ നോക്കുന്നു. വിളിക്കുന്നു.

കല്യാണിക്കുട്ടിയമ്മ: മീനു!

മീനു: (ഒന്നും സംഭവിക്കാത്ത മട്ടിൽ) എന്താണമ്മേ?

കല്യാണിക്കുട്ടിയമ്മ: (കൈ നീട്ടി) നോക്കട്ടെ; എന്താണത്?

മീനു: എന്തമ്മേ?

കല്യാണിക്കുട്ടിയമ്മ: (ഭാവം മാറ്റി) അതിത്രവേഗം തുന്നിക്കഴിഞ്ഞോ? അതിലെ; പൂക്കളൊക്കെ ഒന്നു കാണട്ടെ.

മീനു: അമ്മ കണ്ടില്ലേ?

കല്യാണിക്കുട്ടിയമ്മ: നല്ലോണം ഒന്ന് കാണട്ടെ (ഒരു സ്ഥലത്ത് ഇരിക്കുന്നു.)

മീനു: അത്ര കണ്ടാൽ മതി.

കല്യാണിക്കുട്ടിയമ്മ: (അല്പം ശുണ്ഠിയോടെ) ഇങ്ങട്ടെടുക്കു.

മീനു: വേണ്ടമ്മേ.

കല്യാണിക്കുട്ടിയമ്മ: നിനക്കു തരുന്നതാണ് നല്ലത്.

മീനു: (അല്പം പിന്നിലോട്ട് മാറിനിന്ന്) എന്തിനാ വേണ്ടാത്ത കാര്യത്തിലമ്മ ശാഠ്യം പിടിക്കുന്നത്.

കല്യാണിക്കുട്ടിയമ്മ: നിനക്കതെന്റെ കൈയിൽ തരുന്നതാണ് നല്ലത്.

മീനു: ഞാൻ തരില്ല.

കല്യാണിക്കുട്ടിയമ്മ: ഒരുത്തി അകത്തിരുന്ന് കണ്ണീര് കുടിക്കുന്നത് നീ കാണുന്നുണ്ടോ?

മീനു: അമ്മയെന്തൊക്ക്യാ പറയുന്നത്?

കല്യാണിക്കുട്ടിയമ്മ: ഈ വയസ്സിന് അങ്ങനെയൊരു തരക്കേടുണ്ട് പെണ്ണെ. ചില ഭാഷയൊന്നും മനസ്സിലാവില്ല നിന്റെ ഏട്ടത്തിയില്ലെ. അകത്തിരുന്ന് നെടുവീർപ്പിടുന്ന നിന്റെ ഏട്ടത്തി അവൾക്കും ഇങ്ങന്യായിരുന്നു. ഒന്നും മനസ്സിലാവില്ല. മനസിലാവാതെ മനസ്സിലാവാതെ, ഒടുവിൽ ചെന്നുചാടി; ഒരു കുണ്ടിൽ (എഴുന്നേറ്റ്) നീയതിങ്ങട്ട് തരുന്നുണ്ടോ?

മീനു: (അകത്തെ വാതിലിന് നേർക്ക് നീങ്ങുന്നു)

കല്യാണിക്കുട്ടിയമ്മ: (ഒരുമിച്ചു പിന്നാലെ ചെല്ലുന്നു. പിടിക്കാൻ ഭാവിക്കുമ്പോൾ രണ്ടുപേർക്കും അഭിമുഖമായി ശാന്ത പുറത്തേക്ക് വരുന്നു. തീരെ അശ്രദ്ധമായ വേഷം. നിരാശയും വ്യസനവും നിഴലിക്കുന്ന മുഖം. എപ്പോഴും വിദൂരതയിൽ നോക്കിക്കൊണ്ടിരിക്കുന്ന കണ്ണുകൾ)

മീനു: (വഴിമാറിക്കൊടുക്കുന്നു.)

കല്യാണിക്കുട്ടിയമ്മ: (അമ്പരന്നു നോക്കുന്നു)

ശാന്ത: (രണ്ടുപേരേയും ശ്രദ്ധിക്കാതെ ഒന്നും മിണ്ടാതെ അകലത്തെവിടെയോ തുറിച്ചുനോക്കിക്കൊണ്ട് വരുന്നു. കുറച്ചു ദൂരം മുൻപിലേക്ക് നടക്കുന്നു.)

കല്യാണിക്കുട്ടിയമ്മ: (ശാന്തയെ നോക്കിക്കൊണ്ട്) നീയെങ്ങട്ടാ ശാന്തേ പോവുന്നത്?

ശാന്ത: ഏ? (ഉറക്കത്തിൽനിന്നുണർന്നപോലെ) ഒന്നുല്യാ

കല്യാണിക്കുട്ടിയമ്മ: (കുറച്ച് മുൻപോട്ടുവന്ന്) എങ്ങട്ടാ പോവുന്നതെന്നാ ചോദിച്ചത്.

ശാന്ത: എങ്ങട്ടുമില്ല.

കല്യാണിക്കുട്ടിയമ്മ: മോനെവിടെ?

ശാന്ത: ഉറങ്ങി. (പെട്ടന്നെന്തോ ഓർമിച്ചപോലെ) അവൻ കട്ടിലിന്റെ മുകളിൽനിന്ന് വീഴ്വോ?

കല്യാണിക്കുട്ടിയമ്മ: കട്ടിലിന്റെ മുകളിലാണോ? കിടത്തിയത്?

ശാന്ത: അതെ. അവിടെ കിടന്ന കളിച്ച് കളിച്ച് ഉറങ്ങി.

കല്യാണിക്കുട്ടിയമ്മ: മീന, നീ ചെന്ന് തലയണയെടുത്ത് കട്ടിലിന്റെ ഓരത്ത് വെക്കു.

മീന: ഞാനവിടെ കിടന്നാൽ പോരെ അമ്മേ?

കല്യാണിക്കുട്ടിയമ്മ: വേണ്ട, വേണ്ട, നീയവിടെച്ചെന്നുറങ്ങും. തലയണ എടുത്തുവെച്ച് അടുക്കളയിലേക്കു നടക്കു; അവിടെ കുറച്ച് ജോലിയുണ്ട്.

മീന: (പോകുന്നു)

ശാന്ത: (കുട്ടിയുടെ കുപ്പായം തോളിൽ കിടക്കുന്നത് എടുത്ത് തിരിച്ചും മറിച്ചും നോക്കുന്നു.) അമ്മേ, ഒരു കഷണം സോപ്പു തരു.

കല്യാണിക്കുട്ടിയമ്മ: എന്തിനാ?

ശാന്ത: ഞാനീ കുപ്പായമൊന്ന് നനച്ചിടട്ടെ.

കല്യാണിക്കുട്ടിയമ്മ: പണിക്കാരത്തീടെ കയ്യിൽ കൊടുക്കു.

ശാന്ത: വേണ്ടമ്മേ, ഞാൻതന്നെ നനച്ചിടാം. എന്നാൽ അവനുണരുമ്പോഴേക്കും ഇതുണങ്ങും.

കല്യാണിക്കുട്ടിയമ്മ: അവന് വേറെ കുപ്പായം ഇല്ലെ?

ശാന്ത: (ഒന്നും മിണ്ടാതെ തിരിഞ്ഞു നടക്കുന്നു)

കല്യാണിക്കുട്ടിയമ്മ: ശാന്തെ.

ശാന്ത: (മിണ്ടാതെ തിരിഞ്ഞുനോക്കുന്നു. കണ്ണിൽ വെള്ളം നിറഞ്ഞിട്ടുണ്ട്.)

കല്യാണിക്കുട്ടിയമ്മ: ആ കുപ്പായം ഇങ്ങട്ട് തരു. ഞാൻ നനച്ചിടാം.

ശാന്ത: വേണ്ടമ്മേ ഞാൻതന്നെ നനച്ചിട്ടോളാം.

മീന: (തിരിച്ചുവരുന്നു).

കല്യാണിക്കുട്ടിയമ്മ: നിനക്ക് വയ്യല്ലൊ മോളേ എത്ര ദിവസമായി നീ കുളിച്ചിട്ട്? ചെന്നു കുളിക്കു. അപ്പഴയ്ക്ക് ഞാനിത് നനച്ചിടാം.

ശാന്ത: (അലസമായി) എനിയ്ക്ക് വയ്യമ്മെ കുളിക്കാൻ; ഞാനിത് നനച്ചിടട്ടെ.

മീന: (തിരിച്ചുവന്ന്) വേണ്ട ഏട്ടത്തി, ഞാൻ നനച്ചിട്ടോളാം. ഇങ്ങട്ടു തരു.

ശാന്ത: വേണ്ടാ (ഒരു നെടുവീർപ്പോടെ അകത്തേക്കു പോകുന്നു.)

കല്യാണിക്കുട്ടിയമ്മ: കഷ്ടം അവളുടെ ഒരു വിധി!

മീന: ഇത് ഏടത്തീടെ വിധിയല്ലമ്മേ.

കല്യാണിക്കുട്ടിയമ്മ: പിന്നെ?

മീന: ആണുങ്ങളുടെ ചതിയാണ്. പെണ്ണുങ്ങൾ പാവങ്ങളാണമ്മേ, എത ക്ഷണത്തിലവർ വിശ്വസിക്കുന്നു.

കല്യാണിക്കുട്ടിയമ്മ: നിന്റെ അച്ഛനൊരു ആണല്ലേ? എന്നിട്ടെന്താ അച്ഛനെന്നെ ചതിച്ചോ അതൊന്നും പറയേണ്ട; അവളുടെ വിധി. ആ ചെറിയ കുട്ടിക്ക് ഒന്നിനുപകരം ഒരു കുപ്പായം കൂടിയില്ല.

മീനു: അമ്മയ്ക്ക് പറയായിരുന്നില്ലേ അച്ഛനോട്.

കല്യാണിക്കുട്ടിയമ്മ: അസ്സലായി. അതുകൂടിയെ ഇനി വേണ്ടൂ. അല്ലെങ്കിൽ തന്നെ അച്ഛന് അങ്ങേയറ്റം കലികേറിയിരിക്കുന്നു.

മീനു: അമ്മേ, ഇക്കാര്യത്തിൽ ഞാനച്ഛനെക്കൂടി കുറ്റപ്പെടുത്തും.

കല്യാണിക്കുട്ടിയമ്മ: നിങ്ങൾക്കൊക്കെ എത്ര എളുപ്പത്തിലത് കഴിയും.

മീനു: കാര്യം ഇത്രത്തോളം വഷളാക്കിയത് അച്ഛന്റെ വാശിയാണ്.

കല്യാണിക്കുട്ടിയമ്മ: നിന്റെ നാവ് നീയൊന്നടക്കിക്കളയൂ. അച്ഛന്റെ സ്വഭാവം നിനക്കറിയില്ലേ?

മീനു: അച്ഛനായാലും ആരായാലും ഈ പുരുഷന്മാരൊക്കെ ഒരു പോലെയാണ്. അവർക്ക് സ്ത്രീകളെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. കുറെ അടിമകളെ പോറ്റാനല്ലാതെ അവർക്കെന്തറിയാം.

കല്യാണിക്കുട്ടിയമ്മ: പോറ്റാനറിയാമെന്ന് നീ സമ്മതിക്കുന്നോ?

മീനു: അതു വല്യ കാര്യാണോ അമ്മേ? അറക്കാനുള്ള ആടുകളെ കശാപ്പുകാരൻ പോറ്റുന്നില്ലേ?

കല്യാണിക്കുട്ടിയമ്മ: നോക്ക് നിന്റെ നാവിന്ന് നീളം കൂടുന്നുണ്ട്.

മീനു: അമ്മേ, ഏട്ടത്തിക്ക് കുറച്ച് സ്വാത്രന്ത്യബോധമുണ്ട്. അത് ഏട്ടത്തിയുടെ ഭർത്താവിന് രുചിച്ചില്ല. തെറ്റിദ്ധാരണയായി, അലോഗ്യായി. അച്ഛന്റെ ശുണ്ഠി ആ തീയിൽ കുറെ നെയ്യും ഒഴിച്ചുകൊടുത്തു.

കല്യാണിക്കുട്ടിയമ്മ: നീയെന്ത് വേണന്നിച്ചാൽ പ്രസംഗിച്ചോ. അച്ഛനെപ്പറ്റി മിണ്ടാതിരുന്നാൽ മതി എന്തിക്കിവിടെ കഴിച്ചുകൂട്ടണം.

മീനു: അല്ലമ്മേ, അച്ഛൻ വഴിപോലെ പെരുമാറിയാൽ-

കല്യാണിക്കുട്ടിയമ്മ: മിണ്ടരുത്. നിന്റെ നാവടക്ക്. അല്ലെങ്കിൽത്തന്നെ വരാൻ സമയമായി. വല്ലതും കേട്ടുപോയെങ്കിൽ നിന്നെക്കൊല്ലും. (അകലത്ത് നോക്കി) ആരാ ആ വരുന്നത്? അച്ഛനല്ലേ?

മീനു: അതേ.

കല്യാണിക്കുട്ടിയമ്മ: അകത്തേക്ക് പോയ്ക്കോളൂ. ഇവിടെ നില്ക്കുന്നത് കണ്ടാൽ മതി ലഹളകൂടാൻ. പണിയൊന്നും ചെയ്യാൻ വയ്യെങ്കിൽ അടുക്കളയിൽ പോയിരുന്നോളൂ. ഉം!

മീനു: അച്ഛന്റെ ഈ സ്വഭാവമാണ്...

കല്യാണിക്കുട്ടിയമ്മ: മിണ്ടരുത്. നീ അകത്തേക്ക് പോകുന്നുണ്ടോ, വേഗത്തിൽ.

മീനു: ...(പോകുന്നു.)

കല്യാണിക്കുട്ടിയമ്മ: ...(എഴുന്നേറ്റ് പുറത്ത് നോക്കിക്കൊണ്ട് നില്ക്കുന്നു. നാരായണമേനോൻ പുറത്തുനിന്ന് വരുന്നു. ഒരു ചെറിയയാത്ര കഴിഞ്ഞ ഭാവമുണ്ട്. ഒരിക്കലും ചിരിക്കാത്ത ഗൗരവവും ശുണ്ഠിയും സദാ കളിയാടുന്ന മുഖം, ക്രൂരമായ നോട്ടം, കഷണ്ടികേറിയ തല. കല്യാണിയമ്മയെ ഒരു ശത്രുവിനെയെന്നപോലെ നോക്കിക്കൊണ്ടാണ് വരുന്നത്.)

കല്യാണിക്കുട്ടിയമ്മ: ...(ലൗകികം ഭാവിച്ച്) ഇത്ര വേഗത്തിൽ മടങ്ങിയോ?

നാരായണമേനോൻ: ... (തിരിഞ്ഞുനിന്ന്) എന്താ പാടില്ലേ? ഞാനിവിടെ ഇല്ലാതിരിക്കുന്നതാ നിങ്ങൾക്കൊക്കെ സന്തോഷം; ഇല്ലേ? (മുൻപോട്ട് നടക്കുന്നു.)

കല്യാണിക്കുട്ടിയമ്മ: (പിന്നാലെ നടന്ന്) അതുകൊണ്ട് ചോദിച്ചതല്ല.

നാരായണമേനോൻ: പിന്നെ എന്തുകൊണ്ട് ചോദിച്ചതാ? നിങ്ങൾക്കൊക്കെ അത് തോന്നും. ഞാനിവിടെ ഇല്ലാതാവണം; അപ്പളറിയാം (ഒരു സ്ഥലത്ത് ചെന്നിരിക്കുന്നു).

കല്യാണിക്കുട്ടിയമ്മ: ഇതൊന്നും ഇവിട്യാരും പറഞ്ഞിട്ടില്ലല്ലോ.

നാരായണമേനോൻ: എന്തിന് പറയണം? വിചാരിച്ചാൽ പോരെ? നിങ്ങളുടെയൊക്കെ വിചാരം എനിക്കസ്സലായിട്ടറിയാം.

കല്യാണിക്കുട്ടിയമ്മ: ഞാൻ വിചാരിച്ചിട്ടല്ല; പറഞ്ഞിട്ടല്ല (അല്പം അടുത്തേക്ക് ചെന്നുനിന്ന്) എന്താ ഈ സഞ്ചിയിൽ?

നാരായണമേനോൻ: (രൂക്ഷമായി നോക്കി) സഞ്ചിയിൽ നിധി! ഞാൻ നിധിയെടുക്കാൻ പോയതായിരുന്നു. അവിടെ നിന്ന് പ്രസംഗിക്കാതെ കുറച്ചുവെള്ളം കൊണ്ടുവന്ന് തരു, കുടിക്കാൻ. ദാഹിച്ച് തൊണ്ട പൊട്ടുന്നു!

കല്യാണിക്കുട്ടിയമ്മ: എന്നാൽ അത് പറയരുതേ! പറയാതെ എങ്ങനെ അറിയും.

നാരായണമേനോൻ: പറഞ്ഞുകഴിഞ്ഞില്ലേ, ഇനിയെങ്കിലും എഴുന്നള്ളിക്കുടെ?

കല്യാണിക്കുട്ടിയമ്മ: (പിറുപിറുത്തുകൊണ്ട് പോകുന്നു.) ഒരിക്കലെങ്കിലും ഒരു നല്ലവാക്ക് പറയില്ല. വല്ലാത്തൊരു സ്വഭാവം. (പോകുന്നു.)

നാരായണമേനോൻ: (ചാടിയെണീറ്റ് വാതിലിന്നടുത്തുചെന്ന് അകത്തേക്കു നോക്കി) പ്രിയതമേ, പ്രാണനാഥേ, ശകുന്തളേ സാവിത്രീ പോരേ? നല്ലവാക്ക് പോരെ? (മടങ്ങിവരുന്നു) നല്ല വാക്ക് പറയണമത്രേ നല്ല വാക്ക്! നല്ല വാക്ക് പറഞ്ഞ് താലോലിക്കേണ്ടൊരു വർഗം. ഫൂ! അശ്രീകരങ്ങൾ (ഇരിക്കുന്ന സഞ്ചിയിൽ കൈയിട്ട് ഒരു ബൊമ്മ പുറത്തേക്കെടുക്കുന്നു.) അച്ഛനുള്ള മക്കൾക്കും വേണം ഞാൻ വാങ്ങിക്കൊണ്ടുവരാൻ. അത്രയ്ക്കുണ്ട് ഈ വർഗ്ഗത്തിന്റെ ഒരു ഭാഗ്യം.

കല്യാണിക്കുട്ടിയമ്മ: (ഒരു ഗ്ലാസ്സിൽ വെള്ളം കൊണ്ടുവന്ന് കൊടുക്കുന്നു.) ഇദാ വെള്ളം.

നാരായണമേനോൻ: (അതു വാങ്ങി കുടിക്കുന്നു.)

കല്യാണിക്കുട്ടിയമ്മ: (നാരായണമേനോൻ സഞ്ചിയിൽനിന്ന് പുറത്തെടുത്ത് വെച്ച ബൊമ്മ എടുത്ത് തിരിച്ചും മറിച്ചും നോക്കുന്നു.) ഈ ബൊമ്മ മോന് കളിക്കാനാണോ?

നാരായണമേനോൻ: (വെള്ളം തീർത്തുകുടിച്ച്) അല്ല, നിനക്ക് കളിക്കാൻ, ഒന്ന് കളിച്ചോളൂ! (കഠിന ശുണ്ഠിയോടെ) ഇന്നാ ഗ്ലാസ്സ്.

കല്യാണിക്കുട്ടിയമ്മ: (ഗ്ലാസ്സ് വാങ്ങുന്നു.)

നാരായണമേനോൻ: ഇതൊക്കെ ഇങ്ങനെ ആലോചിക്കുമ്പോൾ (പല്ലുകടിച്ച്) സകലത്തിനേം അടിച്ച് പടിയിറക്കാൻ തോന്ന്വാണ്. ഏതെങ്കിലും വകതിരിവുള്ളൊരു തറവാട്ടുകാരനെ കണ്ടുപിടിച്ച് ഏല്പിക്കാമെന്ന് വിചാരിച്ചതാണ്. അപ്പഴയ്ക്കും തുടങ്ങ്യല്ലൊ, അനുരാഗം! പ്രേമം! കെട്ടിത്തൂക്കി കൊല്ലണം. എന്നിട്ടെന്തായി? (രൂക്ഷമായി നോക്കി) നിന്നോടാ ചോദിച്ചത്.

കല്യാണിക്കുട്ടിയമ്മ: ഇതിൽ ഞാനെന്തു പിഴച്ചു?

നാരായണമേനോൻ: നീ പിഴച്ചില്ലേ? ആ കഴുത ഇവിടുത്തെ പടി കേറുമെന്ന് നിനക്കു തോന്ന്യോ? നീയല്ലേ, കരഞ്ഞും പിഴിഞ്ഞും പറഞ്ഞത്; അല്ലേ?

കല്യാണിക്കുട്ടിയമ്മ: എനിക്കെങ്ങെന്യാ മനസ്സിലാവ്വാ മനുഷ്യരെ ചൂന്ന നോക്കാൻ പറ്റ്വോ?

നാരായണമേനോൻ: ചൂന്ന് നോക്കേണ്ടടത്ത് ചൂന്ന നോക്കണം. അവനവന്റെ മക്കളെയാണ് പിടിച്ച് കൊടുക്കുന്നത്.

കല്യാണിക്കുട്ടിയമ്മ: കഴിഞ്ഞതിനെപ്പറ്റിയിങ്ങനെ പറഞ്ഞിട്ടെന്താ?

നാരായണമേനോൻ: കഴിഞ്ഞതോ? അത് കഴിഞ്ഞിട്ടില്ല; നിന്നോടാര് പറഞ്ഞു ഇതിൽ മധ്യസ്ഥം വഹിക്കാൻ. നിനക്കറിയില്ലേ എന്റെ സ്വഭാവം? ഈ അനുരാഗോം പ്രേമോം ഒന്നും എന്റെ പടി കയറില്ല. ഒക്കെ നീയുണ്ടാക്കിത്തീർത്തതാണ്.

കല്യാണിക്കുട്ടിയമ്മ: പിന്നേം എനിക്കാണോ കുറ്റം?

നാരായണമേനോൻ: പിന്ന്യാർക്കാ? അനുഭവിച്ചോളൂ. അനുഭവിച്ചോളൂ. മൂത്ത മകള് എടുക്കാത്ത നാണ്യായിട്ട് അകത്ത് കിടപ്പായില്ലേ? ഇത്ര ചെറുപ്പത്തിൽ ഒന്നാംവേളിയും കഴിഞ്ഞു. രണ്ടാം വേളി നോക്കി ഇരിപ്പായില്ലേ?

കല്യാണിക്കുട്ടിയമ്മ: അയ്യൊ! ഒന്ന് പതുക്കെപ്പറഞ്ഞാൽ വേണ്ടീല്ലല്ലോ. അല്ലെങ്കിൽത്തന്നെ അവൾ കരഞ്ഞ് കരഞ്ഞ് പകുതിയായി.

നാരായണമേനോൻ: ഇനിയിവിടെ ഇളയ രാജ്ഞീണ്ടല്ലൊ. കല്യാണിക്കുട്ടീ, ഞാൻ പറയാം, ഇങ്ങനെ കണ്ണും മൂക്കും ഇല്ലാതെ അവളും പുറപ്പെട്ടാൽ ഈ വീട്ടിന് ഞാൻ തീ കൊടുക്കും. സൂക്ഷിച്ചോളൂ! പെണ്കുട്ടികളായാൽ അടങ്ങി വളരണം.

കല്യാണിക്കുട്ടിയമ്മ: ഇതൊക്കെ ഇങ്ങിനെ ലഹളകൂട്ടി പറയേണ്ട കാര്യാമാണോ സാവകാശത്തിൽ പറഞ്ഞൂടെ?

നാരായണമേനോൻ: നിനക്കെന്തറിയും? പെണ്മക്കളായാൽ പിന്നെ വിശ്വസിക്കാൻ പറ്റില്ല.

കല്യാണിക്കുട്ടിയമ്മ: അത് ആൺമക്കളില്ലാഞ്ഞിട്ട് തോന്നുന്നതാ.

നാരായണമേനോൻ: (ഒന്നും മിണ്ടാതെ സഞ്ചിയിലെ കളിക്കോപ്പുകൾ പുറത്തെടുക്കുന്നു.)

കല്യാണിക്കുട്ടിയമ്മ: (ഓരോന്നായി വാങ്ങുന്നു.) ആവൂ എന്റെ മോള് ഇന്നെങ്കിലും ഒന്ന് ചിരിക്കും.

നാരായണമേനോൻ: ഓ! അവളെ ചിരിപ്പിക്കാൻവേണ്ടി വാങ്ങീന്നാണോ വിചാരം? ഇങ്ങട്ട് കൊണ്ടുവാ. ഒരൊറ്റൊന്ന് തരില്ല.

കല്യാണിക്കുട്ടിയമ്മ: ഞാനൊന്നും പറഞ്ഞിട്ടില്ല. ഒന്നും മിണ്ടാൻ വയ്യാന്നിച്ചാലോ?

നാരായണമേനോൻ: എനിക്ക് പെണ്ണുങ്ങളുടെ ശബ്ദം കേട്ടുകൂടാ.

കല്യാണിക്കുട്ടിയമ്മ: ഞാൻ ശാന്തയെ വിളിക്കട്ടെ.

നാരായണമേനോൻ: മറ്റവളേം വിളിച്ചോളു എന്നിട്ടിവിടെ സഭ കൂടട്ടെ... സഭകൂടി സഭകൂടി ഒന്നിന്റെ കാര്യം നീ നന്നാക്കി.

കല്യാണിക്കുട്ടിയമ്മ: നാരായണ, നാരായണ, നാരായണ...

നാരായണമേനോൻ: (പുച്ഛഭാവത്തിൽ നോക്കുന്നു.) ജപിക്കുന്നത് പിന്ന്യാവാം. ഇതൊക്കെ ഒന്ന് അകത്ത് കൊണ്ടുവെക്കു.

കല്യാണിക്കുട്ടിയമ്മ അതൊക്കെ കൂട്ടിപ്പിടിച്ചെടുക്കാൻ തുടങ്ങുന്നു. ശാന്ത നനച്ച കുപ്പായം കടഞ്ഞ് അതു തോരാനിടാനെന്ന മട്ടിൽ കടന്നുവരുന്നു. കല്യാണിയമ്മയുടെ കൈയിൽ കളിക്കോപ്പുകൾ കാണുന്നു. ആ കണ്ണുകളിൽ ഒരു പുതിയ പ്രകാശം പരക്കുകയും, മുഖത്ത് മന്ദഹാസം വിരിയുകയും ചെയ്യുന്നു. ബദ്ധപ്പെട്ട് കല്യാണിയമ്മയെ സമീപിക്കുന്നു. അതിലോരോന്നും വാങ്ങിനോക്കുന്നു.

ശാന്ത: (ബൊമ്മ നോക്കി) എന്റെ മോന് ഇതുപോലെത്തന്നെ ഒന്നവിടെ ഉണ്ടായിരുന്നു.

നാരായണമേനോൻ: (രൂക്ഷമായി നോക്കുന്നു.)

ശാന്ത: (അതു ശ്രദ്ധിക്കാതെ) അവന് വല്ല്യഷ്ടാവും, മോട്ടോർ കാറും വാങ്ങീട്ടില്ലേ.

നാരായണമേനോൻ: (ഗൗരവസ്വരത്തിൽ) ഇതാ.

ശാന്ത: (മുഖം ശ്രദ്ധിക്കാതെ കൈനീട്ടി വാങ്ങുന്നു. സന്തോഷം ഇരട്ടിക്കുന്നു.) അതെ, ഇതുപോലത്തെ ഒന്നായിരുന്നു അവിടെ ഉണ്ടായിരുന്നത്. (അത് വൈന്റ് ചെയ്ത് നിലത്തുവെക്കുന്നു. ഓടുന്നതുനോക്കി.) ആവൂ, ന്റെ മോനിത്; കാണുമ്പോൾ പൊട്ടിപൊട്ടിച്ചിരിക്കും. അതു പിടിക്കാൻ പിച്ചപിച്ച നടന്ന് പിന്നാലെ ചെല്ലും. (മോട്ടോർകാർ കൈയിലെടുക്കുന്നു) ഈ നിറോം ഇതുതന്നെ.

നാരായണമേനോൻ: പക്ഷേ കാശു കൊടുത്തത് ഞാനാ.

ശാന്ത: (പെട്ടെന്ന് ഞെട്ടി അച്ഛന്റെ മുഖത്ത് നോക്കുന്നു. സന്തോഷം മായുന്നു.)

കല്യാണി: (പരിഭ്രമിച്ച് രണ്ടു പേരേയും നോക്കുന്നു.)

ശാന്ത: (കണ്ണിൽ വെള്ളം നിറച്ചുകൊണ്ട് അകലത്തേക്ക് നോക്കുന്നു. കൈയിൽ നിന്ന് മോട്ടോർകാർ നിലത്തു വീഴുന്നു.)

നാരായണമേനോൻ: നിങ്ങൾക്കാർക്കും ഞാൻ പറയുന്നത് ഇഷ്ടമാവില്ലല്ലോ.

ശാന്ത: (തേങ്ങുന്നു.) അച്ഛാ...

നാരായണമേനോൻ: ഈ കരച്ചിൽ കണ്ടാൽ എനിക്കു ശുണ്ഠി അധികമാവും. പഴയ കാര്യങ്ങളൊക്കെ എനിക്കോർമ്മവരും. പിന്നെ എന്റെ ക്ഷമ നശിക്കും.

ശാന്ത: (ഒന്നും പറയാതെ കണ്ണുതുടച്ചുകൊണ്ട് അകത്തേക്കു പോകുന്നു.)

കല്യാണിക്കുട്ടിയമ്മ: ഞാൻ പറഞ്ഞില്ലെ അവളെ കരയിക്കരുതെന്ന്.

നാരായണമേനോൻ: എന്നെ ഉപദേശിക്കാൻ വരണ്ടാ. വേണമെന്നിച്ചാൽ അതെടുത്ത് അകത്ത് കൊണ്ടുപോയ്ക്കോളൂ. അല്ലെങ്കിൽ എടുത്ത് പുറത്തുകളയും.

കല്യാണിക്കുട്ടിയമ്മ: (കളിക്കോപ്പുകളൊക്കെ പെറുക്കിയെടുത്ത് അകത്തേക്ക് പോകുന്നു.)

> നാരായണമേനോൻ അസ്വസ്ഥതയോടെ അങ്ങുമിങ്ങും നടക്കുന്നു. രഘു നടന്ന് ക്ഷീണിച്ചമട്ടിൽ കടന്നുവരുന്നു. മുഖം കൂടുതൽ കറുത്തിരുണ്ടിട്ടുണ്ട്. കണ്ണുകളിൽ ശോകരസത്തേക്കാൾ വീര്യമാണ് നിഴലിക്കുന്നത്. രഘു രംഗത്തിന്റെ നടുക്ക് വന്ന് നില്ക്കുന്നു. ഒന്നു ചുമയ്ക്കുന്നു. നാരായണമേനോൻ തിരിഞ്ഞുനോക്കി പെട്ടെന്നു മുഖം തിരിക്കുന്നു.)

രഘു: (ശബ്ദം നിയന്ത്രിച്ച്) പിന്നെ, നിങ്ങളോടൊരു കാര്യം പറയാനാണ് ഞാൻ വന്നത്.

നാരായണമേനോൻ: (ഗർജിക്കുന്നു.) കടക്കെടാ പുറത്ത്?

രഘു: പറയുന്നത് ആദ്യം കേൾക്കൂ.

നാരായണമേനോൻ: എനിക്ക് നിന്റെ ശബ്ദം കേൾക്കണ്ടാ.

രഘു: കേൾക്കണം. കേൾപ്പിക്കാനാണ് ഞാൻ വന്നത്.

നാരായണമേനോൻ: നീ മര്യാദയ്ക്ക് പോകുന്നുണ്ടോ?

രഘു: നിങ്ങളെന്നെ അപമാനിച്ചിരിക്കുന്നു!

നാരായണമേനോൻ: നിനക്കു മാനാപമാനമുണ്ടോ?

രഘു: അക്കാര്യം ഞാൻ തീരുമാനിച്ചുകൊള്ളാം.

നാരായണമേനോൻ: ഉണ്ടെങ്കിൽ നിന്നെ ഇനിയും ഞാനപമാനിക്കും. ഇതുകൊണ്ടായില്ല, എന്റെ കുലം കെടുത്തതും പോരാ; നീ പകരം ചോദിക്കാൻ വന്നിരിക്കുന്നു!

രഘു: കുടുംബകലഹമില്ലാത്ത വീടില്ല.

നാരായണമേനോൻ: അതിന് ഞാനെന്തു വേണം?

രഘു: ശാന്തയും ഞാനും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ട്.

നാരായണമേനോൻ: നീയവളുടെ പേര് മിണ്ടരുത്.

രഘു: ഞാനവളെ ശാസിച്ചിട്ടുണ്ട്.

നാരായണമേനോൻ: നിന്നോടവിടെനിന്ന് പ്രസംഗിക്കരുതെന്ന് പറഞ്ഞത്.

രഘു: ഞങ്ങളുടെ വഴക്ക് നിങ്ങളുതിക്കത്തിച്ചു. എന്നിട്ടും നിങ്ങളൊരച്ഛനാണെന്ന് പറയുന്നു. എല്ലാം കഴിഞ്ഞു നിങ്ങൾ വിവാഹബന്ധം വേർപെടുത്താൻ കോടതികേറിയിരിക്കുന്നു.

നാരായണമേനോൻ: എടാ നിന്നെപ്പോലെ ഒരു പട്ടിക്ക് എന്റെ മകളെ ഞാൻ തരില്ല.

രഘു: നിങ്ങളോട് അതിരക്കാൻ ഞാൻ വന്നിട്ടില്ല. വരാനുദ്ദേശിക്കുന്നുമില്ല.

നാരായണമേനോൻ: നീ കടന്നുപോകുന്നുണ്ടോ?

ശബ്ദം കേട്ട് കല്യാണിക്കുട്ടിയമ്മ വരുന്നു. രംഗം കണ്ട് അമ്പരക്കുന്നു; മുൻപോട്ട് വരുന്നു.

കല്യാണിക്കുട്ടിയമ്മ: അയ്യൊ എന്താണിത് ഇവിടെ എന്താണ് നടക്കുന്നത്?

നാരായണമേനോൻ: ഫോ! കടന്ന് അകത്ത് ഫോ! ഇവിടെ പെണ്ണുങ്ങളുടെ വാഴ്ചകൊണ്ടാണ് മുഴുവനാപത്തും വന്നത്.

കല്യാണിക്കുട്ടിയമ്മ: അയ്യൊ ഇങ്ങനെ ശുണ്ഠിപിടിക്കാതെ പറയാനുള്ളതെന്തെന്ന് കേൾക്കരുതോ?

നാരായണമേനോൻ: കല്യാണിക്കുട്ടീ, നിന്നെ ഒരു നിമിഷം ഇനി ഇവിടെകാണരുത്. പോണ്ണ്ടോ?

കല്യാണിക്കുട്ടിയമ്മ: (പിൻവാങ്ങി വാതിലിന്നടുത്തേക്ക് പോകുന്നു.)

രഘു: നിങ്ങൾ വഴക്കുണ്ടാക്കുന്നത് നിങ്ങൾക്ക് നന്നല്ല. നിങ്ങളുടെ മകളെ എനിക്കാവശ്യമില്ല.

നാരായണമേനോൻ: ആരും തരാനും പോണില്ല.

രഘു: വേണ്ടെന്ന് പറഞ്ഞില്ലേ.

നാരായണമേനോൻ: നിന്നോട് പടിയിറങ്ങാൻ പറഞ്ഞത് നീ കേട്ടില്ലേ?

രഘു: ഞാൻ ഇവിടെ താമസിക്കാൻ വന്നതല്ല.

പുറത്തെ ബഹളം കേട്ട് ശാന്ത കടന്നുവരുന്നു. സ്വപ്നത്തിലെന്നപോലെ മുന്നോട്ട് നടക്കുന്നു. രഘു കാണുന്നു. മുഖം തിരിക്കുന്നു. കല്യാണിക്കുട്ടിയമ്മ പിറകെ വരുന്നു.

കല്യാണിക്കുട്ടിയമ്മ: മോളെ, ശാന്തെ ഇങ്ങട്ട് പോരൂ.

നാരായണമേനോൻ: അമ്മയോടും മകളോടുമാണ് ഞാൻ പറയുന്നത്. കടന്ന് അകത്തേക്കു പൊയ്ക്കോളാൻ അതാണ് നല്ലത്.

രഘു: വെറുതെ ബഹളം കൂട്ടീട്ടും ശകാരിച്ചിട്ടും കാര്യമില്ല. എനിക്കെന്റെ മകനെത്തരണം.

നാരായണമേനോൻ: (അമ്പരന്ന്) എന്ത്?

ശാന്ത: (മിഴിച്ചുനോക്കുന്നു.)

രഘു: അവനെ കൊണ്ടുപോകാനാണ് ഞാൻ വന്നത്.

ശാന്ത: (ഒരു ദീന ഞരക്കത്തോടെ) അയ്യോ അമ്മെ, അമ്മെ! (ബോധംകെട്ടു വീഴുന്നു.)

കല്യാണിക്കുട്ടിയമ്മ: (താങ്ങുന്നു) മോളേ, ശാന്തേ, ശാന്മേ ശാന്തേ (കുലുക്കിവിളിക്കുന്നു.)

രഘു: തടഞ്ഞിട്ടൊന്നും കാര്യമില്ല. ഞാനവനെ കൊണ്ടുപോകും. അവനെന്റെ മകനാണ്.

നാരായണമേനോൻ: എന്ത്? (പല്ലുകടിച്ച് മുൻപോട്ട് വരുന്നു.)

രഘു: ശുണ്ഠിയെടുത്തിട്ടും ഭീഷണിപ്പെടുത്തീട്ടും കാര്യമില്ല. മര്യാദയ്ക്ക തന്നോളൂ.

നാരായണമേനോൻ: തരില്ല.

രഘു: എന്നാൽ ഞാൻ കൊണ്ടുപോകും.

നാരായണമേനോൻ: അത് കാണട്ടെ.

രഘു: ഇതാ കണ്ടോളൂ. (ഭൂതാവേശംകൊണ്ടെന്നപോലെ അകത്തേക്കോടുന്നു.)

നാരായണമേനോൻ: എടാ, കടക്കെടാ പുറത്ത്. നിന്നെ കൊന്നിട്ടിനിക്കാര്യം. (പിന്നാലെ അകത്തേക്കോടുന്നു.)

— യവനിക —

രംഗം 3

ശങ്കരക്കുറുപ്പിന്റെ വീട്.

ഒന്നാംരംഗത്തിൽ കണ്ട സ്ഥലംതന്നെ. മധു കണ്ണാടിയിൽ നോക്കി തലമുടി ചീകുകയാണ്. ഒരു പ്രേമഗാനത്തിന്റെ ശകലം ചൂളംവിളിയിലൂടെ ആലപിക്കുന്നുണ്ട്. ശങ്കരക്കുറുപ്പ് അകത്തുനിന്ന് കടന്നുവന്ന് വിചാരാധീനനായി അങ്ങുമിങ്ങും നടക്കുന്നു. മുടിചീകൽ കഴിഞ്ഞ മധു, അതുവരെ ചൂളംവിളിയിൽ ആലപിച്ച പാട്ടിന്റെ ആദ്യത്തെ വരി ഒന്ന് മൂളിക്കൊണ്ട് തിരിയുന്നു. അച്ഛനെ കാണുന്നു, രണ്ടുപേരുടെയും നോട്ടം കൂട്ടിമുട്ടുന്നു.

ശങ്കരക്കുറുപ്പ്: നിന്റെ തലവേദന സുഖമുണ്ടോ?

മധു: സുഖമുണ്ടച്ഛാ.

ശങ്കരക്കുറുപ്പ്: സുഖമുണ്ടെന്നുമാത്രം! തീരെ മാറീട്ടില്ലേ?

മധു: തീരെ മാറി.

ശങ്കരക്കുറുപ്പ്: (പൂപ്പണികളുള്ള ഒരു തുവാല നിവർത്തിക്കാട്ടുന്നു. അത് രണ്ടാം രംഗത്തിൽ മീനു തുന്നിക്കൊണ്ടിരുന്ന തുവാലയാണ്. സദസ്സിന് അതിന്റെ പൂപ്പണികൾ വ്യക്തമായി കാണത്തക്കവിധമായിരിക്കണം നിവർത്തിക്കാട്ടുന്നത്.) ഈ തുവാല നിന്റേതാണോ?

മധു: (അല്പം പരുങ്ങി മിണ്ടാതെ നില്ക്കുന്നു.)

ശങ്കരക്കുറുപ്പ്: ആണെങ്കിൽ പറയൂ. ഇതിനൊരു ഉടമസ്ഥനുണ്ടാവണമല്ലോ?

മധു: (ശബ്ദം താഴ്ത്തി) എന്റേതാണ്.

ശങ്കരക്കുറുപ്പ്: (അത് എറിഞ്ഞുകൊടുക്കുന്നു)

മധു: (അതെടുത്തു മടക്കി കൈയിലടക്കി പിടിക്കുന്നു.)

ശങ്കരക്കുറുപ്പ്: ആ കണ്ണാടി ഇങ്ങെടുക്കൂ.

മധു: (കണ്ണാടിയെടുത്തു കൊടുക്കുന്നു.)

ശങ്കരക്കുറുപ്പ്: എനിക്കുവേണ്ടിയല്ല. നീ തന്നെ കൈയിൽ വെച്ചോളൂ.

മധു: അതെന്തിനച്ഛാ?

ശങ്കരക്കുറുപ്പ്: ഈ പ്രായത്തിൽ ഒരു കണ്ണാടി കൈയിലിരിക്കുന്നത് നല്ലതാണ്. നിന്നെപ്പോലുള്ളവരുടെ കുപ്പായക്കീശയിൽ എപ്പോഴും കണ്ണാടിയും ചീർപ്പും കാണാമല്ലോ. നിനക്കാപ്പതിവില്ലേ?

മധു: (പതുക്കെ) ഇല്ല.

ശങ്കരക്കുറുപ്പ്: എന്നാൽ ചെറിയതൊന്നുവാങ്ങി കീശയിൽ വെക്കുന്നതുവരെ അതെടുത്തോളൂ.

മധു: (ആ വലിയ കണ്ണാടിയിലേക്കു നോക്കുന്നു.)

ശങ്കരക്കുറുപ്പ്: ഇവിടെ അതുകൊണ്ട് വലിയ ആവശ്യമൊന്നുമില്ല. എനിക്ക് വയസ്സായി എന്നെ കണ്ണാടിയിൽ കാണുന്നതുതന്നെ എനിക്കു ഭയമാണ്. ഈ പ്രായത്തിന് അങ്ങിനെയൊരു തരക്കേടുണ്ട്. പിന്നെ രഘുവിന്റെ കാര്യം. കണ്ണാടിയിൽ കണ്ടാലും ഇനി അവനെ അവന് മനസ്സിലാവുന്ന കാര്യം വിഷമമാണ്. അതുകൊണ്ട് നിയെടുത്തോളൂ. സാധനങ്ങളൊക്കെ ആവശ്യക്കാർക്കല്ലേ വേണ്ടത്.

ശങ്കരക്കുറുപ്പ് ആലോചനാമഗ്നനായി നടക്കുന്നു.

മധു: (പോവാൻ തുടങ്ങുന്നു.)

ശങ്കരക്കുറുപ്പ്: എങ്ങോട്ടാ?

മധു: (മടങ്ങി നോക്കുന്നു)

ശങ്കരക്കുറുപ്പ്: തിരക്കുണ്ടോ?

മധു: ഇല്ല.

ശങ്കരക്കുറുപ്പ്: എന്നാലിങ്ങട്ട് വരൂ. ഈ വീട്ടിലെ കാര്യങ്ങൾ വല്ലതും നീ അറിയുന്നുണ്ടോ?

മധു: അതെന്താണച്ഛാ, ഞാനീ വീട്ടിലല്ലേ?

ശങ്കരക്കുറുപ്പ്: അതുകൊണ്ടാണ് പ്രത്യേകം എടുത്തുചോദിച്ചത്. ഈ വീട്ടിലല്ലാത്തവരോട്ട് ഇവിടത്തെ കാര്യങ്ങളെപ്പറ്റി എന്ത് ചോദിക്കാൻ?

മധു: അച്ഛൻ പറയുന്നതെനിക്ക് മനസ്സിലാവുന്നില്ല.

ശങ്കരക്കുറുപ്പ്: അതു നിന്റെ കുറ്റമല്ല. പല പ്രായത്തിലുള്ളവർക്കു പല ഭാഷയാണ്. അവരന്യോന്യം പറയുന്നതൊന്നും മനസ്സിലാവില്ല. എന്നിട്ട് മനസ്സിലാവാത്ത ഭാഷകളെച്ചൊല്ലി ബഹളമാവും. അങ്ങനെയാണ് അച്ഛനും മകനും അമ്മയും മകളും ജ്യേഷ്ഠനും അനുജനും തമ്മിൽ വഴക്കുണ്ടാവുന്നത്.

മധു: അച്ഛാ, നമ്മളൊക്കെ മലയാളമല്ലേ സംസാരിക്കുന്നത്?

ശങ്കരക്കുറുപ്പ്: അതെ; അറിയുന്ന ഭാഷ പറഞ്ഞിട്ടും മനസ്സിലാവാത്തപ്പോഴാണല്ലോ ശുണ്ഠിപിടിക്കുക. നമുക്കീ ഭാഷയെ സംബന്ധിച്ച കുഴപ്പമൊന്ന് മാറ്റണം.

മധു: അതെങ്ങനെയച്ഛാ?

ശങ്കരക്കുറുപ്പ്: പറയുന്നത് അന്യോന്യം എല്ലാവർക്കും മനസ്സിലാവണം. ഇല്ലെങ്കിൽ മനസ്സിലാക്കാനൊരു ശ്രമം നടത്തണം. എനിക്കിവിടെ എല്ലാവരുടെ ഭാഷയും മനസ്സിലാവുന്നുണ്ട്. അതുകൊണ്ടാണ് ഇവിടെ കുഴപ്പം ചുരുങ്ങിക്കാണുന്നത്. അതുപോലെ എന്റെ ഭാഷ മനസ്സിലാക്കാൻ നിങ്ങളും ഒരു ശ്രമം നടത്തണം.

മധു: എനിക്കച്ഛൻ പറയുന്നത് മുഴുവൻ മനസ്സിലാവുന്നുണ്ട്.

ശങ്കരക്കുറുപ്പ്: മുഴുവനും?

മധു: അതെ; മുഴുവനും.

ശങ്കരക്കുറുപ്പ്: ഓ! എന്നാൽ ഇവിടെയിനി കുഴപ്പമില്ല. ആട്ടെ, ഞാൻ നിന്നോട് സംസാരിക്കാൻ തുടങ്ങുകയാണ്.

മധു: ഇതുവരെ അച്ഛൻ സംസാരിക്കുകകയായിരുന്നില്ലേ?

ശങ്കരക്കുറുപ്പ്: കേട്ടോളൂ; മനസ്സിലാവാത്ത ഭാഗം വരുമ്പോൾ പറയണം.

മധു: (മൂളുന്നു.) ഉം.

ശങ്കരക്കുറുപ്പ്: നിന്റെ ഏട്ടന് രണ്ടു കൊല്ലം മുൻപ് അനുരാഗത്തിന്റെ ബുദ്ധിമുട്ട് തുടങ്ങി. അത് മനസ്സിലാക്കിയ ഞാൻ അവനെ വിളിച്ച് ഗുണദോഷിച്ചു. അവനെന്റെ ഭാഷ മനസ്സിലായില്ല. പക്ഷേ എനിക്കെല്ലാം മനസ്സിലായതുകൊണ്ട് ഞാൻ കൂടുതലൊന്നും പറഞ്ഞില്ല. അനുരാഗം വിവാഹത്തിൽ കലാശിച്ചു. വിവാഹജീവിതം തെറ്റിദ്ധാരണകളുടെ ഒരു ഊരാക്കുടുക്കായി. ഇരുപുറത്തുനിന്നും ആ കുഴക്കിന്മേൽ പിടിച്ചുവലി തുടങ്ങി. യഥാവസരം ഞാനോരോന്ന് പറഞ്ഞു. ആർക്കും എന്റെ ഭാഷ മനസ്സിലായില്ല. ആ കുടുക്ക് കഴുത്തിൽക്കിടന്നു മുറുകി. ശ്വാസംമുട്ടി... നിനക്ക് മനസ്സിലാവുന്നുണ്ടോ?

മധു: ഉണ്ടച്ഛാ.

ശങ്കരക്കുറുപ്പ്: ഒടുവിൽ വിവാഹബന്ധത്തിന്റെ ചരട് പൊട്ടി. ഞാൻ പിന്നേയും പറഞ്ഞുകൊണ്ടിരുന്നു. രഘുവിന്റെ ഭാഷ മനസ്സിലായില്ല. പിന്നേയും ചീത്തകാര്യങ്ങൾ സംഭവിച്ച് കൊണ്ടിരുന്നു. അവന്റെ കുട്ടിയെ ഭാര്യ വീട്ടിൽ കടന്ന് ചെന്ന് ബലം പ്രയോഗിച്ചവൻ എടുത്തുകൊണ്ടുപോന്നു. ആ ബഹളംകൊണ്ട് പേടിച്ചുപോയ കുട്ടി കിടപ്പിലായി. അതിപ്പോൾ ജീവിതത്തിന്റേയും മരണത്തിന്റേയും നടുക്ക് കിടക്കുകയാണ്. ഈ ദുരിതമൊക്കെ ഞാൻ കാണേണ്ടി വന്നു... നിനക്ക് മനസ്സിലാവുന്നുണ്ടോ?

മധു: (മനസ്സിലാവുന്നുണ്ടെന്ന അർത്ഥത്തിൽ തലകുലുക്കുന്നു.)

ശങ്കരക്കുറുപ്പ്: രണ്ട് കുടുംബം ഒരേ അവസരത്തിൽ നശിക്കുന്നു. ഈ നാശം ഇവിടെ അവസാനിക്കുന്നുണ്ടോ? ഇല്ല. ഈ ബഹളത്തിൽ-ഈ അത്യാഹിതത്തിൽ, ഈ നാശത്തിൽ-ഇവിടെ, ഈ വീട്ടിൽ മറ്റൊരനുരാഗം മുളച്ചുപൊന്തുകയാണ്. (മധുവിന്റെ മുഖത്ത് നോക്കുന്നു.) നീയെന്താ മിണ്ടാത്തത്?

മധു: ഒന്നുമില്ല.

ശങ്കരക്കുറുപ്പ്: ഈ വീട്ടിൽ ഒരു പുതിയ അനുരാഗം മുളച്ചുണ്ടാവുന്നില്ലേ?

മധു: (മിണ്ടാതെ താഴോട്ട് നോക്കുന്നു.)

ശങ്കരക്കുറുപ്പ്: ഒന്നുകിൽ എന്റെ അഭിപ്രായത്തെ അനുകലിക്കു. അല്ലെങ്കിൽ നിഷേധിക്കു.

മധു: (മിണ്ടുന്നില്ല)

ശങ്കരക്കുറുപ്പ്: നിനക്കെന്റെ ഭാഷ മനസ്സിലാവായ്ക തുടങ്ങി.

മധു: അച്ഛൻ എന്നെ ഉദ്ദേശിച്ചാണോ പറയുന്നത്?

ശങ്കരക്കുറുപ്പ്: അതെ.

മധു: ആണെങ്കിൽ ഇതൊന്നും എന്നെ ബാധിക്കുന്ന കാര്യങ്ങളല്ലച്ഛാ. ജ്യേഷ്ഠന്റെ ബുദ്ധിശൂന്യതയുടെ ഫലം ജ്യേഷ്ഠനനുഭവിക്കുന്നു. അതുകൊണ്ട് അനുരാഗത്തെ എന്തിന് പഴിക്കണം?

ശങ്കരക്കുറുപ്പ്: മധു, എനിക്കും നിങ്ങളുടെയോക്കെ കുഴപ്പം കുറേശ്ശേ തുടങ്ങുന്നുണ്ട്.

മധു: എന്ത് കുഴപ്പം?

ശങ്കരക്കുറുപ്പ്: ഭാഷ മനസ്സിലാവായ്ക. നീ ഇപ്പോൾ പറഞ്ഞത് ശരിക്കെനിക്ക് മനസ്സിലായില്ല.

മധു: രണ്ടോ നാലോ എട്ടോ പത്തോ അതിലധികമോ ആളുകൾ തെറ്റായ വഴിക്കു സഞ്ചരിക്കുന്നതുകൊണ്ട് മാത്രം നമുക്ക് അനുരാഗത്തെ കുറ്റപ്പെടുത്തിക്കൂടാ. അത് അനശ്വരവും അനർഘവുമാണ്.

ശങ്കരക്കുറുപ്പ്: വിവാഹം കഴിയുന്നവരെ.

മധു: അല്ലച്ഛാ ആജീവനാന്തം.

ശങ്കരക്കുറുപ്പ്: നീ നിന്റെ രഘുവിനെ എത് കണ്ണുകൾകൊണ്ടാണ് ഇയ്യിടെ നോക്കുന്നത്?

മധു: അതു പറഞ്ഞാൽ അച്ഛനലോഗ്യമാവും.

ശങ്കരക്കുറുപ്പ്: പറഞ്ഞോളൂ.

മധു: സഹതാപം നിറഞ്ഞ കണ്ണുകൾകൊണ്ട്. അച്ഛാ അനുരാഗം ദുർബ്ബലന്മാർക്കുള്ളതല്ല.

ശങ്കരക്കുറുപ്പ്: പിന്നേ? അത് ഗുസ്തിക്കാർക്കുള്ളതാണോ? എനിക്ക് അനുരാഗം എന്ന വിഷയത്തെക്കുറിച്ച് തത്കാലം ഒരു പ്രസംഗം കേൾക്കണമെന്നില്ല. അങ്ങിനെ ഒരു പ്രസംഗം നീ ചെയ്യുന്നപക്ഷം അതെനിക്ക് മനസ്സിലാവുകയുമില്ല. വെറുതെ സമയം കളഞ്ഞതിട്ടെന്താണ്? ആട്ടെ, ജീവിച്ചിരിക്കുവോളം എന്തു സംഭവിക്കുന്നതും അനുഭവിക്കാൻ ഞാൻ തയ്യാറായിരിക്കണ്ടേ? നിന്റെ ഈ അനുരാഗം നമ്മുടെ കുടുംബത്തെ എത്രമാത്രം ബാധിക്കുമെന്നറിയാനുള്ള അവകാശമെനിക്കുണ്ട്. അതുകൊണ്ട് വ്യക്തമായിട്ട് പറയൂ.

മധു: എന്തു പറയാനച്ഛാ?

ശങ്കരക്കുറുപ്പ്: ഏതു് കുടുംബത്തിലാണ് നിന്റെ ദിവ്യവും അനാർഘവുമായ അനുരാഗം ചെന്നു കേറിയതെന്ന്.

മധു: ഞാൻ മീനുവിനെയാണ് സ്നേഹിക്കുന്നതു്.

ശങ്കരക്കുറുപ്പ്: (പെട്ടെന്ന് ഞെട്ടി) എന്ത്? ഏതു് മീനു?

മധു: അച്ഛാ അനുരാഗത്തിന് കണ്ണില്ല.

ശങ്കരക്കുറുപ്പ്: മൂക്കും വായും, തലച്ചോറും ഒന്നുമില്ല. അതു കുരുടിപ്പാമ്പുപോലെയാണ്. മുൻപോട്ടും പിൻപോട്ടും ചലിക്കും. അതിന് വിഷസ്സഞ്ചിയുമുണ്ട്.

മധു: അതനുരാഗമല്ലച്ഛാ. അനുരാഗം പനിനീർപ്പൂപോലെയാണ്. പനിനീർപ്പൂവിന് കണ്ണുണ്ടോ?

ശങ്കരക്കുറുപ്പ്: പലർക്കുമില്ലെടാ കണ്ണ്. ഒറ്റക്കണ്ണന്മാരും, കോങ്കണ്ണന്മാരും. മഞ്ഞപ്പിത്തമുള്ളവരും, തിമിരരോഗികളുമാണ് മനുഷ്യരൊക്കെ. ഇതൊക്കെ ഒരുമിച്ച് ചേർന്നതാണ് അനുരാഗികൾ. ആട്ടെ, മുന്നറിയിപ്പ് തന്നതു് ഉപകാരം.

മധു: അച്ഛാ, അച്ഛൻ വിചാരിക്കുംമ്പോലെ ഇതിലൊരു കുഴപ്പവുമില്ല. അവൾ എന്നെ സ്നേഹിക്കുന്നു. ഞാനവളേയും. ഞങ്ങളുടെ സ്നേഹം നിഷ്കാമമാണ്, നിർമലമാണ്...

ശങ്കരക്കുറുപ്പ്: മതി മതി! അതിന്റെ വിശേഷണം കേട്ടിട്ടെനിക്കാവശ്യമില്ല. അകത്തേക്ക് ചെല്ലൂ, എന്നിട്ട് ആ കുട്ടിയുടെ അടുത്ത് അല്പനിമിഷം ഇരിക്കൂ. നിന്റെ ജ്യേഷ്ഠന് വല്ല ഭക്ഷണവും കഴിക്കേണ്ടിവരും.

മധു: (പോവാൻ തുടങ്ങുന്നു.)

ശങ്കരക്കുറുപ്പ്: പുറത്തേക്ക് പോകുന്നതിനുമുൻപ് എന്നെ വന്നു കാണണം കേട്ടാ...

മധു: ഉം; (പോകുന്നു.)

> ശങ്കരക്കുറുപ്പ് അസ്വസ്ഥനായി അങ്ങുമിങ്ങും നടക്കുന്നു. സോഫയിൽ ചെന്നിരിക്കുന്നു. വർത്തമാനപത്രമെടുത്ത് വായിക്കാൻ തുടങ്ങുന്നു. ഏറെ കഴിയുന്നതിനുമുൻപ് രഘു കടന്നുവരുന്നു. ഒന്നും മിണ്ടാതെ ഒരു ഒഴിഞ്ഞ മൂലയിൽ ചെന്നിരിക്കുന്നു. പരിസരത്തെക്കുറിച്ച് ഒരു ശ്രദ്ധയുമില്ല. മുഖത്ത് കലശലായ പാരവശ്യം.

ശങ്കരക്കുറുപ്പ്: (രഘുവിന്റെ ചേഷ്ടകൾ സൂക്ഷിക്കുന്നു.) നീ വല്ലതും കഴിച്ചോ രഘു.

രഘു: ഇല്ല.

ശങ്കരക്കുറുപ്പ്: മധു അങ്ങട്ട് വന്നില്ലേ?

രഘു: വന്നു.

ശങ്കരക്കുറുപ്പ്: നീയെന്താ ഇവിടെ വന്നിരിക്കുന്നത്. ചെന്ന് വല്ലതും കഴിക്കൂ.

രഘു: (അസ്വസ്ഥതയോടെ) എനിക്ക് വേണ്ടച്ഛാ.

ശങ്കരക്കുറുപ്പ്: നീയിങ്ങനെ പട്ടിണി കിടക്കുന്നതിലെന്താണർത്ഥം?

രഘു: മരിക്കാൻ വേണ്ടിയാണച്ഛാ.

ശങ്കരക്കുറുപ്പ്: (അസ്വാസ്ഥ്യം ഒതുക്കിക്കൊണ്ട്) ചെന്ന് വല്ലതും കഴിക്കു രഘു. വിശക്കുന്തോറും വിഡ്ഢിത്തങ്ങളോരോന്നിങ്ങനെ തോന്നും.

രഘു: (എഴുന്നേറ്റ്) എനിക്ക് ജീവിച്ചത് മതിയച്ഛാ. ഞാനെന്തിന് ജീവിക്കണം?

ശങ്കരക്കുറുപ്പ്: എല്ലാവരും എന്തിന് ജീവിക്കുന്നു?

രഘു: എല്ലാവരേയും പോലെയാണോ ഞാൻ? ആണോ അച്ഛാ.

ശങ്കരക്കുറുപ്പ്: (എഴുന്നേറ്റ് പതുക്കെ നടക്കുന്നു.) എല്ലാ മനുഷ്യരും നിന്നെപ്പോലെയാണ്. അല്ലെങ്കിൽ എല്ലാ മനുഷ്യരെയുംപോലെയാണ് നീ. നിനക്കൊരു വ്യത്യാസവുമില്ല.

രഘു: അത് അച്ഛനെന്നെ ആശ്വസിപ്പിക്കാൻ പറയുന്നതാണ്.

ശങ്കരക്കുറുപ്പ്: എനിക്കുതന്നെ ആശ്വാസമില്ലാത്തപ്പോൾ ഞാനെങ്ങനെ നിന്നെ ആശ്വസിപ്പിക്കും?

രഘു: അച്ഛാ, എനിക്കാ കുട്ടിയുടെ കിടപ്പ് കാണാൻ വയ്യ.

ശങ്കരക്കുറുപ്പ്: ആർക്കും വയ്യ.

രഘു: എല്ലാറ്റിനും ഞാനല്ലെ അച്ഛാ കാരണം?

ശങ്കരക്കുറുപ്പ്: എന്ന് പറയാൻ വയ്യ. ഒരോരുത്തരും ഓരോരുത്തരുടെ ഓഹരി ഇതിൽ നിക്ഷേപിച്ചിട്ടുണ്ട്.

രഘു: അതുകൊണ്ട് എന്റെ പാപം കുറയില്ലല്ലോ? ഒരു മാസം കഴിഞ്ഞില്ലേ ചികിത്സ തുടങ്ങിയിട്ട്? വല്ലതുമൊരു ശമനമുണ്ടോ?

ശങ്കരക്കുറുപ്പ്: ആ രോഗത്തിന് ചികിത്സിക്കാനുള്ള ഡോക്ടർമാർ ചുരുങ്ങും. നീ ഇനിയെങ്കിലും നിന്റെ ആവേശംചുരുക്കി വേണ്ട രീതിയിൽ കാര്യങ്ങളെ സമീപിക്കുമോ?

രഘു: ഞാനച്ഛൻ പറയുമ്പോലെ എന്തും ചെയ്യാം.

ശങ്കരക്കുറുപ്പ്: വളരെ വൈകിപ്പോയി. ആ കുട്ടി എവിടെയായാലും ജീവിച്ചിരിക്കണം.

രഘു: വേണം തീർച്ചയായും അവൻ ജീവിക്കണം. എന്റെ പ്രാണൻപോലും ഞാനതിന് കൊടുക്കാൻ തയ്യാറാണ്.

ശങ്കരക്കുറുപ്പ്: അത്ര കവിഞ്ഞ നിലയിൽ വേണ്ട. അവൻ ആരോഗ്യത്തോടെ വളരട്ടെ. വിവേകമുദിക്കുമ്പോൾ അവന്റെ അച്ഛനേയും അന്വേഷിച്ചവൻ വരും. അന്ന് നിനക്കവനെ സ്വീകരിക്കാം.

രഘു: മതിയച്ഛാ. അവൻ വന്നില്ലെങ്കിലും ജീവിച്ചിരിക്കുന്നുണ്ടെന്ന് എനിക്ക് കേട്ടാൽ മതി.

ശങ്കരക്കുറുപ്പ്: ഇതു നിനക്കാദ്യം തോന്നിയില്ലല്ലോ. അനുരാഗം വന്നപ്പോഴുള്ള ആവേശംതന്നെ ഈ തെറ്റു ചെയ്യുമ്പോഴും നിനക്കുണ്ടായിരുന്നു.

രഘു: പറയൂ അച്ഛാ ഞാനെന്താണ് വേണ്ടത്?

ശങ്കരക്കുറുപ്പ്: ആ കുട്ടിയെ കൊണ്ടുപോയി അതിന്റെ അമ്മയെ ഏല്പിക്കു.

രഘു: (മുഖഭാവം മാറുന്നു. വ്യസനവും നിരാശയും നീങ്ങി ക്രൂരമാവുന്നു.) എന്തച്ഛാ, അച്ഛനെന്താണ് പറഞ്ഞത്? ആ വീട്ടിലേക്കിനി കുട്ടിയെ ഞാൻ മടക്കിക്കൊണ്ടുപോവുക വയ്യ വയ്യ: കുട്ടിമരിച്ചോട്ടെ ഞാനും മരിക്കും... (പഴയ സ്ഥാനത്തു ചെന്ന് അകലത്തേക്കു തുറിച്ചുനോക്കി ഒന്നും മിണ്ടാതെ ഇരിക്കുന്നു.)

ശങ്കരക്കുറുപ്പ്: (അടുത്ത് ചെല്ലുന്നു. ആ കണ്ണുകളിൽ അനുകമ്പയും വിഷാദവും ഓളംവെട്ടുകയാണ്. രഘുവിന്റെ പാറിപ്പറന്ന തലമുടിയിൽ തെരുപ്പിടിക്കുന്നു. ഒന്നും മിണ്ടാതെ അല്പനേരം നില്ക്കുന്നു. എന്നിട്ട് പതുക്കെ വിളിക്കുന്നു.) മോനെ രഘു.

രഘു: (തലയുയർത്തി മുഖത്തേക്ക് നോക്കുന്നു. രണ്ടു കണ്ണുകളിലും നിറയെ വെള്ളമാണ്. പ്രയാസപ്പെട്ട് വിളിക്കുന്നു) അച്ഛാ (എന്നിട്ട് ഇരുന്ന ഇരുപ്പിൽ ത്തന്നെ അച്ഛനെ കെട്ടിപ്പിടിക്കുന്നു. മുഖം അച്ഛന്റെ ശരീരത്തിലമർത്തിവെച്ച് വിങ്ങുന്നു)

ശങ്കരക്കുറുപ്പ്: (രഘുവിന്റെ പുറം തലോടുന്നു.) നിന്റെ ദൗർബല്യം എനിക്ക് മനസ്സിലാവുന്നുണ്ട്. നിന്നെപ്പോലുള്ള ചെറുപ്പക്കാരുടെ പൗരുഷം ഇത്തരം സന്ദർഭങ്ങളിലാണ് പരീക്ഷിക്കപ്പെടുന്നത്.

രഘു: എന്നെ അച്ഛൻ നിർബന്ധിക്കരുത്. ആ വീട്ടിലിനി ഞാൻ കേറില്ല.

ശങ്കരക്കുറുപ്പ്: നീ ചെയ്ത തെറ്റിന് പരിഹാരം ചെയ്യേണ്ടത് നീയല്ലേ?

രഘു: ഞാനൊരു തെറ്റും ചെയ്തിട്ടില്ലച്ഛാ.

ശങ്കരക്കുറുപ്പ്: നീയെന്നല്ല, ഒരാളും തെറ്റുചെയ്തിട്ടില്ല. പക്ഷേ, ശരിയെന്തെന്ന് കണ്ടെത്തി അതു ചെയ്യാനും നിങ്ങളോട്ട് മറന്നു പോയി. അതാണ് കുഴപ്പങ്ങളുണ്ടാക്കിയത്. ഇത്രയൊക്കെയായിട്ടും ഒരു ശരി ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞില്ലല്ലോ.

രഘു: എന്താണച്ഛാ ചെയ്യേണ്ടത്?

ശങ്കരക്കുറുപ്പ്: ശരിയെന്തൊ അതു ചെയ്യൂ.

രഘു: ആര് ചെയ്യാനച്ഛാ? എങ്ങിനെ ചെയ്യാൻ?

ശങ്കരക്കുറുപ്പ്: നിന്റെ കുട്ടിയുടെ രോഗം അവന്റെ അമ്മയുടെ അടുത്ത് ചെന്നാൽ മാറും. തന്നെ ഏതോ തടവിലിട്ടിരിക്കയാണെന്ന് അത് തീർച്ചപ്പെടുത്തിയിരിക്കുന്നു. അന്ന് ഉറക്കം ഞെട്ടി അതുണർന്നപ്പോൾ കുറെ ബുദ്ധിയില്ലാത്തവർ ചുറ്റുംകൂടി വഴക്കടിക്കുന്നതാണത് കണ്ടത്. പിന്നെ പിടിയും വലിയുമായി. പലർക്കും വേദനിച്ചിട്ടുണ്ടാവും. പക്ഷേ, ആ കുട്ടിയുടെ ഹൃദയം വേദനിച്ചത് നി

ങ്ങളാരും കണ്ടില്ല. തത്കാലം നീ ജയിച്ചു. ആ ജയം നിന്നെ തോല്പിക്കുകയാണ് ചെയ്തത്; അല്ലേ?

രഘു: മതിയച്ഛാ കഴിഞ്ഞ കാര്യം വിസ്തരിക്കാതിരിക്കണം. എനിക്ക് ഭ്രാന്ത് പിടിക്കുന്നു.

ശങ്കരക്കുറുപ്പ്: നിന്റെ ഭ്രാന്ത് മാറ്റാനാണ് ഞാൻ പറയുന്നത്.

രഘു: ഇതെനിക്ക് മാറില്ല.

ശങ്കരക്കുറുപ്പ്: മാറണം, നിന്റെ കുട്ടിയുടെ കിടപ്പ് കാണുമ്പോൾ നിനക്കെത്ര വേദനയുണ്ട്? രഘു, ഞാനും ഒരച്ഛനല്ലെ? നീയിങ്ങനെ കഷ്ടപ്പെടുന്നത് കാണുമ്പോൾ എന്റെ ഹൃദയവും വേദനിക്കുന്നില്ലെ? നീ എഴുന്നേല്ക്കു.

രഘു: എങ്ങട്ടച്ഛാ?

ശങ്കരക്കുറുപ്പ്: എല്ലാം ഞാൻ പറഞ്ഞുതരാം. നീയീവീട്ടിലെ കാര്യങ്ങളൊന്നും വേണ്ടപോലെ മനസ്സിലാക്കുന്നില്ല. പുതിയ കാര്യങ്ങൾ വന്നുകൊണ്ടിതിക്കുകയാണ്.

രഘു: (എഴുന്നേറ്റ്) എന്തിനെപ്പറ്റിയാണച്ഛൻ പറയുന്നത്?

ശങ്കരക്കുറുപ്പ്: ഒരു തെറ്റ് പഴതാവുമ്പോൾ പുതിയൊരു തെറ്റ് അതിന്റെ സ്ഥാനം പിടിക്കുന്നു.

രഘു: എന്ത് തെറ്റ്?

ശങ്കരക്കുറുപ്പ്: നിന്റെ അനുരാഗം ചിറകറ്റ സമ്പാതിയെപ്പോലെ ഇവിടെ നിലത്തു വീണ് പിടയുമ്പോൾ നിന്റെ അനിയന് പുതിയ ചിറകുകൾ മുളയ്ക്കുന്നു.

രഘു: ആർക്ക്, മധുവിനോ? എന്തു ചിറകുകൾ?

ശങ്കരക്കുറുപ്പ്: അനുരാഗത്തിന്റെ ചിറകുകൾ.

രഘു: അച്ഛൻ വിസ്തരിച്ച് പറയൂ.

ശങ്കരക്കുറുപ്പ്: മധു, നിന്റെ ഭാര്യയുടെ അനിയത്തി മീനുവെ സ്നേഹിക്കുന്നുവത്രേ.

രഘു: (മുഖഭാവം മാറുന്നു.)

ശങ്കരക്കുറുപ്പ്: അവളിങ്ങട്ടും സ്നേഹിക്കുന്നത്രേ. പോരെ പിന്നെന്തുവേണം?

രഘു: (അല്പമൊരു പൗരുഷത്തോടെ) ഇല്ലച്ഛാ. ജീവനുള്ള കാലം ഞാനതു സമ്മതിക്കില്ല.

ശങ്കരക്കുറുപ്പ്: വല്ലവരുടെ സമ്മതവും നോക്കീട്ടാണോ അനുരാഗമുണ്ടാവുന്നത്?

രഘു: അവളുടെ അച്ഛനൊരു രാക്ഷസനാണ്.

ശങ്കരക്കുറുപ്പ്: നിങ്ങളുടെ അച്ഛനൊരു ദേവനും ഇതൊരു ദേവാസുരയുദ്ധമാണല്ലോ?

രഘു: അച്ഛാ, അച്ഛനിത് നേരമ്പോക്കായെടുക്കരുത്.

ശങ്കരക്കുറുപ്പ്: പിന്നെ? എന്തുവേണമെന്ന് നീയെന്നെ ഉപദേശിക്കു.

രഘു: അവനെ അനുവദിക്കരുത്. ഇനിയുമിനിയും കുഴപ്പങ്ങളുണ്ടാവും. എവിടെയവൻ? ഞാൻതന്നെ അവനോട്ട് പറയാം. (അകത്തേക്കു ധൃതിയിൽ പോകുന്നു.)

ശങ്കരക്കുറുപ്പ്: പാവം! തന്റെ കാര്യവും കുട്ടിയുടെ കാര്യവും അവൻ മറന്നു. തന്റെ തെറ്റുകൾ മുഴുവനും മറന്നു. മറ്റുള്ളവരെ നന്നാക്കാൻ മനുഷ്യരുടെ ഒരു ബദ്ധപ്പാട്. (വേദനയോടെ ചിരിക്കുന്നു; പിന്നാലെ പോകുന്നു.)

— യവനിക —

— 5 —

രംഗം 4

മധു തന്റെ മുറിയിലിരുന്ന് ചിത്രം വരയ്ക്കുകയാണ്. മുൻപിലുള്ള കാബിനറ്റിൽ വലിയൊരു കണ്ണാടിയുണ്ട്. അതിൽ പ്രതിഫലിച്ച തന്റെ രൂപം ഇടയ്ക്കിടെ ഏറുകണ്ണിട്ട് നോക്കിയും, ചിരിച്ചും മൂളിപ്പാട്ടുപാടിയുമാണ് വരയ്ക്കുന്നത്. ചിത്രത്തിന് നിറം പിടിപ്പിക്കാൻ ചായപ്പെൻസിലുകൾ മാറിയെടുക്കുമ്പോൾ കണ്ണാടിയിൽ ഉറപ്പിച്ചൊന്നു നോക്കും, കണ്ണിറുക്കും. പിന്നെയും ചിത്രംവര തുടരും.

ഒരു തവണ വരച്ചുകൊണ്ടിരിക്കുന്ന ചിത്രം ഒന്നു പൊക്കിയെടുത്ത് നോക്കുന്നു. നല്ല നിറമുള്ള സാരിയും ബ്ലൗസും ധരിച്ച ഒരു മധുരപ്പതിനേഴുകാരിയുടെ ചിത്രം! അതിന്റെ ചന്തം അല്പമൊന്ന് പരിശോധിച്ച് പിന്നേയും മിനുക്കുപണിയിലേർപ്പെടുന്നു.

രഘു മുറിയിലേക്ക് കടന്നുവരുന്നു. മുഖത്ത് വിഷാദത്തിനു പകരം ഗൗരവമാണ്. രഘുവിന്റെ സാന്നിധ്യം അറിഞ്ഞിട്ടും അറിയാത്ത മട്ടിലാണ് മധുവിന്റെ പെരുമാറ്റം. ധൃതിയിൽ ചിത്രം കമഴ്ത്തിവെക്കുന്നു. മൂളിപ്പാട്ട് പിന്നെയും തുടരുന്നു. രഘു മിണ്ടാതെ അങ്ങുട്ടുമിങ്ങുട്ടും നടക്കുകയാണ്. തന്റെ സാന്നിധ്യം മധു മനസ്സിലാക്കീട്ടില്ലെന്ന് കരുതി വിളിക്കുന്നു.

രഘു: മധൂ...

മധു: (കറങ്ങുന്ന കസേരയിലാണിരുപ്പ്. വിളികേട്ട് കസേര കറക്കിക്കൊണ്ട് രഘുവിനഭിമുഖമായി ഇരിക്കുന്നു. തെല്ലിട രഘുവിന്റെ മുഖത്തേക്ക് ഉറ്റുനോക്കുന്നു. പെട്ടെന്ന് കണ്ട് മുട്ടിയപോലെ ചോദിക്കുന്നു.) ആര്? ജ്യേഷ്ഠനോ?

രഘു: (ചോദ്യം തെല്ലും രസിക്കാത്ത മട്ടിൽ) നീ ഉറങ്ങുകയായിരുന്നോ?

മധു: ഇതെന്തു ചോദ്യം! ഒന്നാമത് ഇത് ഉറങ്ങേണ്ട സമയമാണോ?

രഘു: (രസിക്കാത്ത മട്ടിൽ) രണ്ടാമത്?

മധു: ഇതാണോ അതിനുള്ള സ്ഥലം?

രഘു: (നടക്കുന്നതിനിടയിൽ പെട്ടെന്ന് തിരിഞ്ഞുനോക്കി കുറച്ചുകൂടി ഉച്ചത്തിൽ) സ്ഥലവും സമയവുമൊക്കെ നീ ചിന്തിക്കാറുണ്ടോ?

മധു: (അമ്പരന്നു നോക്കുന്നു)

രഘു: നിന്റെ പാട്ടുകേട്ടാണ് ഞാനിങ്ങട്ട് വന്നത്... മധുരസ്വപ്നത്തിൽ മുഴുകി പാടുകയാണെന്ന് വിചാരിച്ചു.

മധു: മധുരസ്വപ്നമോ? (എഴുന്നേല്ക്കുന്നു. എഴുന്നേല്ക്കുമ്പോൾ കസേര ശക്തിയായൊന്നു കറക്കുന്നു. ആ കറങ്ങുന്ന കസേര ചൂണ്ടി പറയുന്നു.) ഇരിക്കു ജ്യേഷ്ഠാ.

രഘു: (കസേരയുടെ കറക്കം അസഹ്യതയോടെ നോക്കുന്നു) വേണ്ട (പിൻതിരിഞ്ഞു് നടക്കുന്നു.) അല്ലാതെതന്നെ ഞാൻ വേണ്ടത്ര ചുറ്റുന്നുണ്ട്. അതിലിരുന്നിട്ടുള്ള ചുറ്റൽകൂടി വേണ്ട. (തെല്ലിട നിശ്ശബ്ദത. തിരിഞ്ഞു് പിന്നെയും മധുവിനെ സമീപിക്കുന്നു.) ഈ മുറി എന്റേതായിരുന്ന ഒരു കാലമുണ്ട്. ഇതിലെ ഉപകരണങ്ങളോരോന്നും ഏനിക്ക് പ്രിയപ്പെട്ടതായിരുന്നു. ഈ കസേരയിൽ ധാരാളം ഞാനിരുന്നിട്ടുണ്ട്. സ്വപ്നം കണ്ട്, മൂളിപ്പാട്ടുപാടി ചുറ്റീട്ടുണ്ട്.

മധു: ഇത് സ്വപ്നം കാണാൻ പറ്റിയ കസേരയാണോ?

രഘു: അതെ മധു. അന്ന് ഞാനിരുന്നപ്പോൾ കസേര ചുറ്റി. അതിൽനിന്നെഴുന്നേറ്റപ്പോഴാണ് മനസ്സിലായത് എന്റെ തലയും ചുറ്റുന്നുണ്ടെന്ന്.

മധു: അതു കസേരയുടെ കുറ്റമല്ല.

രഘു: (പിന്നെ ആരുടേതെന്ന അർത്ഥത്തിൽ മധുവിനെ നോക്കുന്നു.)

മധു: ഇരിക്കുന്ന ആളുടെ കുറ്റമാണ്.

രഘു: നിന്നെപ്പോലുള്ള കേമന്മാർ ഇരുന്നാൽ ഒരു ദോഷവും വരില്ല; ഇല്ലേ? (അടുത്തുകിടക്കുന്ന ഒരു ചാരുകസേര വലിച്ചിട്ട് അതിൽ ചാരിയിരിക്കുന്നു! എന്നെപ്പോലുള്ളവർക്ക് ചേർന്ന കസേര ഇതാണ്; ഞാൻ ക്ഷീണിച്ചിരിക്കുന്നു...)

മധു: ഇത്രമാത്രം ക്ഷീണിക്കാനുള്ള പ്രായം ജ്യേഷ്ഠനായിട്ടില്ലല്ലോ.

രഘു: പ്രായമല്ല, അനുഭവമാണ് മനുഷ്യരെ ക്ഷീണിപ്പിക്കുന്നത്... അകാലനര, മുഖത്തെ ചുളി... ഇതൊക്കെ ദുരിതാനുഭവങ്ങളുടെ ലക്ഷണങ്ങളാണ്... അതുപോട്ടെ, ഞാൻ നിന്റെ മുൻപിൽ പരാതി പറയാൻ വന്നതല്ല... എനിക്ക് ബഹളംകൂട്ടാതെ ചില കാര്യങ്ങൾ നിന്നോട്ട് പറയാനുണ്ട്.

മധു: എന്തിന് ബഹളം കൂട്ടണം? എന്തു കാര്യമായാലും സാവകാശത്തിൽ പറഞ്ഞുകൂടെ?

രഘു: പറയാം... ഞാൻ ക്ഷണിച്ചവനാണ്. എനിക്ക് വേഗത്തിൽ ശുണ്ഠിവരും.

മധു: അതുകൊണ്ടെന്താ ജ്യേഷ്ഠനോട്ട് ശുണ്ഠിയെടുക്കാനും കയർക്കാനും എന്നെ ശിക്ഷിക്കാനും അധികാരമില്ലേ?

രഘു: അധികാരം സ്ഥാപിച്ചുകിട്ടുകയല്ല എന്റെ ആവശ്യം. കയർക്കലും ശുണ്ഠിയെടുക്കലും ശിക്ഷിക്കലുമൊന്നും എനിക്കറിയാത്തതല്ല. ഞാനതൊക്കെ കുറെയേ

റെ പയറ്റി തളർന്നവനാണ്...

മധു: ജ്യേഷ്ഠൻ പറഞ്ഞോളൂ. എനിക്കെന്തായാലും ശുണ്ഠിവരില്ല... ഇരുവശത്തും ശുണ്ഠി വന്നെങ്കിലല്ലേ കുഴപ്പമുള്ളൂ?

രഘു: ചിലപ്പോൾ ഒരു വശം മാത്രമുള്ള ശുണ്ഠികൊണ്ടും കുഴപ്പമുണ്ടാവും. അതുകൊണ്ട് നീ വേണ്ടതെന്തെന്നറിയാമോ? എന്നെ ശുണ്ഠിപിടിപ്പിക്കരുത്.

മധു: എന്നുവെച്ചാൽ ജ്യേഷ്ഠന് പറയുന്നതൊക്കെ ഞാൻ സമ്മതിക്കണം. അങ്ങനെയാണെങ്കിൽ കുറച്ച കടലാസെടുത്ത് എല്ലാമിങ്ങ് എഴുതിത്തരൂ... കീഴെ ഞാനൊപ്പ വച്ചേക്കാം.

രഘു: (ഗൗരവം) തുടക്കംതന്നെ അത്ര പന്തിയല്ലല്ലൊ. വേണമെങ്കിൽ എഴുതാനും ഒപ്പുവെപ്പിക്കാനുമെനിക്കു കഴിയും; അത് നിനക്കറിഞ്ഞുകൂടെ? (എഴുന്നേല്ക്കുന്നു.)

മധു: (മിണ്ടുന്നില്ല)

രഘു: അതു കൂടാതെ കഴിക്കാനാണ് ഇത്രയും മുഖവുരയായ പറഞ്ഞത്.

മധു: (ഒന്നും മിണ്ടാതെ കസേരയിൽ ചെന്നിരിക്കുന്നു.)

രഘു: വാദപ്രതിവാദംകൊണ്ട് ഇതൊരു കോടതിമുറിയാക്കാൻ ഞാൻ വിചാരിക്കുന്നില്ല.

മധു: (തല താഴ്ത്തിയിരിക്കുന്നു. കസേര പതുക്കെ കറക്കുന്നു.)

രഘു: പരസ്പരം തുറന്നുപറയേണ്ട കാര്യങ്ങൾ മൂടിവെക്കുന്നതാണ് കുഴപ്പം. നമ്മൾ പഠിച്ചതങ്ങിനെയാണ്. എല്ലാം മൂടി വെക്കുക; (തന്നത്താനെന്നപോലെ) ഉള്ളു തുറന്ന് പറയുകയും ധാരാളം ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ മൂടിവെക്കുക. അറിഞ്ഞവർ ചോദിക്കില്ല; ആവശ്യക്കാർ പറയുകയുമില്ല. കീഴ്‌വഴക്കം അട്ടിമറിഞ്ഞു പോവില്ലേ? സമുദായത്തെ താങ്ങിനിർത്തുന്ന നെടുംതൂണ് ഇടിഞ്ഞുപോവില്ലേ?

മധു: (തലയുയർത്തി) ഈ പറയുന്നതിന്റെയൊക്കെ അർത്ഥമെന്താണ്?

രഘു: (തിരിഞ്ഞുനിന്നു) പറഞ്ഞുതരാം. നിന്റെ മനസ്സിന്റെ ഉള്ളറകൾ മുഴുവൻ അടച്ചുപൂട്ടിയിരിക്കയാണ്. നിന്റെ വിചാരങ്ങളും ആഗ്രഹങ്ങളും അതിനകത്താണ്.

മധു: ജ്യേഷ്ഠാ, എന്റെ മനസ്സ്, എന്റെ ആഗഹം, എന്റെ വിചാരം... ഇതൊക്കെ എന്റേതല്ലേ? പിന്നെന്തിന് നിങ്ങളൊക്കെ വിഷമിക്കണം.

രഘു: ഒരു കുടുംബത്തിൽ യോജിപ്പോടെ കഴിയണമെങ്കിൽ വിചാരങ്ങളും ആഗ്രഹങ്ങളുമൊക്കെ നിയന്ത്രിക്കേണ്ടിവരും.

മധു: ഞാൻ നിയന്ത്രണം വിട്ട് ഇന്നുവരെ ഒരാഗ്രഹത്തിന്റ പിന്നാലെയും ഓടീട്ടില്ല.

രഘു: (രൂക്ഷമായി നോക്കുന്നു.) എന്നുവെച്ചാൽ ഞാനോടിട്ടുണ്ടെന്ന്.

മധു: അതു ഞാൻ പറഞ്ഞില്ല.

രഘു: അതെ, ഞാനോടീട്ടുണ്ട്; ഉരുണ്ടുവിണിട്ടുണ്ട്; എനിക്ക് പരിക്കുപറ്റിട്ടുണ്ട്. ആ അനുഭവം ചവച്ചിറക്കിക്കൊണ്ടാണ് ഞാൻ പറയുന്നത്. ഇനി എല്ലാം തു

റന്നു പറഞ്ഞ് എല്ലാവരുടെയും ഏകോപിച്ച അഭിപ്രായം നേടിയല്ലാതെ ഈ കുടുംബത്തിലൊരു വിവാഹം നടക്കാൻ പാടില്ല.

മധു: (എഴുന്നേറ്റ്) വിവാഹമോ?

രഘു: അതെ; വിവാഹം. തുറന്നു പറയൂ. ജ്യേഷ്ഠനും അനുജനും തമ്മിൽ പറയാൻ പാടില്ലാത്ത യാതൊന്നും വിവാഹത്തിലില്ല... പ്രായപൂർത്തിയായാൽ ഏതു ജീവിയും ഇണയെത്തേടി നടക്കും. അതു പ്രകൃതി നിയമമാണ്. അമ്മയ്ക്കും അച്ഛനും അമ്മാമനും ജ്യേഷ്ഠനുമെല്ലാം അതറിയാം. പിന്നെന്തിനീ ഒളിച്ചുകളി?

മധു: ഞാനെന്താണ് പറയേണ്ടത്?

രഘു: എല്ലാം പറയൂ... (അല്പം ശാന്തനാവുന്നു. കസേരയിൽ വന്ന് വീണ്ടും ഇരിക്കുന്നു.) തുറന്നുപറയാത്തതുകൊണ്ടുള്ള കുഴപ്പം ഞാനിന്നനുഭവിക്കുന്നു. മൂടിവെച്ച് മൂടിവെച്ച് ഒരു ദിവസം അഗ്നിപർവതംപോലെ അതങ്ങ് പൊട്ടി. എന്റെ അഭിലാഷത്തിന് മുൻപിൽ എല്ലാവരും കീഴടങ്ങി...

മധു: അപ്പോൾ ഞാനൊന്നു ചോദിക്കട്ടെ ജ്യേഷ്ഠാ?

രഘു: (എന്തെന്നർത്ഥത്തിൽ നോക്കുന്നു.)

മധു: ഈ കുഴപ്പങ്ങളൊക്കെ വന്നുചേർന്നത് അഭിപ്രായം തുറന്നു പറയാത്തതുകൊണ്ടാണോ?

രഘു: അതെ.

മധു: ഞാനത് വിശ്വസിക്കുന്നില്ല. അഭിപ്രായം തുറന്ന് പറഞ്ഞാലും ഇല്ലെങ്കിലും ജ്യേഷ്ഠൻ അനുരാഗത്തിന്റെ പിന്നാലെ പോവുമായിരുന്നില്ലേ? ജ്യേഷ്ഠന്റെ ആഗ്രഹം അച്ഛനനുവദിക്കുമായിരുന്നില്ലേ?

രഘു: അങ്ങനെയൊരാഗ്രഹം മനസ്സിൽ തലയുയർത്തുമ്പോൾത്തന്നെ ഞാനച്ഛനോട് പറയേണ്ടതായിരുന്നു. അച്ഛന്റെ അഭിപ്രായം തേടേണ്ടതായിരുന്നു.

മധു: എന്നാൽ?

രഘു: നമ്മേക്കാൾ അനുഭവം അച്ഛന് കൂടും. ഞാൻ അച്ഛന്റെ ഉപദേശം സ്വീകരിക്കേണ്ടതായിരുന്നു. അതുകൊണ്ട്?

മധു: (ഇടയിൽ കേറി) അതുകൊണ്ട്?

രഘു: എല്ലാം എന്നോട് നീ തുറന്നു പറയൂ. അച്ഛനോടു പറയു, നിന്റെ സ്നേഹിതന്മാരോടു പറയു, എല്ലാവരോടും പറയൂ...

മധു: (ചിരിക്കുന്നു.)

രഘു: എന്നിട്ടെല്ലാവരുടേയും അഭിപ്രായം എന്തെന്ന് മനസ്സിലാക്കു.

മധു: (അല്പംകൂടി കൂടുതലായി ചിരിക്കുന്നു.)

രഘു: (രൂക്ഷമായി മധുവിനെ നോക്കുന്നു.) ഇങ്ങനെ ചിരിക്കുന്നതിന്റെ അർത്ഥം?

മധു: (പെട്ടെന്ന് ചിരി നിയന്ത്രിച്ച്) ഒന്നുമില്ല... ജ്യേഷ്ഠന്റെ നിർദ്ദേശപ്രകാരമായാൽ എങ്ങിനെയിരിക്കും വിവാഹമെന്ന് ഞാനൊന്നാലോചിക്കുകയായിരു

ന്നു. അച്ഛനോട്ട്, അമ്മയോട്ട്, ജ്യേഷ്ഠാനുജന്മാരോട്ട്, ബന്ധുക്കളോട്ട്, സുഹൃത്തുക്കളോടൊക്കെ അന്വേഷിക്കുക, എന്നിട്ടവരുടെ അഭിപ്രായം ആരായുക; എന്നല്ലേ ജ്യേഷ്ഠൻ പറഞ്ഞതു്?

രഘു: അതെ.

മധു: അപ്പോൾ ചെറിയൊരു കുഴപ്പമുണ്ടാവും.

രഘു: എന്തു് കുഴപ്പം?

മധു: അച്ഛനും അമ്മയ്ക്കും രണ്ടഭിപ്രായമായിരിക്കും. ജ്യേഷ്ഠാനുജന്മാർ യോജിക്കില്ല. ബന്ധുക്കളും സ്നേഹിതന്മാരും അഭിപ്രായത്തിൽ ഭിന്നിച്ചുനില്ക്കും… അപ്പോൾ…

രഘു: (ഇടയിൽ കടന്നു്) അങ്ങനെ സംഭവിക്കുമ്പോൾ ഭൂരിപക്ഷം സ്വീകരിക്കണം.

മധു: (ചിരിച്ചുകൊണ്ടു്) ഏതാണ്ടൊരു ചെറിയ ഇലക്ഷൻതന്നെ-ജ്യേഷ്ഠാ, ഇതൊന്നും പ്രയോഗികമാണെന്നു് ഞാൻ വിശ്വസിക്കുന്നില്ല. ചില വീട്ടിൽ ഈ അഭിപ്രായം ബാലട്ടുസമ്പ്രദായത്തിൽ രേഖപ്പെടുത്താൻ അവസരം കൊടുത്താൽ ഫലമെന്തായിരിക്കുമെന്നു് ജ്യേഷ്ഠനറിയാമോ?

രഘു: (മുഖത്തേക്കു് നോക്കുന്നു.)

മധു: എല്ലാവരും ഒറ്റക്കെട്ടായിനിന്നു് വിവാഹത്തെ എതിർത്തിട്ടുണ്ടാവും. കാരണം, പ്രായപൂർത്തിവന്ന ഒരു പുരുഷൻ അദ്ധ്വാനിക്കാനും സമ്പാദിക്കാനും കഴിവുള്ളൊരു പുരുഷൻ, കുടുംബത്തിൽനിന്നു് വിട്ടുപോകുന്നതാർക്കും ഇഷ്ടമല്ല. എല്ലാവരും ഫലേച്ഛയോടെയാണു് എല്ലാവരേയും നോക്കുന്നതു്… ഉപകരണങ്ങൾക്കെന്നപോലെ മനുഷ്യനും ഇവിടെ ഏതാണ്ടൊരങ്ങാടിനിലവാരമുണ്ടു്. അതു് മാറണം. അതു് മാറിയാൽ ഇതൊന്നും പിന്നെയൊരു പ്രശ്നമല്ല.

രഘു: ഈവക പ്രശ്നങ്ങളൊന്നും ഈ വീട്ടിലില്ലല്ലൊ.

മധു: എല്ലാ വീടും ഭരിക്കുന്നതു് നമ്മുടെ അച്ഛനല്ലല്ലൊ.

രഘു: അച്ഛൻ നന്നായാൽ മാത്രം പോരാ.

മധു: മക്കളെ നന്നാക്കുന്നതച്ഛനാണു്.

രഘു: തികച്ചും ഞാനതു് സമ്മതിക്കാനൊരുക്കമില്ല. മക്കളുടെ സ്വഭാവരൂപീകരണത്തിൽ അച്ഛനും ഒരു വലിയ പങ്കുണ്ടെന്നുമാത്രം. ഈ നാട്ടിലെ കാര്യമെടുക്കു… നമ്മുടെ അച്ഛനാരാണു്.

മധു: സ്നേഹസമ്പന്നൻ.

രഘു: പോരാ തന്റെ വീട്ടിൽ മാത്രമല്ല, മനുഷ്യസമുദായത്തിൽ മുഴുവനും കുഴപ്പങ്ങളുണ്ടാവരുതെന്നു് ആഗ്രഹിക്കുന്നൊരു മഹാനാണു് നമ്മുടെ അച്ഛൻ. എവിടേയും സ്നേഹവും സമാധാനവും വളർന്നുകാണാൻ അച്ഛൻ മോഹിക്കുന്നു. മക്കളെ വളർത്തുകയല്ല; അവരെ വളരാൻ സഹായിക്കുകയാണു് നമ്മുടെ അച്ഛൻ. (ആവേശത്തോടെ) എന്നിട്ടു്. എന്നിട്ടു് എന്താണച്ഛന്റെ അനുഭവം?

മധു: (മിണ്ടുന്നില്ല.)

രഘു: പറയൂ; നിന്റെ നോട്ടത്തിൽ കാണുന്നതും നിനക്കു് തോന്നുന്നതും പറയൂ.

മധു: ഈ നിസ്സരങ്ങളായ അനുഭവങ്ങൾ വെച്ചുകൊണ്ട് അച്ഛനെ അളക്കാൻ ഞാനൊരുക്കമില്ല.

രഘു: ഈ വീട്ടിൽ നാം സമാധാനലംഘനമുണ്ടാക്കുന്നു. അച്ഛന്റെ വിശ്വാസങ്ങൾക്ക് ഇളക്കംതട്ടുമാറ് നമ്മൾ തെറ്റായ വഴിക്ക് സഞ്ചരിക്കുന്നു.

മധു: ഞാനങ്ങനെ വിശ്വസിക്കുന്നില്ല.

രഘു: ഞാൻ വിശ്വസിക്കുന്നു! ഈ വീട്ടിൽ കഴിച്ചുകൂട്ടുന്ന ഒരോ നിമിഷവും ഞാൻ ഉരുകിയുരുകി തീരുകയാണ്. എല്ലാവർക്കും മാതൃകയായി മക്കളെ വളർത്താൻ ശ്രമിച്ച അച്ഛനെ ഞാൻ വേദനിപ്പിച്ചു. ഈ വീട്ടിൽ ഞാൻ സമാധാനലംഘനമുണ്ടാക്കി. അച്ഛന്റെ ആദർശങ്ങൾ വെറും സ്വപ്നമാണെന്ന് മറ്റുള്ളവരെക്കൊണ്ട് പരിഹസിപ്പിച്ചു.

മധു: നല്ല ആദർശങ്ങളെല്ലാംതന്നെ ആരംഭദശയിൽ പരാജയപ്പെടുകയാണ് പതിവ്. (എഴുന്നേറ്റ് പതുക്കെ നടക്കുന്നു.)

രഘു: ഇത് പരാജയപ്പെട്ടതല്ല. മനഃപൂർവം പരാജയപ്പെടുത്തിയതാണ്. (അസ്വസ്ഥനായി നടന്നുകൊണ്ട്) ഈ ദുർഭഗനായ മകൻ, (പിന്നെയും നടക്കുന്നു; തെല്ലിട നിശ്ശബ്ദത; മധുവിനെ സമീപിക്കുന്നു; ശാന്തവും സ്ഫുടവുമായ സ്വരത്തിൽ പറയുന്നു.) അതുകൊണ്ട് മധു, അച്ഛനോട് നമുക്കുള്ള കടമ നീയെങ്കിലും നിറവേറ്റണം.

മധു: ഏത് വഴിക്ക്?

രഘു: നിനക്ക് മനസ്സിലായില്ലേ?

മധു: ഇല്ല.

രഘു: എങ്കിൽ കേട്ടോളു; എന്റെ വിവാഹജീവിതം പരാജയപ്പെട്ടത് എന്റെ കുറ്റം കൊണ്ടു മാത്രമല്ല; ശാന്തയുടെ കുറ്റം കൊണ്ടുമല്ല; ഒരു വിവാഹംകൊണ്ട് രണ്ട് കുടുംബമാണ് ചേരുന്നത്. അപ്പോൾ അതിലെ എല്ലാ ഘടകങ്ങളെപ്പറ്റിയും നല്ലപോലെചിന്തിക്കണം... രണ്ടു സമ്പ്രദായങ്ങൾ തമ്മിൽ ഇടഞ്ഞപ്പോഴാണ് ഞാൻ പരാജയപ്പെട്ടത്. എനിക്കുമാത്രം അതിലൊന്നും ചെയ്യാൻ കഴിഞ്ഞില്ല; അതുപോലെ ശാന്തയ്ക്കും. ഇനിയൊരിക്കലും അങ്ങനെയൊരു തെറ്റ് ആവർത്തിക്കാനിടവരരുത്.

മധു: മനഃപൂർവം തെറ്റാരെങ്കിലും ചെയ്യാറുണ്ടോ?

രഘു: (കനത്ത സ്വരത്തിൽ) ഉണ്ട്, നീ ചെയ്യുന്നുണ്ട്.

മധു: (അല്പം അമ്പരപ്പോടെ) ഞാനോ?

രഘു: അതെ; നീ തന്നെ. കുഴപ്പങ്ങൾ കണ്ടുകൊണ്ട് നീയെന്തിനിത് ചെയ്യണം?

മധു: എന്ത്?

രഘു: അച്ഛന്റെ മുഖത്തുനിന്നുതന്നെ ഞാനെല്ലാം കേട്ടു. അച്ഛന്റെ വേദന നീ മനസ്സിലാക്കുന്നില്ല.

മധു: അച്ഛനെ വേദനപ്പെടുത്താൻ എനിക്കുദ്ദേശമില്ല.

രഘു: നീ എല്ലാവരെയും വേദനപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കയാണ്. നിന്നെത്തന്നെയും.

മധു: ജ്യേഷ്ഠനൊരു കാര്യം ചെയ്യുമോ?

രഘു: എന്താണ്?

മധു: എന്റെ കാര്യത്തിൽ ഉത്കണ്ഠപ്പെടാതിരിക്കുക.

രഘു: (കൂടുതൽ ഗൗരവം) എന്ത്?

മധു: ജ്യേഷ്ഠനല്ലേ അല്പനിമിഷം മുൻപേ പറഞ്ഞത്, പ്രായപൂർത്തിവന്നാൽ ഏത് ജന്തുവും ഇണയെ തേടുമെന്ന്.

രഘു: (രൂക്ഷമായി നോക്കുന്നു.)

മധു: സമയം വന്നപ്പോൾ ഞാനുമത് ചെയ്തു; അന്വേഷണങ്ങൾക്കുശേഷം ഇണയെ കണ്ടെത്തുകയും ചെയ്തു.

രഘു: (കൂടുതൽ ഗൗരവം) ഞാനതറിഞ്ഞുകൊണ്ടുതന്നെയാണ് വന്നത്.

മധു: എന്നാലിനി ഞാനൊന്നും പറയേണ്ടതില്ലല്ലോ.

രഘു: (കൂടുതൽ ഗൗരവം) ഇനിയാണ് നീ പറയേണ്ടത്.

മധു: ജ്യേഷ്ഠൻ പറഞ്ഞുതരൂ.

രഘു: നീ മീനുവിനെ കല്യാണം കഴിക്കില്ലെന്ന് പറയണം.

മധു: (അല്പം പുച്ഛം കലർന്ന ചിരിയോടെ) കാരണം?

രഘു: (കൂടുതൽ ഗൗരവം) കാരണം ഇനിയും നിന്നെ പഠിപ്പിക്കേണ്ടതുണ്ടോ? പാടില്ല; അതുതന്നെ...

മധു: അറിഞ്ഞേടത്തോളമുള്ള കാരണങ്ങളൊന്നും എന്നെ ബാധിക്കുന്നതല്ല! ഞാനതിന് വില കല്പിച്ചിട്ടില്ല.

രഘു: (കൂടുതൽ ഗൗരവം) നമ്മുടെ അച്ഛനുവേണ്ടിയാണ് ഞാനിത് പറയുന്നത്. (കഠിനമായ ദുഃഖം) അമ്മയില്ലാത്ത നമ്മളെ ക്ലേശിച്ച് വളർത്തി എല്ലാ സ്വാതന്ത്ര്യവും അനുവദിച്ചുതന്നു. ഇന്നാട്ടിലിന്നോളം ഇങ്ങിനെയൊരച്ഛൻ മക്കളെ വളർത്തിയിട്ടുണ്ടാവില്ല... സ്നേഹവും ശാന്തിയും നിറഞ്ഞ ഈ വീട്ടിൽ ബഹളവും കണ്ണീരും നെടുവീർപ്പും ഞാൻ സൃഷ്ടിച്ചു... ഇവിടുത്തെ അന്തരീക്ഷത്തിൽ അതിപ്പോഴും തങ്ങിനില്ക്കുന്നു (കൂടുതൽ വ്യസനം). സ്നേഹസമ്പനായ അച്ഛൻ അതൊക്കെ നിശ്ശബ്ദമായി സഹിച്ചു. ഒരക്ഷരം മറുത്ത് പറയാതെ (തെല്ലിട മൗനം; ഗൗരവവും ക്രോധവും കലർന്ന സ്വരത്തിൽ). എടാ ഇനിയും അച്ഛനെ വേദനിപ്പിക്കാൻ ഞാൻ അനുവദിക്കില്ല. (ഓടിച്ചെന്ന് മധുവിന്റെ ഷർട്ട് മാറോട് ചേർത്തു പിടിക്കുന്നു.) അച്ഛനുവേണ്ടി; നമ്മുടെ പ്രിയപ്പെട്ട അച്ഛനുവേണ്ടി, അദ്ദേഹത്തിന്റെ അഭിമാനത്തിനുവേണ്ടി; ഉം... പറയൂ... (പല്ലുകടിച്ച്) വേഗത്തിൽ പറയൂ...

മധു: (ഒട്ടും പരിഭ്രമിക്കാതെ രഘുവിന്റെ മുഖത്തുനോക്കി നിൽക്കുന്നു.)

രഘു: (ഒന്നു കുലുക്കി) അച്ഛനോട്ട് നിനക്ക് നീതിചെയ്യാൻ വയ്യേ?

പെട്ടെന്ന് ശങ്കരക്കുറുപ്പ് കടന്നുവരുന്നു. മുഖത്ത് പതിവുപോലുള്ള ശാന്തിയും അമ്പരപ്പില്ലായ്മയും.

ശങ്കരക്കുറുപ്പ്: (കടന്നുവന്ന് തെല്ലിട സംശയിച്ചുനിന്ന് അധികാരസ്വരത്തിൽ വിളിക്കുന്നു.) **രഘു.**

രഘു: (വിളികേട്ട് ഞെട്ടി പിടിവിടുന്നു. അച്ഛന്റെ മുഖത്തുനോക്കാൻ തന്റേടമില്ലാതെ മാറിനില്ക്കുന്നു.)

ശങ്കരക്കുറുപ്പ്: (രണ്ടുപേരുടേയും മധ്യത്തിലേക്കു വരുന്നു.)

മധു: (അല്പം പിന്നോട്ട് മാറിനില്ക്കുന്നു.)

ശങ്കരക്കുറുപ്പ്: (അല്പമൊരു ചിരിയോടെ) **ബലപരീക്ഷയാണോ? നിങ്ങൾക്ക് ഗുസ്തിയറിയാമെന്ന് ഞാൻ മനസ്സിലാക്കിയില്ല. ഗുസ്തിപിടുത്തത്തിന്ന് എവിടേയും വലിയ മാർക്കറ്റാണ്. ഒരു പ്രധാനമന്ത്രിക്കും കിട്ടാത്ത സ്വീകരണമാണ് മികച്ച ഗുസ്തിക്കാർക്ക് ഈ ലോകത്തിലെവിടെയും കിട്ടുന്നത്...** (രണ്ടുപേരേയും മാറിമാറി നോക്കുന്നു.)

രഘു: (തല താഴ്ത്തുന്നു.)

ശങ്കരക്കുറുപ്പ്: **എനിക്കൊന്നേ നിങ്ങളോട് പറയാനുള്ളു. ഗുസ്തിയെങ്കിൽ ഗുസ്തി. അതാരംഭിക്കുന്നപക്ഷം ലോകപ്രശസ്തിയാർജിക്കാൻ നിങ്ങൾ ശ്രമിക്കണം. ഈ വീടിന്റെ നാല് ചുമരുകൾക്കുള്ളിൽനിന്ന് ഗുസ്തി നടത്തിയാൽ കാണാനാളുണ്ടാവില്ല. ഒരു വയസ്സനായ അച്ഛനിരുന്ന് കാണുമ്പോൾ നിങ്ങൾക്കാവേശമുണ്ടാവില്ല.** (നടന്ന് മധുവിന്റെ തിരിയുന്ന കസേരയിൽ ചെന്നിരിക്കുന്നു; ഒന്ന് തിരിയുന്നു.) **ഭേഷ്! ഇതിലിരുന്നാൽ ക്ഷണത്തിലൊന്ന് ലോകം ചുറ്റാൻ കഴിയും.** (ഒന്നുകൂടി ചുറ്റുന്നു. ഇത്തവണ കാബിനറ്റിനഭിമുഖമായി ഇരിക്കുന്നു. മധു വരച്ചുവെച്ച ചിത്രമെടുക്കുന്നു. അത് നിവർക്കുന്നു.)

മധു: (പരവശനും ലജ്ജിതനുമാവുന്നു.)

ശങ്കരക്കുറുപ്പ്: (കടലാസ്സ് നോക്കിക്കൊണ്ടെഴുന്നേല്ക്കുന്നു; മുൻപോട്ട് വരുന്നു; രഘുവിനെ സമീപിക്കുന്നു. തോളിൽ കൈവെച്ച് പതുക്കെ വിളിക്കുന്നു.) **രഘൂ.**

രഘു: (തലയുയർത്തി നോക്കുന്നു. കണ്ണിൽ കുറച്ചു വെള്ളമുണ്ട്.)

ശങ്കരക്കുറുപ്പ്: **നിന്റെ അനുജൻ ഒരു കലാകാരൻ കൂടിയാണ്. നിനക്കതറിയുന്നത് സന്തോഷമല്ലേ?** (മധു വരച്ച ചിത്രം രഘുവിനും സദസ്യർക്കും കാണത്തക്കവിധം നിവർത്തിപ്പിടിക്കുന്നു.)

മധു: (തലതാഴ്ത്തി നില്ക്കുന്നു.)

ശങ്കരക്കുറുപ്പ്: (മധുവിനെ തിരിഞ്ഞ് നോക്കുന്നു.) **കലാകാരന്മാർക്ക് പ്രോത്സാഹനമാണാവശ്യം... അതുകൊണ്ട് ഞാനിവിടെ നമുക്കൊക്കെ കാണാൻ പാകത്തിലൊരിടത്ത് തൂക്കട്ടെ. മേശപ്പുറത്തുനിന്ന് മൊട്ടുസൂചിയെടുത്ത് ചിത്രം ചുമരിൽ തൂക്കുന്നു. ചിത്രത്തിൽതന്നെ നോക്കിക്കൊണ്ട് എന്റെ മകന് വാസനയുണ്ട് ഇല്ലേ രഘൂ?** (നടന്ന് രഘുവിന്റെ സമീപത്തേക്ക് വരുന്നു.)

രഘു: (ചിത്രത്തിൽ നോക്കി അസഹ്യമായ ഭാവത്തോടെ) ഇത് കലയ്ക്കുള്ള പ്രോത്സാഹനമല്ലച്ഛാ. ഇവന്റെ കൊള്ളരുതായ്മയ്ക്കുള്ള പ്രോത്സാഹനമാണ്.

ശങ്കരക്കുറുപ്പ്: ഒരവധിവരെ നിന്റെ കൊള്ളരുതായ്മയെ ഞാൻ പ്രോത്സാഹിപ്പിച്ചില്ലേ? ഇനി ഇവന്റെ ഊഴമാണ്.

രഘു: ഈ വീട്ടിലെന്തോ പന്തികേടുണ്ടച്ഛാ.

ശങ്കരക്കുറുപ്പ്: അതെന്തെന്ന് നിനക്ക് മനസ്സിലായോ?

രഘു: ഇല്ലച്ഛാ... അതാണ് ഞാനാലോചിക്കുന്നത്.

ശങ്കരക്കുറുപ്പ്: വിഷമിക്കേണ്ട, ഞാൻ പറഞ്ഞുതരാം. മറ്റു പല വീടുകളിലുള്ള സമ്പ്രദായം ഇവിടെയില്ല. എന്നുവെച്ചാൽ ഇവിടെ മക്കൾ തടവുകാരല്ല.

രഘു: മക്കളിവിടെ നിയന്ത്രണമില്ലാത്ത മനുഷ്യരാണ്.

ശങ്കരക്കുറുപ്പ്: എവിടേയും അങ്ങിനെയാണ്. പക്ഷേ, മറ്റുള്ള സ്ഥലത്ത് അതിങ്ങനെ പുറത്തുകാണില്ല. അവിടെ ഭീഷണിയും സമ്മർദ്ദവുമുണ്ടാവും. ഇവിടെ സമാധാനം വേണമെന്ന് ഞാനാഗ്രഹിച്ചു. അതുകൊണ്ട് നിങ്ങളെന്നെ പിരിഞ്ഞുപോയില്ല. ഭീഷണിയും സമ്മർദ്ദവുമുള്ള സ്ഥലത്ത് മക്കൾ അച്ഛന്മാരെ പിരിഞ്ഞുപോകും.

രഘു: അടുത്തുനിന്ന് ദ്രോഹിക്കുന്നതിലും ഭേദം പിരിഞ്ഞ് പോകലല്ലേ?

ശങ്കരക്കുറുപ്പ്: നിനക്കങ്ങിനെ തോന്നുന്നുണ്ടോ?

രഘു: ഇല്ലച്ഛാ.

ശങ്കരക്കുറുപ്പ്: മതി, ഞാൻ ജയിച്ചു. എന്റെ പരീക്ഷണം ജയിച്ചു. (തിരിഞ്ഞുനിന്ന്) മധൂ!

മധു: അച്ഛാ.

ശങ്കരക്കുറുപ്പ്: നിന്റെ ഉദ്ദേശം ഇവിടെ എല്ലാവരും അറിഞ്ഞുകഴിഞ്ഞു. അച്ഛനെന്ന നിലയിൽ എനിക്കിതാണ് നിന്നോട്ട് പറയാനുള്ളത്. നീയൊരു പെണ്കുട്ടിയെ സ്നേഹിക്കുന്നത് തെറ്റല്ല. നീ സ്നേഹിക്കുകയല്ലേ ചെയ്തത്? ദ്രോഹിക്കുകയല്ലല്ലോ... സ്നേഹിച്ചതോ സ്നേഹിക്കുന്നതോ തെറ്റാണെന്ന് ഞാൻ പറയില്ല. എന്നല്ല, ഭാര്യയെന്ന നിലയിൽ ഒരു പെണ്കുട്ടിയെ സ്നേഹിക്കുന്നതോടെ നിന്റെ ചുമതല അവസാനിക്കുന്നില്ല, നിങ്ങൾ രണ്ടുപേരും എന്റെ മക്കളെന്ന നിലയിൽ എല്ലാവരേയും സ്നേഹിക്കുകയും ഒന്നിനേയും വെറുക്കാതിരിക്കുകയും വേണം. (രഘുവും മധുവും അറിയാതെ അച്ഛനെ സമീപിക്കുന്നു.) ഒരു കാര്യംകൂടി നിന്റെ ഈ പുതിയ ബന്ധം ഇപ്പോഴുള്ള കലഹം വർദ്ധിക്കാനിടയാക്കരുത്. കൂട്ടുകെട്ടുകളും ബന്ധങ്ങളും സമാധാനം വളർത്താനുമുള്ളതാവണം. അറ്റുപോയ സ്നേഹബന്ധങ്ങളെ അത് കൂട്ടിച്ചേർക്കണം...

മധു: (വികാരവായ്പോടെ വിളിക്കുന്നു.) അച്ഛാ.

ശങ്കരക്കുറുപ്പ്: (മധുവിന്റെ തലയിൽ തൊട്ടുഴിയുന്നു. സ്നേഹവായ്പോടെ രഘുവിനെ

നോക്കുന്നു.) എല്ലാവരേയും സ്നേഹിക്കാൻ ശ്രമിക്കൂ! ഈ വിഷമം പരിഹരിക്കാനുള്ള മാർഗം അതാണ്.

— യവനിക —

— 6 —

രംഗം 5

നാരായണമേനോന്റെ വീട്.

രണ്ടാംരംഗത്തിൽ കണ്ട സ്ഥലംതന്നെ. സമയം ഉച്ചതിരിഞ്ഞ് നാലു മണി. കല്യാണിക്കുട്ടിയമ്മ, കൈയിൽ ഏതാനും കളിക്കോപ്പുകളും വാരിയെടുത്ത് പരുങ്ങിക്കൊണ്ട് വരുന്നു. ചുറ്റും നോക്കി വിളിക്കുന്നു...

കല്യാണിക്കുട്ടിയമ്മ: മീനു... മോളേ, മീനൂ...

മീനു: (അകത്തുനിന്ന്) എന്താമ്മേ.

കല്യാണിക്കുട്ടിയമ്മ: ഇവിടെ വാ.

മീനു: (ബദ്ധപ്പെട്ട് വന്ന്) എന്തിനാമ്മേ വിളിച്ചത്?

കല്യാണിക്കുട്ടിയമ്മ: (കളിക്കോപ്പുകൾ മേശപ്പുറത്തുവെച്ച്) നീയിതൊക്കെ എവിടേങ്കിലും ഒന്നൊളിപ്പിച്ചു വെക്കു...

മീനു: ഇതെന്തിനമ്മേ ഒളിപ്പിച്ചുവെക്കുന്നത്?

കല്യാണിക്കുട്ടിയമ്മ: ആ ദുഷ്ടൻ വന്ന് മോനെ എടുത്തുകൊണ്ടുപോയതിൽപ്പിന്നെ ഈ കളിക്കോപ്പുകളും വെച്ച് കരഞ്ഞോണ്ടിരിക്ക്യല്ലേ. അവള് കുളിക്കാറുണ്ടോ? ഉണ്ണാറുണ്ടോ? ഇത് കാണുന്തോറും അവൾക്ക് സങ്കടം വർദ്ധിക്ക്യാ.

മീനു: ഇതു കാണാഞ്ഞാലാവും ഏട്ടത്തിക്ക് സങ്കടം വർദ്ധിക്ക്യാ.

കല്യാണിക്കുട്ടിയമ്മ: പറയുന്നതൊന്നതനുസരിക്കു നീ. എന്തൊരാപത്താണ് ഈ കുടുംബത്തിന് വന്നുചേർന്നത്.

മീനു: ആ ആപത്ത് അമ്മ പെരുപ്പിക്കേണ്ട.

കല്യാണിക്കുട്ടിയമ്മ: പറയുന്നതനുസരിക്ക്യോ നീ... അവൾ കുളിമുറിയിൽ പോയ സമയം നോക്കി ഞാനിതെടുത്തുകൊണ്ടു പോന്നതാ.

മീനു: അമ്മേ ഈ കളിക്കോപ്പുള്ളതുകൊണ്ടാ ഏട്ടത്തിക്ക് ഭ്രാന്തെടുക്കാത്തത്.

കല്യാണിക്കുട്ടിയമ്മ: നിന്റെ കണ്ടുപിടുത്തം! ഇതുംവെച്ചിരുന്നാൽ അവൾ ഉരുമ്മിയുരുകി മരിക്കും.

മീനു: അമ്മ വേണ്ടാത്തതിനൊന്നും പോണ്ടാ. അതവിടെത്തന്നെ വെച്ചേക്കു. (അകത്തുനോക്കി പരിഭ്രമിച്ച്) അതാ ഏട്ടത്തി ഇങ്ങോട്ട് വരുന്നുണ്ട്.

കല്യാണിക്കുട്ടിയമ്മ: (എന്ത് ചെയ്യണമെന്നറിയാതെ വിഷമിക്കുന്നു.) വലഞ്ഞല്ലോ ആകപ്പാടെ. ഇതിനി അവളെ കാണിച്ചാൽ പറ്റില്ലല്ലോ. (എല്ലാംകൂടി വാരി മേശയിലിട്ടടച്ച്, ഒന്നും അറിയാത്ത മട്ടിൽ നില്ക്കുന്നു.)

മീനു: അമ്മേ, ഇതാപത്തിനാണ്.

കല്യാണിക്കുട്ടിയമ്മ: നിന്നോടാ മിണ്ടാതിരിക്കാൻ പറഞ്ഞത്.

ശാന്ത കടന്നുവരുന്നു. കുടുതൽ ചടച്ചിട്ടുണ്ട്. മുഖത്ത് നിരാശയും വ്യസനവും നിഴലിക്കുന്നു. ആ കണ്ണുകൾ പരിഭ്രാന്തമായി എന്തോ തേടിക്കൊണ്ടിരിക്കുകയാണ്. കടന്നുവന്നതും കല്യാണിക്കുട്ടിയമ്മയുടെയും മീനുവിന്റെയും മുഖത്ത് മാറി മാറി തുറിച്ച് നോക്കുന്നു.

ശാന്ത: അമ്മേ, ഞാനിനി അധികം ജീവിക്കില്ല... പിന്നെ എന്തിനെന്നെ കൊല്ലുന്നു.

കല്യാണിക്കുട്ടിയമ്മ: (ഒരപരാധിയെപ്പോലെ അടുത്തേക്കു വന്ന്) നിന്നെ കൊല്ലുന്നോ മോളേ, ആര് കൊല്ലുന്നു?

ശാന്ത: നിങ്ങളെല്ലാവരുംകുടി എന്നെ കൊല്ലുന്നു.

കല്യാണിക്കുട്ടിയമ്മ: നീയെന്തൊക്ക്യാ ഈ പറയുന്നത്?

ശാന്ത: (മീനുവിനോട്ട്) മീനു നീയും എന്നെ കൊല്ലാൻ സഹായിക്ക്യാണോ? ആണോ മീനു?

മീനു: ഇല്ലേട്ടത്തി, ഞാനൊന്നും ചെയ്തിട്ടില്ല.

ശാന്ത: എനിക്കറിയാം നിങ്ങളെല്ലാരുംകൂടി എന്തൊക്ക്യൊ ചെയ്യുന്നുണ്ട്. (തൊണ്ടയിടറി) എന്റെ മകനെ നിങ്ങളെനിക്ക് തരുന്നില്ല... എന്നാൽ അവന്റെ കളിക്കോപ്പെങ്കിലും എനിക്ക് തന്നൂടെ... ഏ? ഏ? (കല്യാണിക്കുട്ടിയമ്മയോട്ട്) പറയൂ അമ്മേ, എന്നെ എന്തിനിങ്ങനെ കൊല്ലുന്നു?

കല്യാണിക്കുട്ടിയമ്മ: ഈശ്വരാ, ഞാനൊന്നും വിചാരിച്ചിട്ട് ചെയ്തതല്ലേ? എന്റെ മോളിങ്ങനെയായാൽ എനിക്കെന്താ ഒരു സുഖം. ഇതൊക്കെ ഒന്നു മറക്കു മോളേ.

ശാന്ത: എവിടെ എന്റെ മോന്റെ കളിക്കോപ്പ് നിങ്ങളാദ്യം അവനെ പിടിച്ചുപറിച്ചെടുത്തു. പിന്നെ അതും നശിപ്പിച്ചു. പറയൂ അമ്മേ! എവിടെ എന്റെ മോന്റെ കളിക്കോപ്പ്?

കല്യാണിക്കുട്ടിയമ്മ: നീ കുളിച്ച് ഊണുകഴിക്ക്യോ?

ശാന്ത: അമ്മ അതെനിക്കു തരൂ... എന്നെ ഇങ്ങനെ കൊല്ലരുതമ്മേ.

കല്യാണിക്കുട്ടിയമ്മ: മോളേ ഇതൊക്കെ ഞങ്ങളാരും വരുത്തീട്ട് വന്നതല്ലല്ലോ...

ശാന്ത: അമ്മ തരില്ലേ? തരില്ലേ അമ്മേ. കല്യാണിക്കുട്ടിയമ്മ; നീയുണ്ട് കഴിക്ക്യോ?

ശാന്ത: (മീനുവിനോട്ട് ഒരു കൊച്ചുകുട്ടിയെപ്പോലെ) മീനു, നീയെന്റെ അനിയത്തിയല്ലേ? അല്ലേ മീനു. നീയും എന്നെ കൊല്ലാൻ പുറപ്പാടാണോ? പറയൂ മോളേ, നിന്റെ ഏട്ടത്തിയെ നീ കൊല്ലാൻ തീരുമാനിച്ചോ?

മീനു: (വല്ലാത്ത അസ്വസ്ഥതയോടെ) അങ്ങ് കൊടുക്കു അമ്മേ അത്. ഉം (ഓടിച്ചെന്ന് മേശയിൽനിന്ന് കളിക്കോപ്പുകൾ വാരി പുറത്തിടുന്നു.)

ശാന്ത: (ആർത്തിയോടെ ഓടിച്ചെന്ന് അതു വാരി മാറോടണയ്ക്കുന്നു. അല്പനേരം അങ്ങിനെനിന്ന് ആശ്വാസം കൊള്ളുന്നു.) ഓ! ഞാൻ വിചാരിച്ചു ചതിച്ചെന്ന്... പതുക്കെ തിരിഞ്ഞു പുറത്തേക്ക് നടക്കുന്നു.

മീനു: (പിന്നാലെ ചെന്ന്) ഏട്ടത്തീ!

ശാന്ത: (ഉറക്കത്തിലെന്നപോലെ) ഏ? എന്താ?

മീനു: ഏട്ടത്തി എന്റെ കൂടെ വരൂ.

ശാന്ത: എങ്ങട്ട്?

മീനു: എങ്ങട്ടായാലും ഏട്ടത്തിക്ക് എന്റെ കൂടെ വന്നുകൂടെ?

ശാന്ത: ഓ! വരാം (തല കുലുക്കുന്നു.)

മീനു: (മുൻപിൽ കടന്ന് അകത്തേക്കു നടക്കുന്നു)

ശാന്ത: (നിന്നനിലയിൽ അനങ്ങാതെ) അങ്ങട്ടാണോ?

മീനു: അതെ വരൂ.

കല്യാണിക്കുട്ടിയമ്മ: (അടുത്തുചെന്ന്) അതെ മോളെ, നീ ചെന്ന് കുളിച്ച് ഊണ് കഴിക്കൂ. എത്ര ദിവസമായി നീയൊന്നു ഉണ്ടിട്ട്.

മീനു: വരൂ ഏട്ടത്തി.

ശാന്ത: വേണ്ട മീനൂ, നമുക്ക് വേറെ എങ്ങട്ടെങ്കിലും പോകാം. ഇവിടെ വേണ്ട. ഇത് നരകാണ്. നരകം! ഇവിടെ കഴിച്ചു കൂട്ടാൻ വയ്യ.

മീനു: (തിരിച്ചുവന്ന്) എങ്ങട്ട് പോകാനേട്ടത്തീ?

ശാന്ത: എങ്ങോട്ടെങ്കിലും. എനിക്കിവിടെ ഒരു നിമിഷം പാർക്കാൻ വയ്യ. ശ്വാസം മുട്ടുന്നു. മീനു ശ്വാസം മുട്ടി മുട്ടി ഞാൻ മരിക്കും.

മീനു: (പതുക്കെ പിന്നിൽ കൈചേർത്ത് തള്ളിക്കൊണ്ട്) ഏട്ടത്തീ അകത്തേക്ക് നടക്കൂ. കുറച്ചു കഴിഞ്ഞിട്ട് നമുക്കെവിടെ വേണന്നിച്ചാൽ പോകാം.

ശാന്ത: നേരായിട്ടും പോവ്വോ?

മീനു: പോവും.

ഈ അവസരത്തിൽ പുറത്തുനിന്ന് ഭയങ്കരമായൊരു ശബ്ദം കേൾക്കുന്നു. നാരായണമേനോന്റെ ശബ്ദമാണത്.

നാരായണമേനോൻ: എവിടെ? എന്റെ തോക്കെവിടെ?

ശാന്തയൊഴിച്ച് എല്ലാവരും ഞെട്ടിത്തിരിഞ്ഞുനോക്കുന്നു. ശാന്ത കളിക്കോപ്പുകൾ മാറോടണച്ചുപിടിച്ച് കുഞ്ഞിനെ താലോലിക്കു ന്നപോലെ താലോലിച്ചുകൊണ്ട് ഒന്നും ശ്രദ്ധിക്കാതെ പതുക്കെ അകത്തേക്ക് കടന്നു പോകുന്നു.

നാരായണമേനോൻ ദുശ്ശാസനനെപ്പോലെ അലറിക്കൊണ്ട് വരുന്നു.

കല്യാണിക്കുട്ടിയമ്മ: (മീനുവിനെ പിടിച്ച് തള്ളി) അകത്ത് പോവൂ മോളേ.

മീനു: എന്തിനമ്മേ?

കല്യാണിക്കുട്ടിയമ്മ: അച്ഛനാണാവരുന്നത്.

മീനു: അതിന് ഞാൻ ഓടിപ്പോണോ? ഞാൻ പോവില്ല. ഇവിടെ നില്ക്കും. (ഉറച്ചു നില്ക്കുന്നു.)

നാരായണമേനോന്റെ അലർച്ചയ്ക്ക് പിന്നാലെ വേഷവും പ്രത്യക്ഷപ്പെടുന്നു. അങ്ങേയറ്റം കലികൊണ്ടിരിക്കുന്നു. വന്ന ഉടനെ കൈയിലുള്ള ശീലക്കുട ഒരു ഭാഗത്ത് വലിച്ചെറിയുന്നു. കല്യാണിക്കുട്ടിയമ്മ ഒന്നും മനസ്സിലാവാതെ അമ്പരക്കുന്നു.

നാരായണമേനോൻ: എവിടെ? എവിടെയെന്റെ തോക്ക്? എവിടെയെന്നാ ചോദിച്ചത്.

കല്യാണിക്കുട്ടിയമ്മ: ഏന്തൊക്ക്യാ ഈ കാണിക്കുന്നത്?

നാരായണമേനോൻ: ഞാൻ മനസ്സിലാക്കിത്തരാം സകലതിനേം വെടിവെച്ചുകൊണ്ട് ഈ വീട്ടിന് ഞാനിന്ന് തീകൊളുത്തും.

കല്യാണിക്കുട്ടിയമ്മ: കുറെ ഭേദം അതാണ്. ഇങ്ങനെ ജീവിച്ചത് മതി.

നാരായണമേനോൻ: മതിയാക്കിത്തരാം. ഒന്നിനേം ബാക്കിവെക്കാതെ ഞാനിന്നു കൊല്ലും.

കല്യാണിക്കുട്ടിയമ്മ: എന്തിനേ ഇങ്ങനെ മേലോട്ടും കീഴോട്ടും ചാടുന്നത്?

നാരായണമേനോൻ: ഏ? ഏ? ചോദിക്കു നിന്റെ മോളോട് ചോദിക്കു. ആ ഓമനപ്പുത്രിയോട് ചോദിക്കു.

കല്യാണിക്കുട്ടിയമ്മ: വെടിവെക്കാനും കൊല്ലാനും മറ്റും അവളെന്താ കുറ്റം ചെയ്തത്. ഏ?

നാരായണമേനോൻ: നിന്റെ മക്കള് കുററമല്ലാത്തത് വല്ലതും ചെയ്തിട്ടുണ്ടോ? (മീനവിനെ രൂക്ഷമായി നോക്കി) ഇവിടെ വാടി ഇവിടെ വാ.

കല്യാണിക്കുട്ടിയമ്മ: ഇതാ അവളെ തല്ലേം മറ്റും ചെയ്യരുതേ.

നാരായണമേനോൻ: തള്ളേ തല്ലിയാലൊന്നും അവള് പഠിക്കില്ല. അവളെ ഞാനിന്ന് കൊല്ലും.

മീനു: (അടുത്തേക്ക് വരുന്നു.)

കല്യാണിക്കുട്ടിയമ്മ: (നാരായണമേനോന്റേയും മീനുവിന്റേയും നടുവിലേക്കു വന്ന്) മോളേ, നീയകത്തേക്ക് പൊയ്ക്കോളൂ.

മീനു: അച്ഛനെന്തിനേ വിളിച്ചതെന്ന് ചോദിക്കട്ടെ.

നാരായണമേനോൻ: (പരിഹാസസ്വരത്തിൽ) എന്റെ പൊന്നുമോളെ കണ്ട് സന്തോഷിക്കാൻ... (പല്ലുകടിച്ച്) നിന്നോടെന്തേ ഞാൻ പറഞ്ഞത്.

മീനു: അച്ഛനെന്തേ പറഞ്ഞത്?

നാരായണമേനോൻ: പെണ്ണിന് ഉശിരുണ്ടല്ലൊ. കാട്ടിത്തരാം ഞാൻ. നീ തോന്ന്യാസം കാട്ടരുതെന്ന് ഞാൻ പറഞ്ഞിട്ടില്ലേ?

മീനു: ഞാനൊന്നും തോന്ന്യാസം കാട്ടീട്ടില്ല.

നാരായണമേനോൻ: ഇല്ലേ? കാട്ടീട്ടില്ലേ? നിന്റെ ഏട്ടത്തീടെ വഴിക്ക് നീ പോവാൻ തുടങ്ങിയാൽ നിന്നെ ഞാൻ കൊല്ലുമെന്ന് പഠഞ്ഞിട്ടില്ലെ?

മീനു: പറഞ്ഞിട്ടുണ്ട്.

നാരായണമേനോൻ: ആഹാ! നീ സമ്മതിക്കുന്നോ? എന്തേ നീയെന്നിട്ട് കാട്ടിയത്?

മീനു: ഞാൻ എന്തേ കാട്ടിയതെന്ന് അച്ഛൻതന്നെ പറയൂ.

നാരായണമേനോൻ: എടീ ഒരുത്തി ഇവിടെ അനാഥപ്രേതമായിട്ട് കിടക്കുന്നുത് നീ കണ്ടില്ലേ? ഒരാണും പെണ്ണും കെട്ടവൻ അവളെ വശീകരിച്ച് നശിപ്പിച്ചു. അത് കണ്ടുകൊണ്ടല്ലേ നീയും ഈ അവിവേകത്തിന് പുറപ്പെട്ടത്.

കല്യാണിക്കുട്ടിയമ്മ: അവളെന്തവിവേകത്തിനാ പുറപ്പെട്ടത്?

നാരായണമേനോൻ: അവളോട് ചോദിക്കു.

കല്യാണിക്കുട്ടിയമ്മ: വല്ലവരും വല്ലതും പറയുന്നതുകേട്ട് ചാടിക്കളിക്കണോ? (മീനുവിനോട് എന്താ മോളേ ഇപ്പറയുന്നത്. നിനക്കു വല്ലതും അറിയോ?)

മീനു: അറിയും അമ്മേ.

നാരായണമേനോൻ: അ: കേട്ടില്ലേ? എന്താടീ പറ. കല്യാണിക്കുട്ടിയമ്മ: നിങ്ങൾ കേട്ടതെന്താ?

നാരായണമേനോൻ: എനിക്കത് വിചാരിക്കുമ്പോൾ കലി കേറുന്നു. ഇവൾ ആ ദുഷ്ടന്റെ അനിയനില്ലേ വേറൊരു തണ്ടുതപ്പി?

കല്യാണിക്കുട്ടിയമ്മ: ആര് മധുവോ?

നാരായണമേനോൻ: അതെ, അവൻ തന്നെ ആ കഴുതതന്നെ. ഇവളവന്റെ വലയിലും പെട്ടിരിക്കുന്നു.

കല്യാണിക്കുട്ടിയമ്മ: ഈശ്വരാ എന്തൊക്കെയാണീ കേൾക്കുന്നത്. ആപത്തിന് മേലേ ആപത്ത്. ഇത് സത്യാണോ? മോളേ?

മീനു: അതെ അമ്മെ.

നാരായണമേനോൻ: ഫൂ! വായടക്ക്! എന്റെ ജീവനുള്ളപ്പോൾ ഞാനത് സമ്മതിക്കില്ല.

മീനു: സ്നേഹിക്കുന്നതൊരു കുറ്റമാണോ അച്ഛാ?

നാരായണമേനോൻ: കൊല്ലുന്നതും ഒരു കുറ്റമല്ല. നിന്നെ ഞാൻ കൊല്ലും.

മീനു: അച്ഛൻ കൊന്നോളു.

നാരായണമേനോൻ: നിന്റെ സമ്മതം ഇല്ലാഞ്ഞിട്ടല്ല. എടി നിന്നോട് ഞാനൊരു പ്രാവശ്യംകൂടി പറയുന്നു നീയവനെ സ്നേഹിക്കാൻ പാടില്ല.

മീനു: അച്ഛാ ഞാൻ വിവാഹം വേണമെന്ന് പറയുന്നില്ല.

നാരായണമേനോൻ: നീയെന്നെ അനുസരിക്കുന്നതാണ് നല്ലത്. നീ അവനെ സ്നേഹിക്കാൻ പാടില്ല.

മീനു: അച്ഛനത് പറയരുത്. സ്നേഹിക്കുന്നതിലെന്താണ് തെറ്റ്? നാരായണമേനോൻ :എന്തെടി പറഞ്ഞത്. ഏ... ഏ? (പാഞ്ഞടുക്കുന്നു തല്ലുന്നു.)

കല്യാണിക്കുട്ടിയമ്മ: എനിക്കിതൊന്നും കാണാൻ വയ്യെ. അകത്തേക്ക് പൊയ്ക്കോളു മോളേ. (തള്ളിക്കൊണ്ടുപോകുന്നു.)

നാരായണമേനോൻ: (ദേഷ്യം സഹിക്കാതെ) എവിടെ എന്റെ തോക്ക്, അവളെ കൊന്നിട്ടിന്നു കാര്യം. (ഓടി പത്തായപ്പുരയുടെ അകത്തേക്ക് കേറുന്നു.)

കല്യാണിക്കുട്ടിയമ്മ: (മീനുവിനെ തള്ളിക്കൊണ്ട്) അകത്തുചെന്ന് എവിടെങ്കിലും ഒളിച്ചോളൂ... ദേഷ്യം പിടിച്ചാൽ അച്ഛന്റെ സ്വഭാവം അറിയില്ലേ?

മീനു: എന്നെ കൊന്നോട്ടെ.

നാരായണമേനോന്റെ അട്ടഹാസം പത്തായപ്പുരയിൽനിന്നു കേൾക്കുന്നു.

കല്യാണിക്കുട്ടിയമ്മ: (പരിഭ്രമിച്ച്) അതാ തോക്കുംകൊണ്ടാണ് വരുന്നത്! ഇതൊക്കെ കാണാനും അനുഭവിക്കാനും യോഗം വന്നല്ലോ. നടക്കു! അകത്തേക്ക്. (ബലം പ്രയോഗിച്ച് തള്ളി അകത്തേക്കു കൊണ്ടുപോകുന്നു. അകത്തുനിന്ന് വാതിലടച്ച് സാക്ഷയിടുന്നു.)

(നാരായണമേനോൻ തോക്കുംകൊണ്ട് പത്തായപ്പുരയിൽനിന്ന് പുറത്തേക്കു ചാടുന്നു. വാതിലിനുനേരെ ചെന്നപ്പോൾ അതടച്ച് സാക്ഷയിട്ടതുകണ്ട് കൂടുതൽ ശുണ്ഠിയെടുക്കുന്നു. വാതിലിന്നിടിച്ചുകൊ

ണ്ട് അലറുന്നു.) ഉം! തുറക്കാൻ, ഇല്ലെങ്കിൽ ഞാൻ ചവുട്ടിപ്പൊളിക്കും. ഉം! തുറക്കാൻ. (പിന്നേയും ഇടിക്കുന്നു.) ശങ്കരക്കുറുപ്പ് പുറത്തുനിന്ന് കടന്നുവരുന്നു. നാരായണമേനോന്റെ ശ്രദ്ധയാകർഷിക്കാൻ വേണ്ടി ചുമയ്ക്കുന്നു. നാരായണമേനോൻ ചുമ കേട്ട് തിരിഞ്ഞുനോക്കുന്നു. ശങ്കരക്കുറുപ്പിനെക്കണ്ട് ആദ്യം അമ്പരക്കുന്നു. പിന്നീട് ആ അമ്പരപ്പ മാറി, ശുണ്ഠിയും അവജ്ഞയും മുഖത്ത് നിഴലിക്കുന്നു. ശങ്കരക്കുറുപ്പ് നാരായണമേനോന്റെ മുഖത്തുനോക്കി ചിരിക്കുന്നു. നാരായണമേനോൻ മുഖം തിരിക്കുന്നു. ശങ്കരക്കുറുപ്പ് മുൻപോട്ട് വരുന്നു. ഒരു കസേര അല്പം മുന്നോട്ട് വലിച്ചിട്ട് അതിലിരിക്കുന്നു. നാരായണമേനോൻ അസഹ്യമായവിധം നോക്കുന്നു. ഒന്നും മിണ്ടാതെ അങ്ങുമിങ്ങും നടക്കുന്നു.

ശങ്കരക്കുറുപ്പ്: (സ്നേഹാദരങ്ങളോടെ) എന്താ മേന്നേ ഇത്?

നാരായണമേനോൻ: (തിരിഞ്ഞുനിന്ന് രൂക്ഷമായി നോക്കുന്നു.) ഇതോ? മനസ്സിലായില്ലേ? തോക്ക്!

ശങ്കരക്കുറുപ്പ്: അത്രമാത്രം മനസ്സിലായി.

നാരായണമേനോൻ: അതിലപ്പുറവും മനസ്സിലാക്കണോ?

ശങ്കരക്കുറുപ്പ്: വേണം.

നാരായണമേനോൻ: ഇതിന്റെ പ്രയോജനമാണോ മനസ്സിലാക്കേണ്ടത്?

ശങ്കരക്കുറുപ്പ്: അതെ.

നാരായണമേനോൻ: ഇതുവരെ മനസ്സിലായിട്ടില്ലെങ്കിൽ ഇനിയത് മനസ്സിലാവില്ല.

ശങ്കരക്കുറുപ്പ്: (അല്പമൊരു ചിരിയോടെ) ഇല്ല, എനിക്ക് തോക്കിന്റെ പ്രയോജനം മനസ്സിലാവില്ല.

നാരായണമേനോൻ: അത് നിങ്ങളുടെ കുറ്റമല്ല.

ശങ്കരക്കുറുപ്പ്: പിന്നെ?

നാരായണമേനോൻ: ഇതു മനുഷ്യരുടെ ആയുധമാണ്.

ശങ്കരക്കുറുപ്പ്: എന്നുവെച്ചാൽ ഞാൻ മനുഷ്യനല്ലെന്നോ? (നേരിയചിരി) അങ്ങനെയെങ്കിൽ അങ്ങനെ. മനുഷ്യർക്ക് ഇതത്രമേൽ ഒഴിച്ചുകൂടാത്തതാണോ?

നാരായണമേനോൻ: മൃഗങ്ങൾക്കായുധം വേണ്ട. അവയ്ക്ക് കൊമ്പും നഖവും തേറ്റയുമൊക്കെ ദൈവംതന്നെ കൊടുത്തിട്ടുണ്ട്.

ശങ്കരക്കുറുപ്പ്: അപ്പോൾ, മൃഗങ്ങൾക്ക് കൊമ്പും നഖവും തേറ്റയുമുള്ളതിന്ന് പകരമാണോ മനുഷ്യർക്കീ തോക്ക്?

നാരായണമേനോൻ: (മിണ്ടുന്നില്ല.)

ശങ്കരക്കുറുപ്പ്: തോക്കുണ്ടായാൽ മനുഷ്യൻ മൃഗത്തിന് സമമായി, എന്നുവെച്ചാൽ തുല്യമായി, എന്നല്ലേ നിങ്ങൾ പറഞ്ഞത്? (ഒന്നു കൂടി ഭംഗിയായി ചിരിച്ച് ശബ്ദം മയപ്പെടുത്തി ചോദിക്കുന്നു.) അലോഗ്യം തോന്നരുത്; നാരായണമേനോൻ എന്തിനേ ഇപ്പോൾ മൃഗത്തിന് തുല്യമായത്?

നാരായണമേനോൻ: (അകത്തുള്ള നീരസവും വെറുപ്പും മുഴുവൻ പുറത്തുകാട്ടിക്കൊണ്ട്) ഞാൻ മൃഗങ്ങളെ കൊല്ലാൻ പുറപ്പെട്ടതാണ്.

ശങ്കരക്കുറുപ്പ്: ഈ വീട്ടിൽ മൃഗങ്ങളുണ്ടോ?

നാരായണമേനോൻ: ഉള്ളതെല്ലാം മൃഗങ്ങളാണ്.

ശങ്കരക്കുറുപ്പ്: എന്നാൽ അവരുടെ കൈയിലെല്ലാം ഓരോ തോക്കു കാണുമല്ലോ.

നാരായണമേനോൻ: തോക്കോ, വാളോ എന്ത് കണ്ടാൽ നിങ്ങൾക്കെന്തു വേണം? നിങ്ങളെന്തിനിവിടെ വന്നു, അതു പറയൂ.

ശങ്കരക്കുറുപ്പ്: നിങ്ങളെ കാണാൻ.

നാരായണമേനോൻ: ആവശ്യം?

ശങ്കരക്കുറുപ്പ്: പലതുമുണ്ട്.

നാരായണമേനോൻ: വേഗം പറഞ്ഞുതീർക്കൂ.

ശങ്കരക്കുറുപ്പ്: ഇങ്ങിനെ ക്ഷോഭിച്ച് ആയുധവുമേന്തി നില്ക്കുന്നവരോട് വല്ലതും പറഞ്ഞിട്ട് കാര്യമുണ്ടോ?

നാരായണമേനോൻ: ഇല്ലെങ്കിൽ വേണ്ട.

ശങ്കരക്കുറുപ്പ്: ആദ്യം ആ ക്ഷോഭം കുറച്ചൊതുക്കൂ.

നാരായണമേനോൻ: സാധ്യമല്ല.

ശങ്കരക്കുറുപ്പ്: പിന്നെ ആയുധം ഉപേക്ഷിക്കൂ.

നാരായണമേനോൻ: എന്നിട്ട് കീഴടങ്ങുകയോ?

ശങ്കരക്കുറുപ്പ്: ആയുധം ഉപേക്ഷിക്കാൻ പറഞ്ഞത് കീഴടങ്ങാനല്ല. ആയുധം ഒരു ഭീഷണിയാണ്. ആ ഭീഷണി ഉപേക്ഷിക്കാനേ പറഞ്ഞുള്ളൂ.

നാരായണമേനോൻ: സാധ്യമല്ല. ഭീഷണിപ്പെടുത്താതെ ഇവിടെ ജീവിക്കാൻ പറ്റില്ല.

ശങ്കരക്കുറുപ്പ്: (എഴുന്നേറ്റ് നാരായണമേനോന്റെ അടുത്തുചെന്ന്) ഇതിലും വലിയൊരു തോക്ക് എന്റെ കൈയിലുണ്ടായാൽ വലിയ ഭീഷണി എന്റേതായില്ലേ? അപ്പോൾ ആയുധത്തിന് ശക്തിയുണ്ടെന്ന് പറഞ്ഞത് വെറുതെയല്ലേ?

നാരായണമേനോൻ: (മനസ്സിലാവാത്ത മട്ടിൽ) എന്ത്?

ശങ്കരക്കുറുപ്പ്: വലിയ ആയുധമെവിടെയുണ്ടോ, കൂടുതൽ ആയുധമെവിടെയുണ്ടോ ജയം അവിടെയായിരിക്കും.

നാരായണമേനോൻ: നിങ്ങളെന്നെ വാദിച്ച് ജയിക്കാൻ വന്നതാണോ?

ശങ്കരക്കുറുപ്പ്: അല്ല.

നാരായണമേനോൻ: എന്നാൽ മിണ്ടാതെ കടന്നുപോയ്ക്കോളൂ. ഇതെന്റെ കുടുംബ കാര്യമാണ്. ഇതിൽ പുറമേയുള്ളവർക്ക് കൈയിടേണ്ട ആവശ്യമില്ല.

ശങ്കരക്കുറുപ്പ്: കുടുംബത്തു് വെട്ടിക്കൊലയും വെടിവെപ്പും നടക്കുമ്പോൾ പുറമെയു ള്ളവർ കൈയും കെട്ടി നോക്കിനില്ക്കണോ?

നാരായണമേനോൻ: വേണ്ടിവരും.

ശങ്കരക്കുറുപ്പ്: രാജ്യകാര്യങ്ങളിൽക്കൂടി ഇന്നതു് പതിവില്ല; ഇക്കാലത്തു് തോന്നു മ്പോലെ പ്രവർത്തിക്കാൻ ആർക്കും അധികാരമില്ല…

നാരായണമേനോൻ: അധികാരമുണ്ടോ ഇല്ലയോ എന്ന് ഞാനൊന്നു നോക്ക ട്ടെ.

ശങ്കരക്കുറുപ്പ്: അതിരിക്കട്ടെ… ആയുധംകൊണ്ടുള്ള ജയം മനുഷ്യന്റേതല്ലെന്ന് നി ങ്ങൾ സമ്മതിക്കുന്നോ?

നാരായണമേനോൻ: നിങ്ങളുടെ അഭിപ്രായത്തിന് സമ്മതം മൂളാൻ വേറെ ആളെ അന്വേഷിച്ചോളൂ.

ശങ്കരക്കുറുപ്പ്: ഈ തോക്കുണ്ടായിട്ടും നിങ്ങൾക്ക് കണക്കിലേറെ ശുണ്ഠിയുണ്ടാ യിട്ടും, ഇതുവരെ നിങ്ങൾക്കെന്തു് നേടാൻ കഴിഞ്ഞു?

നാരായണമേനോൻ: (കലശലായ ശുണ്ഠിയോടെ നോക്കുന്നു.)

ശങ്കരക്കുറുപ്പ്: കുടുംബംഗങ്ങളെപ്പോലും ജയിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലേ.

നാരായണമേനോൻ: (കലിതുള്ളി) എങ്ങനെ കഴിയും? നിങ്ങളെപ്പോലുള്ളവർ ഗുരുത്വവും മര്യാദയുമില്ലാത്ത ആൺമക്കളെ കെട്ടഴിച്ചു വിട്ടാൽ?

ശങ്കരക്കുറുപ്പ്: അപ്പറഞ്ഞതു് മുഴുവൻ ശരിയല്ല. അവർക്ക് ഗുരുത്വവും മര്യാദയുമു ണ്ടോ എന്ന് തിരുമാനിക്കേണ്ടതു് അവരുടെ നടപടിക്രമംകൊണ്ടാണ്.

നാരായണമേനോൻ: (ഒട്ടും ശ്രദ്ധിക്കാതെ) എന്നിട്ട് ആ മക്കൾ മറ്റുള്ളവരുടെ കുടുംബത്തിൽ ആപത്തും അപമാനവുമുണ്ടാക്കുക.

ശങ്കരക്കുറുപ്പ്: (ശാന്തസ്വരത്തിൽ വിളിക്കുന്നു) മേനോനേ?

നാരായണമേനോൻ: (കേൾക്കാതെ) അവരെന്റെ കുടുംബം നശിപ്പിച്ചു. എന്നെ അപമാനിച്ചു. എല്ലാം കഴിഞ്ഞു് നിങ്ങളിവിടെ വന്ന് എന്നോട്ട് ആയുധം വെ ക്കാൻ പറയുന്നു.

ശങ്കരക്കുറുപ്പ്: ആയുധമാണ് നിങ്ങളെ തോല്പിച്ചതു്.

നാരായണമേനോൻ: എന്റെ ശുണ്ഠി വർദ്ധിക്കുന്നുണ്ട്. ഞാൻ അവിവേകം വല്ല തും കാണിക്കും.

ശങ്കരക്കുറുപ്പ്: (ശ്രദ്ധിക്കാതെ) ആയുധത്തിന്റെ കാലം കഴിഞ്ഞു.

നാരായണമേനോൻ: (ഉറക്കെ) ഇല്ല.

ശങ്കരക്കുറുപ്പ്: മേനോനേ, ഇനിയെങ്കിലും നിങ്ങളാലോചിക്കൂ. സമയം വൈകീട്ടില്ല. ഇവിടെ കൊലയല്ല ആവശ്യം, രക്ഷയാണ്. രണ്ട് കുടുംബം ഇരുപുറത്തുനിന്നും

വേവുന്നു. പതുക്കെപ്പതുക്കെ നശിക്കുന്നു. നിങ്ങൾ തോക്കും പിടിച്ച് നടുവിൽ നില്ക്കുന്നു. അത് വലിച്ചെറിഞ്ഞ് കൈ ശുദ്ധമാക്കി. എന്റെ കൂടെ വരൂ. ഈ പ്രശ്നങ്ങളൊക്കെ ഒരു നിമിഷംകൊണ്ട് പരിഹരിക്കാം.

നാരായണമേനോൻ: (പുച്ഛവും ഈർഷ്യയും കലർന്ന സ്വരത്തിൽ) ഓ? വേദാന്തം പറയാൻ വന്നിരിക്കുന്നു! ഇവിടെനിന്ന് പറിച്ചുകൊണ്ടുപോയ ആ കുട്ടിയെ എല്ലാവരുംകൂടികൊന്നില്ലേ.

ശങ്കരക്കുറുപ്പ്: ഇല്ലല്ലൊ. അതിന്റെ രക്ഷയുംകൂടിയാണ് ഞാനാവശ്യപ്പെടുന്നത്. ഈ തോക്കുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് കരുതുന്നത് വിഡ്ഢിത്തമാണ്.

നാരായണമേനോൻ: ആ കുട്ടി ജീവിക്കണമെന്നില്ല. മരിക്കട്ടെ; കൂട്ടത്തിൽ ഇവിടെയുള്ളവരും മരിക്കും.

ശങ്കരക്കുറുപ്പ്: അതെങ്ങനെ?

നാരായണമേനോൻ: ഞാൻ കൊല്ലും. ഇനി നിങ്ങളുടെ മക്കൾക്ക് എന്റെ കുടുംബത്തെ അപമാനിക്കാൻ കഴിയരുത്.

ശങ്കരക്കുറുപ്പ്: ഉചിതമായ തീരുമാനം! എല്ലാവരേയും കൊന്നിട്ട് പ്രശ്നം പരിഹരിക്കുക... ഇരിക്കട്ടെ, നിങ്ങളുടെ ഈ വഴക്കിലൊന്നും പെടാത്ത ആ ചെറിയ കുട്ടിയുണ്ടല്ലൊ. അതിന്റെ രക്ഷയോർത്തെങ്കിലും ഞാൻ പറയുന്നത് കേൾക്കൂ.

നാരായണമേനോൻ: വേണ്ട, എല്ലാറ്റിനേയും രക്ഷിക്കാനാണീ തോക്ക്.

ശങ്കരക്കുറുപ്പ്: (സഹികെട്ട്) പിന്നേയും നിങ്ങൾ തോക്കിന്റെ കാര്യം പറയുന്നു.

നാരായണമേനോൻ: (ഓടി അടുത്തുചെന്ന് തോക്ക് പൊക്കിപ്പിടിച്ച് പറയുന്നു) നോക്കിക്കോളൂ, ഈ തോക്കുകൊണ്ട്, ഞാനിതിനൊക്കെ പരിഹാരം കാണും...

> പെട്ടെന്ന് പിറകിൽനിന്ന് വാതിൽ തുറക്കുന്ന ശബ്ദം കേട്ട് രണ്ടു പേരും തിരിഞ്ഞുനോക്കുന്നു. ശാന്ത, ഏതാണ്ടൊരു ചിത്തഭ്രമക്കാരിയെപ്പോലെ, തുറന്ന വാതിലിലൂടെ, പതുക്കെ അടിവെച്ച് മുൻപോട്ട് വരുന്നു. തലമുടി അഴിച്ച് പിറകിലോട്ടിട്ടത് കാറ്റിൽ പാറിപ്പറക്കുന്നു. കൊലമരത്തിലേക്കു നീങ്ങുന്ന ഒരു തടവുപുള്ളിയുടെ നോട്ടവും ഭാവവും. കളിക്കോപ്പുകൾ മാറോടടുപ്പിച്ചു പിടിച്ചിട്ടുണ്ട്.

ശങ്കരക്കുറുപ്പ്: (ശാന്തയെക്കണ്ട് സഹിക്കാനാവാത്ത വേദനയോടെ കസേരയിലിരിക്കുന്നു.)

നാരായണമേനോൻ: (ശുണ്ഠി വർദ്ധിച്ച് തോക്കുയർത്തി ശാന്തയുടെ നേർക്ക് തിരിഞ്ഞ് ഗർജിക്കുന്നു) ഉം! അകത്തേക്കു പോകാൻ.

ശാന്ത: (പതുക്കെപ്പതുക്കെ മുൻപോട്ട് വരുന്നു.)

നാരായണമേനോൻ: (പിന്നേയും ഗർജിക്കുന്നു) ശാന്തേ, അകത്തേക്ക് പോകാൻ! ഇനി ഒരടി മുൻപോട്ടുവെച്ചാൽ നിന്നെ ഞാൻ പുകച്ചുകളയും.

ശാന്ത: (തെല്ലിട ഒന്നും മനസ്സിലാവാതെ പകച്ചുനില്ക്കുന്നു.)

കല്യാണി:] (ഓടിവന്ന് ശാന്തയെ പിടിക്കുന്നു.) പോരൂ മോളേ, അകത്തേക്കു പോരൂ.

നാരായണമേനോൻ: (കൂടുതൽ ഉച്ചത്തിൽ ഗർജിക്കുന്നു) അമ്മയോടും മകളോടുമാണ് പറയുന്നത്; അകത്തേക്ക് പോകാൻ! വെറുതെ മരിക്കേണ്ട.

ശാന്ത: (കല്യാണിക്കുട്ടിയമ്മയുടെ പിടിവിടുവിച്ച് മുൻപോട്ട് നടക്കുന്നു.)

കല്യാണിക്കുട്ടിയമ്മ: (അന്തംവിട്ട് നില്ക്കുന്നു.)

ശാന്ത: (നടന്ന് മുൻപോട്ട് വരുന്നു. ശങ്കരക്കുറുപ്പിന്റേയും നാരായണമേനോന്റേയും മധ്യത്തിൽ വന്ന് നില്ക്കുന്നു. രണ്ടു പേരേയും മാറി മാറി നോക്കുന്നു. നോക്കുന്തോറും മുഖത്ത് വേദന മുറ്റിക്കൂടുന്നു. ക്രമേണ ആ കണ്ണുകൾ നിറയുന്നു. രണ്ടു കവിളിലും കണ്ണുനീർ കുത്തിയൊലിക്കുന്നു. തേങ്ങൽ വ്യക്തമായി കേട്ടുതുടങ്ങുന്നു. ശങ്കരക്കുറുപ്പിനെ ഇമവെട്ടാതെ തെല്ലിട നോക്കിനില്ക്കുന്നു. നിയന്ത്രണം വിട്ട് മുൻപോട്ട് ചായുന്നു. ശങ്കരക്കുറുപ്പിന്റെ കാലിൽ കെട്ടിപ്പിടിച്ച് തേങ്ങിത്തേങ്ങി കരയുന്നു.)

ശങ്കരക്കുറുപ്പ്: (സഹിക്കാൻ പാടില്ലാത്ത ദുഃഖത്തോടെ ചുണ്ട് കടിച്ചമർത്തുന്നു. ശാന്തയുടെ മൂർധാവിൽ വാത്സല്യത്തോടെ തടവിക്കൊണ്ട് വിളിക്കുന്നു.) മോളേ…

ശാന്ത: (അപ്പോഴും വിങ്ങി വിങ്ങി കരയുകയാണ്.)

നാരായണമേനോൻ: (ആ രംഗം കണ്ട് പകക്കുന്നു. സന്താനവാത്സല്യത്തിന്റെ ആത്യന്തികഭാവം, ആ സമ്മേളനത്തിലയാൾ കണ്ടെത്തുന്നു. ശാന്തയെ ചുട്ടുപുകയ്ക്കാനുയർത്തിയ തോക്ക് തനിയെ താഴുന്നു. തലചുറ്റി താഴെ വീണുപോകാതിരിക്കാനുള്ള ഒരു ഊന്നുവടിയായി അയാളതിനെ ഉപയോഗപ്പെടുത്തുന്നു.)

ശങ്കരക്കുറുപ്പ്: മോളേ, കരയാതിരിക്കൂ.

ശാന്ത: (മുഖമുയർത്തി ശങ്കരക്കുറുപ്പിനെ നോക്കുന്നു.) വയ്യച്ഛാ, വീർപ്പുമുട്ടുന്നു എനിക്കിത്തിരി ശുദ്ധവായു ശ്വസിക്കേണ്ടിയിരുന്നു.

ശങ്കരക്കുറുപ്പ്: അതേ മോളേ, നീ പറഞ്ഞത് ശരിയാണ്. ഇവിടുത്തെ വായുവിൽ വെടിമരുന്നിന്റെ ദുർഗന്ധമുണ്ട്. എങ്ങനെ വീർപ്പുമുട്ടാതിരിക്കും. (സ്നേഹവും ശാന്തിയും തുളുമ്പുന്ന സ്വരത്തിൽ) ശാന്തേ, സമാധാനിക്കൂ മോളേ.

ശാന്ത: വീർപ്പുമുട്ടി ഞാൻ മരിക്കാറായച്ഛാ. എന്നെ രക്ഷിക്കൂ.

ശങ്കരക്കുറുപ്പ്: മോളെ, നിന്നെ മാത്രമല്ല, വീർപ്പുമുട്ടുന്നവരെ മുഴുവൻ എനിക്ക് രക്ഷിക്കണമെന്നുണ്ട്. നീയാ കണ്ണീര് തുടയ്ക്കൂ. അച്ഛനത് കാണാൻ വയ്യ. (ശാന്തയുടെ കവിളിലെ കണ്ണീർ ഒപ്പിക്കൊടുക്കുന്നു.)

നാരായണമേനോൻ: (സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും പരിമളം പരക്കുന്ന ആ രംഗത്ത് അല്പാല്പം ശ്വാസംമുട്ടലനുഭവിച്ച് വിഷമിക്കുന്നു.)

ശങ്കരക്കുറുപ്പ്: എല്ലാവരേയും വെടിമരുന്നിന്റെ ദുർഗന്ധമില്ലാത്ത അഭയകേന്ദ്രത്തിലേക്ക് അച്ഛൻ കൊണ്ടുപോകാം.

ശാന്ത: താമസിക്കരുതച്ഛാ. ഇനിയത്തെ വീർപ്പുമുട്ടലിൽ എല്ലാവരും മരിക്കും. (പെട്ടെന്ന് എന്തോ ഓർത്തപോലെ) എന്റെ പൊന്നുമോൻ ജീവനോടെ ഇരിപ്പുണ്ടോ അച്ഛാ?

ശാന്ത: ഉണ്ട് മോളെ, അവൻ ആരോഗ്യത്തോടെ വളരണം; വലുതാതാവണം. അതിനുള്ള വഴിതേടാനാണ് ഞാൻ വന്നത്.

ശാന്ത: (എഴുന്നേല്ക്കുന്നു; കണ്ണുതുടയ്ക്കുന്നു.) എഴുന്നേല്ക്കു അച്ഛാ, എനിക്കവനെ കാണണം. അവനെന്റെ പ്രാണനാണ് അവനെ വാരിയെടുത്ത് അവന്റെ കവിളത്തും നെറ്റിയിലുമെനിക്കുമ്മവെക്കണം. (മുഖത്ത് സന്തോഷം പരക്കുന്നു ഉടനെ മായുന്നു. ഗദ്ഗദസ്വരത്തിൽ പറയുന്നു) ഓ! അവനെ കാണാതെ കഴിച്ച ഒരോ നിമിഷവും!

ശങ്കരക്കുറുപ്പ്: (പതുക്കെ എഴുന്നേൽക്കുന്നു) ശാന്തേ, എന്തബദ്ധമാണ് നിങ്ങളൊക്കെ കാണിച്ചത്? ഒരു ശൂണ്ഠിക്ക് ഒരു കൊലയെന്ന നിലയിൽ കാര്യങ്ങൾ നീങ്ങിയാൽ മനുഷ്യസമുദായം ഒടുങ്ങിപോവില്ലേ? അതുപോലെ ഒരു പിണക്കത്തിനൊരു വിവാഹമോചനമെന്ന നില വന്നാൽ ഒരു സ്ത്രീക്കെത്ര ഭർത്താക്കന്മാർ വേണം!

ശാന്ത: അച്ഛാ, എനിക്കൊന്നുമറിഞ്ഞുകൂടാ.

ശങ്കരക്കുറുപ്പ്: നിനക്കെന്നല്ല, ആർക്കും ഒന്നുമറിഞ്ഞുകൂടാ. അറിഞ്ഞുകൂടാത്തതിനെച്ചൊല്ലിയാണ് വഴക്കധികവും.

ശാന്ത: (തേങ്ങിക്കൊണ്ട്) എനിക്ക് ഭർത്താവില്ലെങ്കിലും വേണ്ട എന്റെ കുട്ടിയും...

ശങ്കരക്കുറുപ്പ്: എല്ലാം വേണം മോളെ. ഭർത്താവും കുട്ടിയും അച്ഛനും! എല്ലാം വേണം. (തിരിഞ്ഞുനിന്ന് നാരായണമേനവനോട്) നാരായണമേന്നേ, ഈ കുട്ടിയെ ഞാൻ രക്ഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. നിങ്ങൾക്ക് വിരോധമില്ലെങ്കിൽ നിങ്ങളേയും.

നാരായണമേനോൻ: (മിണ്ടാതെ തലതാഴ്ത്തി നില്ക്കുന്നു.)

ശങ്കരക്കുറുപ്പ്: വരൂ മോളെ, (ശാന്തയെ മുൻപിൽ നടത്തുന്നു. പിന്നാലെ നടക്കുന്നു. നാരായണമേനവന്റെ നേർക്ക് തിരിഞ്ഞ്) അച്ഛനമ്മമാരുടെ കൈകൾ അനുഗ്രഹിക്കാനുള്ളതാണ്; തോക്ക് പിടിക്കാനല്ല. നിങ്ങൾക്കിതൊന്നും മനസ്സിലാവുന്നില്ല; ഇല്ലേ? എങ്ങിനെ മനസ്സിലാവും; ശരീരത്തോടൊപ്പം മനസ്സും വളരാഞ്ഞാൽ? ഇനിയെങ്കിലും നിങ്ങളാലോചിക്കൂ? നിങ്ങൾക്കുതന്നെ നിങ്ങളെ രക്ഷിക്കാൻ കഴിയും.

മുൻപോട്ട് നടക്കുന്നു. രണ്ടുപേരും രംഗത്തുനിന്ന് പുറമേക്ക് പോകുന്നു; നാരായണമേനോന്റെ കൈയിൽനിന്ന് പിടിവിട്ട് തോക്ക് താഴെ വീഴുന്നു.)

— യവനിക —

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.